# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

### 2016 നവംബർ 22, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 164 - നമ്പർ 1

വില : ₹ 30

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

2016 നവംബർ 22, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

18/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ

## (അംഗങ്ങൾ)

1. ശ്രീ. അബ്ദുൽ ഹമീദ് .പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
8. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ് സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
22. ശ്രീമതി സി. കെ. ആശ (വൈക്കം- എസ് സി.)

23. ശ്രീ. കെ. ബാബു (നെന്മാറ)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി)
25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ് സി.)
26. ശ്രീ. വി. ടി. ബൽറാം (തൃത്താല)
27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)
29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
35. ശ്രീ. എൽദോസ് കുന്നപ്പിള്ളി (പെരുമ്പാവൂർ)
36. ശ്രീ. കെ. ബി.ഗണേഷ് കുമാർ (പത്തനാപുരം)
37. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ് സി.)
38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ് സി.)
41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
44. ഡോ. കെ. ടി. ജലീൽ (തവനൂർ)
45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

49. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

50. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

51. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

52. ശ്രീ. വി. ജോയി (വർക്കല)

53. ശ്രീ. ഒ.ആർ. കേളു (മാനന്തവാടി-എസ് ടി.)

54. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

55. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

56. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)

57. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

58. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ് സി.)

59. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

60. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

61. ശ്രീ. കെ. എം. മാണി (പാലാ)

62. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

63. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

64. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

65. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

66. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

67. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

68. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

69. ശ്രീ. എം. മുകേഷ് (കൊല്ലം)

70. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

71. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

72. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

73. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

74. ശ്രീ. സി. കെ. നാണു (വടകര)

75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

77. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

78. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

79. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

80. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

81. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)

82. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ് സി.)

83. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

84. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

85. ശ്രീ. ഒ. രാജഗോപാൽ (നേമം)

86. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

87. ശ്രീ. കെ. രാജൻ (ഒല്ലൂർ)

88. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ് സി.)

89. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ് സി.)

90. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

91. ശ്രീ. കെ. രാജു (പുനലൂർ)

92. ശ്രീ. രാജു എബ്രഹാം (റാന്നി)

93. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

94. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

95. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ (ചെങ്ങന്നൂർ)
96. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)
97. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
98. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)
99. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)
100. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)
101. ശ്രീ. റോജി എം. ജോൺ (അങ്കമാലി)
102. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
103. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)
104. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ് സി.)
105. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
106. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)
107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)
108. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)
109. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)
110. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ് സി.)
111. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
112. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)
113. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ് സി.)
114. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)
115. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)
116. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)
117. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)
118. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

119. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)
120. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)
121. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)
122. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)
123. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
124. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
125. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)
126. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)
127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
128. ശ്രീ. പി. തിലോത്തമൻ (ചേർത്തല)
129. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)
130. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)
131. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)
132. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)
133. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
134. ശ്രീ. എം. ഉമ്മർ (മഞ്ചേരി)
135. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)
136. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)
137. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ് സി.)
138. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)
139. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
140. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)
141. ശ്രീ. എം. വിൻസെന്റ് (കോവളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം
അഖിലേന്ത്യാ സർവ്വീസുകൾ
ആസൂത്രണവും സാമ്പത്തികകാര്യവും
ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി
സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്
പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ്  റിഫോംസ്
തെരഞ്ഞെടുപ്പ്
ഇന്റഗ്രേഷൻ
ഇൻഫർമേഷൻ ടെക്നോളജി
സൈനികക്ഷേമം
ദുരിതാശ്വാസം
സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി
എയർപോർട്ട്സ്
മെട്രോ റെയിൽ
അന്തർ സംസ്ഥാന നദീജലം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്
നോർക്ക
ആഭ്യന്തരം
വിജിലൻസ്
അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്
അഗ്നിശമനം
ജയിലുകൾ
അച്ചടിയും സ്റ്റേഷനറിയും
യുവജനകാര്യം,
മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ
വ്യവസായം (വ്യവസായ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ)
വാണിജ്യം
മൈനിംഗ് & ജിയോളജി
കൈത്തറിയും ടെക്സ്റ്റൈലും
ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്
സ്പോർട്സ്

<u>ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി</u>

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി</u>

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

<u>ഡോ. കെ. ടി. ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കാഷ്യൂ ഇൻഡസ്ട്രി

ഫിഷറീസ് സർവ്വകലാശാല

ശ്രീ. എ. സി. മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

സഹകരണം

വിനോദസഞ്ചാരം

ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

സാക്ഷരതാ പ്രവർത്തനം

എൻ.സി.സി.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

മലിനീകരണ നിയന്ത്രണം

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, വൈദ്യുതിയും <u>ദേവസ്വവും വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം


പേജ്

**I ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം**

500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയതിലൂടെ
സംസ്ഥാനത്ത് ഉളവായിട്ടുള്ള സാഹചര്യവും സഹകരണ
മേഖലയിലുണ്ടായ പ്രതിസന്ധിയും സംബന്ധിച്ച്

— സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

(ശ്രീ. എ. സി. മൊയ്തീൻ) ...1

**II അറിയിപ്പ്**

ലോക് സഭാ ചാനലിലൂടെയുള്ള സംപ്രേഷണം ...69

— മി. സ്പീക്കർ

**III ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...89

**IV ക്രമപ്രശ്നം**

ശ്രീ. ഒ. രാജഗോപാൽ നൽകിയ ഭേദഗതി
നോട്ടീസ് പിൻവലിക്കുന്നത് സംബന്ധിച്ച്

— ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) ...90

**V റൂളിംഗ്**

— മി. സ്പീക്കർ ...90

**VI പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

— മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...91

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2016 നവംബർ 22, ചൊവ്വ*


വാല്യം 164] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1


പതിനാലാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2016 നവംബർ മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ചേർന്നു.

മി. സ്പീക്കർ : ഓർഡർ............ ഓർഡർ.

### I ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം

500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയതിലൂടെ സംസ്ഥാനത്ത് ഉളവായിട്ടുള്ള സാഹചര്യവും സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധിയും സംബന്ധിച്ച്

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, "കേന്ദ്രസർക്കാർ 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയതുകാരണം സംസ്ഥാനത്ത് വിവിധ മേഖലകളിൽ പ്രത്യേകിച്ച് സഹകരണ മേഖലയിൽ സംജാതമായിട്ടുള്ള പ്രതിസന്ധിയും ഗുരുതരമായ സ്ഥിതിവിശേഷവും ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): രാജ്യം അഭിമുഖീകരിക്കുന്ന ഗൗരവമായ ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനായി നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടിയ ബഹുമാനപ്പെട്ട സ്പീക്കറെയും മുഖ്യമന്ത്രിയേയും അതിന് സഹായകരമായ നിലപാട് സ്വീകരിച്ച പ്രതിപക്ഷ നേതാവിനെയും കക്ഷി നേതാക്കളെയും അഭിനന്ദിക്കുന്നു. കേന്ദ്രസർക്കാർ 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയതിനെത്തുടർന്ന് നാട്ടിലെ ജനജീവിതം അക്ഷരാർത്ഥത്തിൽ സ്തംഭിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ സംസ്ഥാനത്തെ ജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്ന കേരള നിയമസഭ നാടിന്റെ പൊതുവികാരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഒറ്റക്കെട്ടായി

പരിശ്രമം നടത്തുകയാണ്. ആവശ്യമായ മുന്നൊരുക്കമില്ലാതെ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികളും റിസർവ് ബാങ്ക് സഹകരണ മേഖലയോട് കാണിച്ച കടുത്ത നീതി നിഷേധവും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക സഹകരണ ബാങ്കുകളുടെയും സഹകരണ മേഖലയിലെ മറ്റ് സ്ഥാപനങ്ങളുടെയും പ്രവർത്തനം സ്തംഭിപ്പിക്കുന്ന ഗുരുതരമായ സാഹചര്യമാണ് കേരളത്തിലുണ്ടാക്കിയിട്ടുള്ളത്. കേരളത്തിലേത് രാജ്യത്തിനുതന്നെ മാതൃകയായ സഹകരണ പ്രസ്ഥാനമാണ്. കേരളത്തിലെ തൊഴിലാളികളും, കർഷക ജനവിഭാഗങ്ങളും പാവപ്പെട്ടവരും ഉൾപ്പെടെയുള്ള വിവിധ ജനവിഭാഗങ്ങൾ അവരുടെ സാമ്പത്തിക സാമൂഹികാവശ്യങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. സാമ്പത്തിക-സാമൂഹ്യ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹകരണ മേഖലയിലുള്ള മലയാളികളുടെ പ്രവർത്തനങ്ങൾ ലോകത്തിനുതന്നെ മാതൃകയാണ്. കേരളീയരുടെ ഈ സഹകരണ ആഭിമുഖ്യം നാനാമേഖലയിലും സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനും വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും കഴിഞ്ഞിട്ടുണ്ട്. മറ്റ് പൊതുമേഖലാ ബാങ്കുകളുടെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും ഗ്രാമീണ ജീവിതത്തിൽ അവരുടെ എല്ലാ ആവശ്യങ്ങൾക്കും ഒപ്പം നിലകൊണ്ടത് സഹകരണ പ്രസ്ഥാനമാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സഹകരണ സ്ഥാപനങ്ങൾ സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ജനവിശ്വാസമാർജ്ജിച്ച സഹകരണ മേഖല പാവപ്പെട്ടവരുടെ കൊച്ചു നിക്ഷേപങ്ങൾകൊണ്ട് വളർന്ന് വലുതായതാണ്. കേരളത്തിൽ പ്രാഥമിക മേഖലയിലുള്ള ക്രെഡിറ്റ് സംഘങ്ങളിൽ 1551 പ്രാഥമിക സംഘങ്ങളും 36 ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും 38 റൂറൽ ബാങ്കുകളും ഉൾപ്പെടെ 1625 സ്ഥാപനങ്ങളുണ്ട്. ഇതിനുപുറമെ 928 എംപ്ലോയീസ് സംഘങ്ങളും 110 അർബൻ സഹകരണ സംഘങ്ങളും 304 അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് സംഘങ്ങളും 5100 പലവക ക്രെഡിറ്റ് സംഘങ്ങളും ഉൾപ്പെടെ 11908 സംഘങ്ങൾ ഈ മേഖലയിൽ ഇപ്പോഴുണ്ട്. കൂടാതെ മത്സ്യമേഖല, റബ്ബർ, കയർ, മിൽമ ഉൾപ്പെടെയുള്ള APCO സംഘങ്ങളും അതിലെ പരമ്പരാഗത സംഘങ്ങളുമുൾപ്പെടെയുള്ള സഹകരണ മേഖലയുടെ വ്യാപ്തി കേരളീയ ജീവിതത്തിന്റെ എല്ലാ ആവശ്യങ്ങളും നിർവ്വഹിക്കാൻ സാധിക്കുന്ന രീതിയിൽ വിസ്തൃതമാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ 20 ശാഖകളും 13 ജില്ലാ ബാങ്കുകളുടെ 783 ശാഖകളും കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് ദൈനംദിന പ്രവർത്തനത്തിൽ ഇടപെട്ടുകൊണ്ടിരുന്ന സ്ഥാപനങ്ങളാണ്. 1625 പ്രാഥമിക സംഘങ്ങളും അതിന്റെ 4200-ഓളം ശാഖകളും ഡി.സി.ബി.-കളുടെ 783 ശാഖകളും സംസ്ഥാന ബാങ്കിന്റെ 20 ശാഖകളും ഉൾപ്പെടെ 6625 പണമിടപാട്

സ്ഥാപനങ്ങളാണ് കേരളത്തിലെ സാധാരണ ജനവിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹിക ആവശ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നത്. കേരളത്തിലാകമാനം അതിവിപുലമായ സംവിധാനം ഈ സഹകരണ പ്രസ്ഥാനത്തിനുണ്ട്. 2016 മാർച്ച് മാസത്തിലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയിലെ ആകെ നിക്ഷേപം 1,27,720 കോടി രൂപയാണ്. വിശ്വാസ്യതയും ജനപിന്തുണയും ആർജ്ജിച്ച സഹകരണ മേഖലയെ ദുർബ്ബലപ്പെടുത്താൻ മുമ്പും ചില പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിനെ കേരളം കക്ഷി രാഷ്ട്രീയത്തിനതീതമായി ചെറുത്ത് പരാജയപ്പെടുത്തിയിട്ടുണ്ട്. വൈദ്യനാഥൻ കമ്മിറ്റിയുടെ ശിപാർശയും ഡോ. പ്രകാശ് ബക്ഷിയുടെ നിർദ്ദേശങ്ങളുമെല്ലാം ഇന്നത്തെ സഹകരണ പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പോക്കിന് തടസ്സം സൃഷ്ടിക്കുന്നവയായിരുന്നു. സഹകരണ മേഖലയിലെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അത് കേരളത്തിന് ബാധകമാക്കാൻ സാധിക്കില്ല എന്ന പൊതു നിലപാട് കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും സ്വീകരിക്കുകയുണ്ടായി. പ്രാഥമിക ബാങ്കുകൾ അവയുടെ വായ്പ ഇടപാടുകൾ ഒഴികെ മറ്റെല്ലാ പ്രവർത്തനങ്ങളും നിർത്തിവയ്ക്കണമെന്ന നിബന്ധന കേരളത്തിന് സ്വീകാര്യമായിരുന്നില്ല. കേരളത്തിൽ സഹകരണ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, വളം വിതരണം, അക്ഷയ സെന്ററുകൾ, കുടുംബശ്രീ സ്വയംസഹായ ഗ്രൂപ്പുകൾക്കുള്ള സഹായം, ഭവനവായ്പ, വിവാഹം, മറ്റ് ആവശ്യങ്ങൾ, കാർഷിക മേഖലയിലെ സംഭരണവും വിതരണവുമായി ബന്ധപ്പെട്ട മേഖലകൾ എന്നിവയിലെല്ലാം സഹകരണ പ്രസ്ഥാനം ഇടപെട്ട് പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. നാട്ടുകാരുടെ ആവശ്യങ്ങൾക്കുവേണ്ടി നിർമ്മിച്ച കല്യാണമണ്ഡപങ്ങൾ ഒഴിവാക്കണമെന്നും അത് ബാങ്കിന്റെ പ്രവർത്തനമായി കണക്കാക്കാൻ സാധിക്കില്ലെന്നുമായിരുന്നു പൊതുവേയുള്ള കാഴ്ചപ്പാട്. ബാങ്ക് എന്നുപറഞ്ഞാൽ വെറും പണമിടപാട് നടത്തുന്ന സ്ഥാപനമാകണമെന്ന നിർദ്ദേശങ്ങളോട് കേരളത്തിൽ പൊതുവേ യോജിപ്പ് ഉണ്ടായിരുന്നില്ല അതിന്റെ ഭാഗമായാണ് എല്ലാവരും ഒരുമിച്ച് നിന്ന് ആ നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പാക്കാൻ കഴിയില്ല എന്ന നിലപാട് സ്വീകരിച്ചത്. ആ നിലപാട് ഇപ്പോഴും തുടരുകയാണ്. മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങളിൽ കർഷകരുടെ കൂട്ട ആത്മഹത്യ നടക്കുമ്പോൾ കേരളത്തിൽ മാതൃകാപരമായ സ്ഥാപനങ്ങളുള്ളതിനാലാണ് കേരളം പിടിച്ചുനിന്നതെന്ന് സായികുമാറിന്റെ ഒരു ലേഖനത്തിൽ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. 500, 1000 രൂപ നോട്ടുകൾ കേന്ദ്ര സർക്കാർ

അസാധുവാക്കിയതിനെത്തുടർന്ന് ജില്ലാ സഹകരണ ബാങ്കുകളിലെയും പാക്സിലെയും (പ്രൈമറി അഗ്രിക്കൾച്ചർ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) മറ്റ് സഹകരണ ബാങ്കുകളിലെയും പണമിടപാടുകൾ ഫലത്തിൽ തടയപ്പെട്ടിരിക്കുകയാണ്. നവംബർ 8-ാം തീയതി റിസർവ് ബാങ്ക് അസാധുവാക്കിയ നോട്ടുകൾ സ്വീകരിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഗവൺമെന്റ് നടത്തിയ ഇടപെടലിനെത്തുടർന്ന് 10-ാം തീയതി മുതൽ പ്രസ്തുത നോട്ടുകൾ കസ്റ്റമറുടെ അക്കൗണ്ടിൽ നിക്ഷേപിക്കാനും അത് മാറ്റി നൽകാൻ പാടില്ലായെന്നും ആർ.ബി.ഐ. നിർദ്ദേശിച്ചു. എന്നാൽ 14-ാം തീയതിക്കുശേഷം ഈ നിർദ്ദേശവും പിൻവലിക്കപ്പെടുന്ന സ്ഥിതിയാണുണ്ടായത്. അതുപോലെത്തന്നെ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് പിൻവലിക്കാവുന്ന സംഖ്യയും, ഒരു സാധാരണ കസ്റ്റമർക്ക് അക്കൗണ്ടിൽനിന്ന് പിൻവലിക്കാവുന്നത് 24,000 രൂപ മാത്രമാണെന്ന് നിജപ്പെടുത്തിയതും സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഫലത്തിൽ തടയപ്പെടുന്ന ഒരു നിർദ്ദേശമായിട്ടാണ് വന്നത്. പണം പിൻവലിക്കാനുള്ള ആർ.ബി.ഐ.യുടെ നിയന്ത്രണം ഫലത്തിൽ പ്രൈമറി ബാങ്കുകളുടെ പ്രവർത്തനത്തെ നിശ്ചലമാക്കിയിട്ടുണ്ട്. ഇടപാടുകാരുടെയും അതുപോലെതന്നെ സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ടവരുടെയും മനസ്സിൽ ഇത് ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. അതിന്റെ പ്രയാസങ്ങൾ ഈ മേഖല അനുഭവിക്കുകയാണ്. ജില്ലാ സഹകരണ ബാങ്കുകൾ ആർ.ബി.ഐ.-യുടെ ലൈസൻസോടെയും നബാർഡ് ഉൾപ്പെടെയുള്ളതിന്റെ പരിശോധനയോടുംകൂടി പ്രവർത്തിക്കുന്നതാണ്. സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പണമിടപാട് നടത്താൻ കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും അംഗീകാരം നൽകിയപ്പോഴാണ് നിയമവിധേയമായി പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകൾക്ക് ഈ സാമ്പത്തിക ഇടപാടുകളിൽ, പഴയ നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പോലും നിഷേധിക്കുന്ന സമീപനം കേരളത്തിൽ സ്വീകരിച്ചത്. ജില്ലാ സഹകരണ ബാങ്കുകളെക്കാൾ വളരെ കുറച്ച് പരിധിയിൽമാത്രം പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ അംഗീകാരമുണ്ടായി. പക്ഷേ ജില്ലയിൽ വിസ്തൃതമായി പ്രവർത്തിക്കുന്ന, കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന, പ്രൈമറി ബാങ്കുകളുടെ അപ്പെക്സ് ബോഡിയായ ഈ സ്ഥാപനത്തിനോട് ഇപ്രകാരം പ്രവർത്തിച്ച ആർ.ബി.ഐ. നീതി നിഷേധമാണ് കാണിച്ചത്. ഇത്തരത്തിൽ ഡി.സി.ബി.-കളെ ഒഴിവാക്കിയ നടപടി തികച്ചും നീതീകരണമില്ലാത്തതാണ്. പ്രാഥമിക സംഘങ്ങളുടെ പണമിടപാട് തടഞ്ഞ നടപടിയിലൂടെ സഹകരണ

മേഖലയെ തകർക്കാനുള്ള ഗൂഢാലോചനയിൽ ആർ.ബി.ഐ. കൂടി പങ്കാളിയാകുകയാണെന്ന് സംശയിക്കേണ്ടി വരുന്നു. സഹകരണ ബാങ്കുകൾ കള്ളപ്പണനിക്ഷേപ കേന്ദ്രമാണെന്ന വ്യാപകമായ വ്യാജ ആക്ഷേപം ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് കേരളത്തെ, മലയാളികളെ അപമാനിക്കുന്നതിനുവേണ്ടിയുള്ളതാണ്. കള്ളപ്പണത്തിന്റെ സംരക്ഷകരാണ് കേരളീയർ എന്ന ഈ ആക്ഷേപം ബോധപൂർവ്വം വ്യാജമായി ഉന്നയിക്കുകയാണ്. കള്ളപ്പണം കണ്ടുപിടിക്കുന്നതിൽ രാജ്യത്ത് ആരും എതിരാകുമെന്ന് തോന്നുന്നില്ല. കള്ളപ്പണം നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ കണ്ടുപിടിക്കാനും നികുതി ദായകരെ നികുതി വലയിൽ കൊണ്ടുവരാനുമുള്ള നിലപാടുകൾ സ്വീകരിക്കുന്നതിൽ സർക്കാർ എതിരല്ല. ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നതിൽ എതിർപ്പുണ്ടെങ്കിൽ അന്വേഷിച്ച് നടപടിയെടുക്കണം. സഹകരണ ബാങ്കുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തിക്കൊണ്ടുവേണമായിരുന്നോ ഈ പരിശോധന. പരിശോധനയ്ക്ക് സഹകരണ ബാങ്കുകൾ എതിരല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ സഹകരണ ബാങ്കുകളുടെ ആകെ പ്രവർത്തനം നിശ്ചലമാക്കിക്കൊണ്ട് ഇത്തരമൊരു പരിശോധന ഉണ്ടാകുന്നതും ഈ പ്രചാരവേലയും കൂടിച്ചേരുമ്പോൾ എന്തോ പ്രത്യേക അജണ്ടയുടെ ഭാഗമായിട്ടാണ് സഹകരണ മേഖലയോടുള്ള ഈ കടന്നാക്രമണം എന്നുവേണം കരുതാൻ. ആർ.ബി.ഐ. നിയന്ത്രണത്തിലും സഹകരണ നിയമത്തിനും വിധേയമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ നടത്തുന്ന പരിശ്രമം കേരളത്തിൽ ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുക.

കെ.വൈ.സി. നോംസ് പാലിക്കുന്നില്ല എന്നുള്ള ആക്ഷേപം ഉന്നയിക്കുന്നുണ്ട്. പ്രാഥമിക ബാങ്കുകൾ ഒരു ചെറിയ ചുറ്റുവട്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. അവിടെ ഇടപാടുകൾ നടത്തുന്നത് ഗ്രാമപ്രദേശത്തുള്ള ആളുകളാണ്. സാധാരണക്കാർ, ചെറുകിട കച്ചവടക്കാർ, പെൻഷൻ കാശ് നിക്ഷേപിക്കുന്നവർ ഇവരുടെ നിക്ഷേപമാണ് ഈ പ്രദേശങ്ങളിലുള്ളത്. പ്രാഥമിക സഹകരണ ബാങ്കുകളിലെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും സുപരിചിതരായ ആളുകളെയാണ് നോംസ് പാലിക്കുന്നില്ലായെന്ന ആക്ഷേപം ഉന്നയിച്ച് തടയുന്നത്. ഇവരെ പരിചയമുള്ളയാളുകൾ തന്നെയാണ് സഹകരണ ബാങ്കുകളിലുള്ളത്. എന്നാലും നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സമയത്ത് രേഖയും ഫോട്ടോയുമൊക്കെ ഇപ്പോൾ സഹകരണ ബാങ്കുകളിൽ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. അപൂർവ്വം ഏതെങ്കിലും സ്ഥലങ്ങളിൽ നടപ്പാകാത്തതിന്റെ പേരിൽ സഹകരണ

മേഖലയെ ആകെ കെട്ടതിക്ക് കീഴിൽ കൊണ്ടുവരുന്ന നടപടി ശരിയല്ല. ജില്ലാ ബാങ്കുകൾ ഈ വ്യവസ്ഥകൾ കർശനമായി നടപ്പാക്കിയിട്ടുണ്ട്. കെ.വൈ.സി. നോംസ് നടപ്പിലാക്കിയിട്ടില്ലായെന്ന ആക്ഷേപം വസ്തുതാവിരുദ്ധമാണ്. സഹകരണ മേഖലയിലുള്ള കടന്നാക്രമണത്തിൽ പ്രത്യേക താല്പര്യമുള്ള ആളുകൾ അത് ഉപയോഗപ്പെടുത്തുകയാണ്. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് തിരുത്താൻ സർക്കാർ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. സഹകരണ നിയമമനുസരിച്ച് മുന്നോട്ടുപോകുന്ന ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് ഭാവിയിൽ തിരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പകരം നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നതാണ് സഹകരണ മേഖലയിൽ ഈ പ്രതിസന്ധിയുണ്ടാക്കിയിട്ടുള്ളത്.

ആദായ നികുതി വകുപ്പിന്റെ ചോദ്യങ്ങൾക്കാകെ മറുപടി നൽകാതെ ചെറുത്ത് നിൽപ്പ് സംഘടിപ്പിക്കുന്നു എന്നുള്ള ആക്ഷേപം ചിലർ ഉയർത്തുന്നുണ്ട്. ആദായ നികുതി വകുപ്പിന്റെ ചോദ്യങ്ങൾ ഇപ്പോഴും വന്നിട്ടുണ്ട്. ആ ചോദ്യങ്ങൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളും ജില്ലാ ബാങ്കുകളും മറുപടി നൽകിക്കൊണ്ടിരിക്കുകയാണ്. ഏതെങ്കിലും ഒരു സംഘം കൊടുക്കാത്തൊരു വിഷയമല്ല. അവർ ആവശ്യപ്പെടുന്ന ബാങ്കുകളിൽ നിന്ന് അതിനുള്ള മറുപടി കൊടുത്തുകൊണ്ടിരിക്കുകയാണ്. ആദായ നികുതിയുടെ പ്രശ്നത്തിൽ രണ്ടുതരം സമീപനമാണുള്ളത്. ആദായ നികുതി സംഘത്തിന്റെ വരുമാനത്തിൽ നിന്ന് കൊടുക്കാൻ ബഹുമാന്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് സഹകരണ സംഘങ്ങൾക്കുണ്ടായിരുന്ന ഇളവുകൾ അനുവദിക്കാനാവില്ല എന്ന നിലപാടിനെതിരായിട്ടുള്ള സമീപനമാണ് സഹകരണ മേഖലയ്ക്കുള്ളത്. ആ ഇളവ് പുനഃസ്ഥാപിക്കണം. അതിനെതിരായി കേസ്സുകൾ വരികയുണ്ടായി. ആ ആദായ നികുതി പിരിക്കാൻ പാടില്ലായെന്ന് ഇപ്പോൾ കോടതി വിധിയും വന്നു. പിരിച്ചെടുത്ത ആദായ നികുതി; ഇളവുകളുണ്ടായിരുന്ന ആദായ നികുതി; കർശനമായ നിലപാടുകളുടെ ഭാഗമായി അടച്ച ആദായ നികുതിയുടെ സംഖ്യ സഹകരണ ബാങ്കുകൾക്ക് തിരിച്ച് കൊടുക്കണമെന്ന വിധിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. അത്തരം നിലപാടുകൾ എന്തിന് വേണ്ടിയാണ് ഇവർ സ്വീകരിക്കുന്നതെന്ന് അറിയില്ല. സംഘം നടത്തുന്ന ഇടപാടുകളുടെ വരുമാനത്തിന്റെ നികുതി വേണമെന്ന കാര്യത്തിൽ ഈ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ടി.ഡി.എസ്. സംബന്ധിച്ചും ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്. ടി.ഡി.എസ്. നൽകുന്നുണ്ട്. ഏതെങ്കിലും സ്ഥലത്ത് നൽകാതെയുണ്ടെങ്കിൽ അത് നൽകണമെന്ന കർശനമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. ആദായ നികുതി വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ 2016 ജനുവരി മാസത്തിൽ എറണാകുളത്ത് ഇൻകംടാക്സ് കമ്മീഷണറുടെ ഓഫീസിൽ വച്ച് ഇൻകംടാക്സ് പ്രിൻസിപ്പൽ കമ്മീഷണർ ശ്രീ. രവികുമാറും, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബെന്നി ജോണുമായി ബന്ധപ്പെട്ട് സഹകരണ മേഖലയുടെ സംരക്ഷണ സമിതിയിലെ ആളുകൾ ആർ.സി.എസ്. ഉൾപ്പടെ ഒരു ചർച്ച നടത്തിയിരുന്നു. ആ ചർച്ചയുടെ ഭാഗമായുണ്ടായ ധാരണ 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നിക്ഷേപകരുടെ കണക്ക് കൊടുക്കണമെന്നാണ്. ആ നിബന്ധന എല്ലാവരും പാലിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്ത് ചോദിച്ചതിന്റെ ഭാഗമായി കണക്ക് കൊടുക്കാതിരുന്നിട്ടില്ല. വ്യക്തികളുടെ ആദായ നികുതി നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യാതൊരു തടസ്സവും സംസ്ഥാനത്തെ സഹകരണ മേഖല സ്വീകരിക്കുന്നില്ലായെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങളുടെ കണക്ക് നൽകണമെന്നുള്ളതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇതിന് മുൻപും സഹകരണ വകുപ്പിൽ നിന്ന് നൽകിയിട്ടുണ്ട്. ഏത് സഹകരണ സ്ഥാപനങ്ങളും നിയമാനുസൃതം പരിശോധിക്കാനുള്ള സംവിധാനവും നിയമവും രാജ്യത്തുണ്ടെന്നിരിക്കെ എന്തിനാണ് അതിന്റെ പേരിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നത്. അത് നീതി നിഷേധമാണ്. കമ്പോളത്തേയും ലാഭത്തേയും അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്ന മൂലധനശക്തികൾക്ക് കൊള്ള നടത്താൻ സഹകരണ മേഖല തകർക്കപ്പെടണമെന്ന ഗൂഢലക്ഷ്യം ഈ നടപടികൾക്ക് പിന്നിലുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടി വരുന്നു. സംസ്ഥാനത്ത് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ആവുംവിധമെല്ലാം സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിരുന്നു. അതത് അവസരങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും റിസർവ് ബാങ്കിന് സഹകരണ മന്ത്രിയെന്ന നിലയിൽ നിവേദനം നൽകുകയും ചെയ്തിരുന്നു. റിസർവ് ബാങ്ക് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു കൂട്ടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നേരിട്ട് കേന്ദ്ര ധനമന്ത്രിയെ സമീപിച്ച് ഈ സവിശേഷമായ പ്രശ്നം ഉന്നയിച്ചപ്പോൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് പറഞ്ഞിരുന്നത്. പക്ഷേ അനുഭാവപൂർവ്വമായ യാതൊരു പരിഗണനയും പിന്നീടുണ്ടായില്ലായെന്ന് നമ്മൾ കണ്ടതാണ്.

കേരളത്തിലെ ബഹുമാന്യരായ എം.പി.-മാർക്കെല്ലാം ഞാൻ നേരിട്ട് കത്തയച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ പ്രത്യേക യോഗം വിളിച്ചു ചേർത്തു. കേരളം നേരിടുന്ന ഈ പ്രശ്നത്തിൽ ഒരുമിച്ച് നിൽക്കാനും പ്രധാനമന്ത്രിയേയും ധനകാര്യമന്ത്രിയേയും കണ്ട് കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കാനും തീരുമാനിച്ചിരുന്നു. ബഹുമാന്യരായ എം.പി.മാർ അതിനുള്ള പരിശ്രമം നടത്തി. പ്രധാനമന്ത്രിയെ കാണാൻ കഴിഞ്ഞില്ല. രാജ്യത്തെ ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്ന കേരളത്തിലെ ബഹുമാനപ്പെട്ട എം.പി. മാർ സമയം ചോദിച്ചെങ്കിലും അവരെ കാണാൻ പോലും ഇന്ത്യയുടെ പ്രധാനമന്ത്രി തയ്യാറായിട്ടില്ല, ഇത് ലജ്ജാകരമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രധാനമന്ത്രിയെ കണ്ടു. അനുഭാവപൂർവ്വമായ സമീപനമാണ് അദ്ദേഹം സ്വീകരിച്ചത് എന്നുപറഞ്ഞു. പക്ഷേ അതിന്റെ ഫലം രാജ്യത്തുണ്ടായിട്ടില്ല.

കേരളത്തിലെ എം.പി.-മാർ ഡൽഹിയിൽ സംയുക്തമായി ഇന്നും ഇതിനെതിരായി പാർലമെന്റിനകത്തും പുറത്തും പ്രതിഷേധവുമായി മുന്നോട്ട് പോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ സഹകാരികളും ജീവനക്കാരും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും യോജിച്ച് പ്രക്ഷോഭത്തിലാണ്. നീതി നിഷേധത്തിനെതിരെ കേരളത്തിലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനവികാരം പ്രതിഫലിപ്പിക്കാനുള്ള സത്യാഗ്രഹസമരവും നടന്നു. ഇപ്പോൾ പ്രത്യേക നിയമസഭാ സമ്മേളനവും ചേരുകയാണ്. സഹകരണ സ്ഥാപനങ്ങൾ യോഗം ചേർന്ന് നിക്ഷേപകരുടേയും ഇടപാടുകാരുടേയും താല്പര്യങ്ങൾ സംരക്ഷിക്കാൻ ബദൽ മാർഗ്ഗങ്ങൾ ആലോചിച്ച് വരികയാണ്. സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് ഉറപ്പുണ്ടാക്കാൻ സർക്കാർ ആവുന്നതെല്ലാം ചെയ്യാൻ തയ്യാറാണ്. സഹകരണ സ്ഥാപനങ്ങൾക്ക് ഇടപാട് നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പിൻവലിക്കണം. മറ്റ് ബാങ്കുകൾക്ക് നൽകിയ സൗകര്യങ്ങൾ നിയമവിധേയമായി പ്രവർത്തിക്കുന്ന ജില്ലാ ബാങ്കുകൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും നൽകണം. പണം ആവശ്യാനുസരണം ലഭ്യമാക്കണം. കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ സഹകരണ ബാങ്കുകളെ സംരക്ഷിക്കാനും ലക്ഷക്കണക്കിന് ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന ഈ മേഖലയെ സംരക്ഷിക്കാനും കേന്ദ്ര സർക്കാരിന്റെ നിലപാടുകളിൽ മാറ്റമുണ്ടാകണം. അതിന് എല്ലാവരുടേയും കൂട്ടായ്മ ഇതിലുണ്ടാകണം. കേന്ദ്ര ഗവൺമെന്റ് ഇതിൽ നീതിപൂർവ്വമായ സമീപനം സ്വീകരിക്കണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് അനുവദിച്ചിട്ടുള്ള സമയം 3 മണിക്കൂറാണ് അംഗങ്ങൾ പരമാവധി സമയനിഷ്ഠപാലിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. രാജ്യത്തെ 133 കോടി ജനങ്ങളെ സാമ്പത്തിക ബന്ദികളാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരെ ശക്തിയായ പ്രതിഷേധം പ്രകടിപ്പിക്കാൻ നിയമസഭയുടെ ഒരു സമ്മേളനം തന്നെ വിളിച്ചുകൂട്ടിയ നടപടിയെ ഞാൻ ആദ്യമായി സ്വാഗതം ചെയ്യുകയാണ്. നമ്മുടെ രാജ്യം സാമ്പത്തികമായി സ്തംഭിച്ച പതിനാലാം ദിവസമാണിന്ന്. ഇത് ചർച്ച ചെയ്യാൻ നിയമസഭ വിളിച്ചുകൂട്ടുന്ന ഇന്ത്യയിലെ ആദ്യത്തെ നിയമസഭയായിരിക്കുമിതെന്നാണ് എന്റെ വിശ്വാസം. നിയമവിരുദ്ധമായ ഒരു പ്രഖ്യാപനമാണിത്. സ്വതന്ത്ര ഇന്ത്യയിൽ ആയിരം രൂപയുടെ നോട്ട് പിൻവലിച്ചുകൊണ്ടുള്ള തീരുമാനം 1978-ൽ അന്നത്തെ പ്രധാനമന്ത്രി മൊറാർജി ദേശായി എടുത്തിരുന്നു. അന്ന് ഓർഡിനൻസ് കൊണ്ടുവന്നാണ് ഈ നയം നടപ്പിലാക്കിയത്. അത് പിന്നീട് പാർലമെന്റിൽ ചർച്ച ചെയ്ത് നിയമമാക്കുകയും ചെയ്തു. The High Denomination Bank Notes (Demonetisation) Act, 1978. എന്നാൽ ഇപ്രാവശ്യം ഒരു നോട്ടിഫിക്കേഷൻ മാത്രമാണ് ഇറക്കിയത്. ആർ.ബി.ഐ. ആക്ടിലോ റൂൾസിലോ 2000 രൂപ നോട്ടിനെക്കുറിച്ച് പറയുന്നില്ല. എന്ത് അധികാരമുപയോഗിച്ചിട്ടാണ് അത് ചെയ്തത്? ഒരു മുന്നൊരുക്കവും ഉണ്ടായില്ല. മുന്നൊരുക്കമുണ്ടായിട്ടുണ്ട് എന്നു പറഞ്ഞത് നമ്മളെല്ലാവരും വിശ്വസിച്ചു. കള്ളപ്പണത്തിനും കള്ളനോട്ടിനുമെതിരായിട്ടുള്ള നടപടിയാണെന്നു ധരിച്ച് സ്വാഗതം ചെയ്തു. പക്ഷേ, പിന്നെയുള്ള ദിവസങ്ങളിൽ മനസ്സിലാക്കുന്നത് 86.4 ശതമാനം വാല്യൂ ഉള്ള കറൻസിയാണ് 1000, 500 രൂപ നോട്ടുകൾ കൊണ്ട് കേന്ദ്ര ഗവൺമെന്റ് ഒറ്റയടിക്ക് മരവിപ്പിച്ചത്. 13.4 ശതമാനം വാല്യൂ ഉള്ള നോട്ടുകൾ കൊണ്ട് 133 കോടി ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാമെന്ന് ധരിച്ചത് ആരാണ്? Negligence ആണെന്ന് പറഞ്ഞാൽ പോരാ ഇതൊരു Criminal negligence ആണ്. 14.2 ലക്ഷം കോടി രൂപ മൂല്യമുള്ള നോട്ടുകൾ പിൻവലിച്ച് 2.235 ലക്ഷം കോടി രൂപയുടെ നോട്ടുകൾ നിലനിർത്തി. എങ്ങനെയാണ് ഈ നാട്ടിൽ കാര്യങ്ങൾ മുന്നോട്ടുപോകുന്നത്? കള്ളനോട്ടിനും കള്ളപ്പണത്തിനും എതിരെ എന്ന് പറയുന്ന പ്രധാനമന്ത്രി അദ്ദേഹം പ്രധാനമന്ത്രി ആയതിനുശേഷം 500 രൂപയുടെയും 1000 രൂപയുടെയും നോട്ടിന്റെ മൂല്യം 33 ശതമാനം വർദ്ധിപ്പിച്ചു. മുന്നൊരുക്കമുണ്ടായിരുന്നെങ്കിൽ ഇത്ര അധികം നോട്ടുകൾ

അടിച്ചു കൂട്ടിയത് എന്തിനാണ് ? ചെറിയ നോട്ടുകളോ അല്ലെങ്കിൽ പുതിയ രൂപത്തിലുള്ള നോട്ടുകളോ ആകാമായിരുന്നല്ലോ. എന്നുമാത്രമല്ല പുതിയതായി അടിച്ച 2000-ത്തിന്റേയും 500-ന്റേയും നോട്ടുകൾ എ.ടി.എം.-ൽ നേരിട്ട് കൊടുക്കാൻ പറ്റില്ല. ഇന്നിപ്പോൾ എ.ടി.എം.-ൽ നിന്ന് കൊടുത്തു തുടങ്ങി എന്നുപറഞ്ഞാൽ രണ്ടു ലക്ഷത്തിലധികം എ.ടി.എം. ഉള്ള ഈ രാജ്യത്ത് ആയിരം എ.ടി.എം.-കളിൽ മാത്രമാണ് പുതിയ നോട്ടുകൾ അഡ്ജസ്റ്റ് ചെയ്യാൻ പറ്റിയത്. ആറു മാസമെങ്കിലും എടുക്കും രണ്ടുലക്ഷത്തിലധികം എ.ടി.എം.-കളിലും ഈ പുതിയ നോട്ടുകൾ അഡ്ജെസ്റ്റ് ചെയ്ത് എടുക്കാൻ. ഇതറിയാമായിരുന്നില്ലേ? ഭരണഘടനാ വിരുദ്ധമായിട്ടുള്ള വ്യവസ്ഥകളാണ് അവർ നടപ്പിലാക്കുന്നത്. ഇത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പരിശോധിക്കേണ്ടതാണ്. ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ '300 എ' അനുസരിച്ച് നിയമപരമായി കൈവശം സൂക്ഷിക്കാവുന്ന നോട്ടുകളുടെ കാര്യത്തിൽ, സ്വത്തിന്റെ കാര്യത്തിൽ ഒരു നിയന്ത്രണവും ഇൻഡ്യാ രാജ്യത്ത് കൊണ്ടുവരാൻ അവകാശമില്ല. എന്നാൽ നിയമവിരുദ്ധമാണെങ്കിൽ ഏതു നടപടിയുമെടുക്കാവുന്നതാണ്. പക്ഷേ, ഇന്ന് ബാങ്കുകളിൽ നിന്നും ഇത്ര രൂപ മാത്രമേ തിരിച്ചെടുക്കാവൂ എന്നുപറയുന്നത് ആ നിയന്ത്രണമാണ്. 14 ദിവസമായി ഇത് തുടരുകയാണ്. പ്രധാനമന്ത്രി പറയുന്നത് അമ്പതു ദിവസം കാത്തിരിക്കണ മെന്നാണ്. ഇത്ര കർശനമായ നടപടികൾ കള്ളപ്പണത്തിനെതിരെ സ്വീകരിക്കുന്നു എന്നു പറയുമ്പോൾ ഇൻഡ്യയിലെ ജനങ്ങൾ ക്യൂവിലാണ്. ഒരു കള്ളപ്പണക്കാരനും ഒരു കള്ളനോട്ടടിക്കാരനും ക്യൂ നിൽക്കുന്നില്ല. അവരുടെ ആവശ്യം വേറെ നടക്കും. നടന്നല്ലോ. 7000 കോടി രൂപ ഇതിനിടയിൽ എഴുതിത്തള്ളാൻ തീരുമാനിച്ചു. ഇവിടെ കല്ല്യാണം നടത്താൻ പണം ശേഖരിച്ചുവച്ചവർക്ക് ആ പണം വിനിയോഗിക്കാൻ സ്വാതന്ത്ര്യം കൊടുക്കുന്നില്ല. എന്നിട്ട് 500 കോടി രൂപയുടെ വിവാഹധൂർത്താണ് നടക്കുന്നത്. ഇതെല്ലാം ആളുകളുടെ കണ്ണിൽ പൊടിയിടാനുള്ള ശ്രമങ്ങൾ മാത്രമാണ്. ഈ 14 ദിവസം കൊണ്ട് രാജ്യത്തേറ്റവും അധികം നേട്ടമുണ്ടാക്കിയത് paytm എന്ന ഓൺലൈൻ കമ്പനിയാണ്. 12 ദിവസത്തെ കണക്കനുസരിച്ച് അവരുടെ ഇടപാടുകൾ ഇരട്ടിയായി. ഈ ഓൺലൈൻ കമ്പനിയാണ് 50 കോടി രൂപമുടക്കി ഇവിടെ പരസ്യം ചെയ്തത്. 'സ്വതന്ത്ര ഇൻഡ്യയുടെ സാമ്പത്തിക ചരിത്രത്തിൽ ഏറ്റവും ശക്തമായ തീരുമാനമെടുത്ത പ്രധാനമന്ത്രിക്ക് അഭിനന്ദനങ്ങൾ' എന്നാണ് അവർ പരസ്യം ചെയ്തത്. പ്രയോജനം കിട്ടിയത് അവർക്കാണ്. അല്ലാതെ മറ്റാർക്കുമല്ല. തിടുക്കത്തിൽ ഒരു മുന്നൊരുക്കവുമില്ലാതെ അസമയത്ത് എടുത്ത ഒരു നടപടിയാണ്. കറൻസി ക്ഷാമത്തെക്കുറിച്ചുമാത്രമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അത് നമ്മുടെ സാമ്പത്തിക

മേഖലയെ വളരെ ദോഷകരമായി ബാധിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കൃഷിയിറക്കേണ്ട സമയമാണ്. കർഷകരുടെ കൈവശം പണമില്ലാത്തതുകൊണ്ട് വിത്തു വാങ്ങാൻ സാധിക്കുന്നില്ല. വരൾച്ചകൊണ്ടുതന്നെ കഴിഞ്ഞ രണ്ടു കൊല്ലമായി ബുദ്ധിമുട്ടുന്ന കർഷകർ ഈ പ്രതിസന്ധി കൂടി വന്നപ്പോൾ വളരെ ബുദ്ധിമുട്ടിലാണ്. ഇത് മാപ്പർഹിക്കാത്ത ഒരു തെറ്റാണ്, കുറ്റമാണ്. ഇതിനെതിരെ രാജ്യം ഒറ്റക്കെട്ടായി മുന്നോട്ടു നിങ്ങേണ്ട സമയമാണ്.

സഹകരണ മേഖലയെക്കുറിച്ച് മന്ത്രി ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. കാരണം കേരളത്തിലെ ഗ്രാമീണമേഖലയിലുള്ള കർഷകർക്ക് ഏറ്റവും പ്രയോജനകരമായിട്ടുള്ള ശക്തമായ ഒരു മേഖലയാണ് സഹകരണ മേഖല. അവരെ അപമാനിച്ച്, അവഹേളിച്ച് ബാങ്കിൽ കിടക്കുന്ന അവരുടെ ഡെപ്പോസിറ്റിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാൽ വളരെ ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പറഞ്ഞതെല്ലാം ന്യായമാണ്. ഞാൻ അതിനോട് യോജിക്കുന്നു. എനിക്ക് ഒന്നുകൂടി കൂട്ടി ച്ചേർക്കാനുണ്ട്. ഇന്നത്തെ പത്രത്തിലെ വാർത്ത നിങ്ങൾ വായിച്ചിരിക്കും. മുണ്ടക്കയത്തിനടുത്ത് ഇന്നലെ സഹകരണ ബാങ്കിൽ ചെന്ന ഒരാളിന് ഡെപ്പോസിറ്റ് തിരിച്ചെടുക്കാൻ സാധിച്ചില്ല. ബാങ്കുകാരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കർശനമായ നിയന്ത്രണമാണ്. അവിടെ രൂപ കിട്ടാതെ വന്ന ആൾ ആത്മഹത്യ ചെയ്തു. ഇത് വളരെ ദുഃഖകരമായ സംഭവമാണ്. ഇനി ഇതുപോലുള്ള സംഭവം ഒരിക്കലും കേരളത്തിൽ ആവർത്തിക്കാൻ പാടില്ല. ഇന്ന് നിയമസഭയിൽ ഈ പ്രമേയം പാസ്സാക്കുമ്പോൾ സഹകരണ മേഖലയിലെ പണം സുരക്ഷിതമാണ് നിക്ഷേപകർക്ക് പണം നമ്മൾ തിരിച്ചു കൊടുക്കുമെന്നുള്ള കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന് ഉറച്ച ഒരു തീരമാനമെടുക്കണം. ഇതിന്റെ പേരിൽ പണം കിട്ടുമോ ഇല്ലയോ എന്ന് ആർക്കും ആശങ്ക ഉണ്ടാകാൻ പാടില്ല. ജനങ്ങളുടെ ഈ ദുരിതത്തിന് പരിഹാരമുണ്ടാക്കാൻ നമ്മൾ ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങണം. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. ഇതുപോലുള്ള കാര്യങ്ങളിൽ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കാൻ സാധിക്കണം. പ്രതിപക്ഷാംഗങ്ങൾ നിയമസഭ വിളിച്ചു കൂട്ടണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഗവൺമെന്റ് പൂർണ്ണമനസ്സോടെ ഉടനടി തീരുമാനിച്ചതിൽ വളരെ സന്തോഷമുണ്ട്. സഹകരണ സംഘങ്ങൾക്ക് കറൻസി കൊടുക്കാതെ ബുദ്ധിമുട്ടുന്ന ഈ സാഹചര്യത്തിൽ സഹകരണ ബാങ്കിലെ നിക്ഷേപകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചപ്പോൾ

അത് സ്വീകരിച്ച ബഹുമാന്യരായ മുഖ്യമന്ത്രിയോടും ധനകാര്യമന്ത്രിയോടും സഹകരണമന്ത്രിയോടും പ്രത്യേകമായ നന്ദിയുണ്ട്. ഈ ഒരു സമീപനമാണ് ആവശ്യം. ഇത് ഗവൺമെന്റ് നോക്കട്ടേയെന്നു വിചാരിച്ച് പ്രതിപക്ഷം മാറിനിന്നില്ല. വളരെ പോസിറ്റീവായിട്ടുള്ള ഒരു സമീപനം ഇരുഭാഗത്തു നിന്നും ഉണ്ടായതിന്റെ ഫലമായിട്ടാണ് നമുക്ക് കുറേ കാര്യങ്ങൾ ചെയ്യാൻ സാധിച്ചത്. തുടർന്നും നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. ഇന്ന് പാർലമെന്റിൽ കേരളത്തിലെ എല്ലാ എം.പി.-മാരും ഒറ്റക്കെട്ടായി നിന്ന് സമരം ചെയ്യുകയാണ്. പ്രധാനമന്ത്രിയുടെ ചിന്തയിൽപ്പെടാത്ത പാവപ്പെട്ടവരുടെ രക്ഷയ്ക്കുവേണ്ടി കേരളത്തിലെ എല്ലാ വിഭാഗം ആളുകളും ഒന്നിക്കണം. അതിന്റെ തുടക്കമായി ഈ ചർച്ച തീരട്ടെ എന്ന് ഞാൻ ആശിക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ജനങ്ങളുടെ ദുരിതമകറ്റാൻ വേണ്ടി സ്വീകരിക്കുന്ന ഏത് നടപടിക്കും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും.

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇന്ത്യയിലെ ഭരണകക്ഷിയായ ബി.ജെ.പി. അതീവഗുരുതരമായ രാഷ്ട്രീയ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. രാജ്യം നൽകിയ മാൻഡേറ്റ് ദുരുപയോഗം ചെയ്യുകയും ജനദ്രോഹ വർഗ്ഗീയ പാർട്ടികളുമായി മുന്നോട്ടുപോകുകയും ചെയ്ത ബി.ജെ.പി.-യുടെ തനിനിറം ജനങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. ദളിതരേയും ന്യൂനപക്ഷ ജനവിഭാഗങ്ങളേയും തല്ലിയൊതുക്കിയും കൊന്നൊടുക്കിയും ഹിന്ദുരാഷ്ട്രം പടുത്തുയർത്തുക എന്ന മോഹത്തിന് രാജ്യമെങ്ങും തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുകയാണ്. ദളിതരുടേയും ആദിവാസികളുടേയും ചെറുത്തുനിൽപ്പും പ്രതിഷേധവും ഒരു കൊടുങ്കാറ്റായി ഇന്ത്യയെങ്ങും വീശിയടിക്കുന്നത് ബി.ജെ.പി. ആശങ്കയോടെയാണ് കാണുന്നത്. ഇത്തരം പ്രതിഷേധങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ കണ്ടെത്തുന്ന മാർഗ്ഗങ്ങളെല്ലാം ഒന്നിനുപുറകെ ഒന്നായി പരാജയപ്പെട്ടു കൊണ്ടിരിക്കുകയാണ്. അതിർത്തിയിൽ ഒരു യുദ്ധാന്തരീക്ഷമുണ്ടാക്കാനാണ് ആദ്യം ശ്രമിച്ചത്. ഈ യുദ്ധാന്തരീക്ഷത്തെ ആളുകൾ ഗൗരവത്തിലെടുക്കാൻവേണ്ടി അതിനെ രാജ്യസ്നേഹവുമായി ബന്ധിപ്പിക്കുകയും ജനവികാരം ഇളക്കിവിടാൻ ശ്രമിക്കുകയും ചെയ്തു. അതോടൊപ്പം ഈ അവസരം മുതലെടുത്ത് യുദ്ധസാമഗ്രികൾ വാങ്ങാനുള്ള തീരുമാനവുമായി മുന്നോട്ടുപോകുകയും ചെയ്യുന്നു. പക്ഷേ പൊതുവേ ആളുകൾ പ്രകടിപ്പിച്ചത് യുദ്ധവിരുദ്ധ വികാരമായിരുന്നു. ഇതിനിടയിൽ അഞ്ച് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് വരികയാണ്. ബി.ജെ.പി.-ക്ക്

ഇതൊരു ജീവൻ മരണ പോരാട്ടമാണ്. ഈ തെരഞ്ഞെടുപ്പിൽ യഥേഷ്ടം ഒഴുക്കാൻ പണമുണ്ടാക്കുന്നതിന് ബി.ജെ.പി. കണ്ടുപിടിച്ച പുതിയ മാർഗ്ഗമായിരുന്നു നോട്ട് പിൻവലിക്കൽ. സത്യത്തിൽ ബി.ജെ.പി. കരുതിയതുപോലെ രാജ്യസ്നേഹപരവും കള്ളപ്പണക്കാരോടുള്ള അമർഷത്തിൽ ഊന്നിയതുമായ ഒരു വികാരം ഉണ്ടാക്കിയെടുക്കാൻ ആദ്യമണിക്കൂറുകളിൽ കഴിഞ്ഞു. അൽപ്പം കഷ്ടപ്പെട്ടിട്ടായാലും കള്ളപ്പണക്കാരെ ഒതുക്കാമല്ലോ എന്ന നിഷ്കളങ്ക പിന്തുണ നിലനിൽക്കുമെന്നാണ് ബി.ജെ.പി. ധരിച്ചത്. ശ്രീ. അരുൺ ജെയ്റ്റ്ലി മുതൽ ശ്രീ. കുമ്മനം രാജശേഖരൻ വരെ ഈ സ്വപ്നലോകത്ത് വിഹരിച്ചു. ആദ്യ വിസ്ഫോടനത്തിന്റെ അല അടങ്ങി കാര്യങ്ങൾ കുറേക്കൂടി തെളിഞ്ഞുവരാൻ തുടങ്ങി. ജനം കണ്ണുതുറന്ന് കാണാനും കാത് തുറന്ന് കേൾക്കാനും നേരിട്ട് അനുഭവിക്കാനും തുടങ്ങി വിവരമുള്ളവർ കാര്യങ്ങൾ വിശദീകരിക്കാനും കൂടി ആരംഭിച്ചപ്പോൾ സംഗതി കൈവിടുകയാണെന്ന് ബി.ജെ.പി. നേതൃത്വത്തിന് ബോദ്ധ്യമായി തുടങ്ങി. കള്ളപ്പണം എന്നത് മൂടിവയ്ക്കപ്പെട്ട നോട്ടുകളല്ലെന്നും നിയമവിരുദ്ധമായോ നികുതിവെട്ടിച്ചോ ചെയ്യുന്ന പ്രവർത്തനങ്ങളുടെ ആകെ തുകയാണെന്നും സാമ്പത്തിക ശാസ്ത്രജ്ഞന്മാർ സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിൽ വിശദീകരിച്ചു. അതായത് മയക്കുമരുന്ന് വ്യാപാരം പോലുള്ള ബിസിനസ്സിലൂടെ ലാഭമുണ്ടാക്കുകയും ആയത് മറച്ചുവച്ച് നികുതി വെട്ടിപ്പ് നടത്തുകയും ചെയ്തുകൊണ്ട് ലാഭമുണ്ടാക്കുകയാണ് കള്ള ബിസിനസ്സിലും വെള്ള ബിസിനസ്സിലും ചെയ്യുന്നത്. ഈ ലാഭം ഉണ്ടാകുന്നത് പണം ചാക്കിൽകെട്ടി വച്ചിട്ടല്ല, തുടർച്ചയായ വിനിമയം നടത്തിയാണ്. അതിന് ബ്രേക്കിട്ടാൽ എല്ലാ സാമ്പത്തിക വിനിമയവും അവിടെ നിൽക്കും. അതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. മീൻപിടിത്തക്കാർ കടലിൽ പോകാതാകുന്നു, കർഷകർ വിളവെടുക്കാതിരിക്കുന്നു, കമ്പോളങ്ങൾ അടഞ്ഞുകിടക്കുന്നു. ഇതൊന്നും കള്ളപ്പണം ബിസിനസ്സ് അല്ല. പണം സൂക്ഷിച്ചുവച്ചാലാണ് താൻ ധനികനാകുക എന്നാണ് പിശുക്കന്മാർ കരുതുന്നത്. പണമൊഴുക്കിയാലാണ് താൻ ധനികനാകുക എന്നാണ് മുതലാളി കരുതുന്നത്. കള്ളപ്പണക്കാർ പിശുക്കന്മാരല്ല, മുതലാളിമാരാണ്. ഉദാഹരണമായി, പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വന്ന സമയത്ത് മുതലാളിയുടെ കയ്യിലുള്ള നോട്ടുകൾ അയാൾ ബിസിനസ്സിലൂടെ ഒഴുക്കിക്കൊണ്ടിരിക്കുന്ന പണത്തിന്റെ എത്രയോ ചെറിയൊരു അംശം മാത്രമാണ്. അതിനെതന്നെ പിടിച്ചെടുക്കാൻ ഈ സർക്കസ്സ് കൊണ്ട് കഴിയുമോ; ഇല്ല. കാരണം കള്ളപ്പണക്കാർ ആ പണത്തെ വെളുപ്പിച്ചെടുക്കാൻ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കും.

ഇതൊന്നും മുൻകൂട്ടി കാണാൻ ശ്രീ. നരേന്ദ്ര മോദിയുടെ സാമ്പത്തിക ഉപദേശകന്മാർക്ക് കഴിയുന്നുമില്ല. അതുകൊണ്ട് ഓരോ ദിവസവും സർക്കാർ ജനങ്ങൾക്കുമുന്നിൽ പുതിയ നിബന്ധനകൾ വയ്ക്കുകയാണ്. ആദ്യം പറഞ്ഞത് നാലായിരം രൂപ മാറ്റിയെടുക്കാമെന്നാണ്, പിന്നീട് അത് രണ്ടായിരം രൂപയായി, അടുത്ത ദിവസം വിരലിൽ അടയാളം വയ്ക്കണമെന്നായി നിബന്ധന. ഈ കള്ളനും പോലീസും കളി ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഇപ്പോൾ ആദ്യമായിട്ടല്ലല്ലോ നോട്ടുകൾ പിൻവലിക്കുന്നതെന്ന് പലരും ചോദിക്കുന്നുണ്ട്. 1978-ൽ ആയിരം, അയ്യായിരം, പതിനായിരം രൂപയുടെ നോട്ടുകൾ പിൻവലിക്കുകയുണ്ടായി. അന്നത്തെ ആയിരം രൂപ എന്നൊക്കെപറഞ്ഞാൽ അതൊരു ആയിരം തന്നെ ആയിരുന്നു. സാധാരണക്കാരൊന്നും അക്കാലത്ത് ആയിരത്തിന്റെ നോട്ടുകൾ ഉപയോഗിച്ചിരുന്നില്ല. അതിനാൽ ആ പിൻവലിക്കൽ സാധാരണക്കാരെ ബാധിച്ചുമില്ല. അന്ന് മൊത്തം കറൻസിയുടെ രണ്ട് ശതമാനം മാത്രമായിരുന്നു പിൻവലിച്ചത്. എന്നാൽ ഇപ്പോൾ 86 ശതമാനം നോട്ടുകളും പിൻവലിച്ചിരിക്കുകയാണ്. ക്യാൻസർ കോശങ്ങളെ നശിപ്പിക്കാൻ കീമോ തെറാപ്പി ചെയ്യുന്നതുപോലെയല്ല കള്ളപ്പണവേട്ടയ്ക്കായി നാട് കുട്ടിച്ചോറാക്കുന്നത്. പണമില്ലാത്ത ഒരു വിനിമയകാലം വന്നേക്കാം. അത് പെട്ടെന്നൊരു ദിവസം ജനങ്ങളുടെ തലയ്ക്കുനേരെ തോക്കുചൂണ്ടി ഉണ്ടാക്കാവുന്ന ഒന്നല്ലെന്ന് ഭരണക്കാർ തിരിച്ചറിയണം. നമ്മുടെ ഗ്രാമങ്ങളിൽ കൂലി കൊടുക്കുന്നതും റേഷൻ വാങ്ങുന്നതും മീൻ വിൽക്കുന്നതുമൊന്നും ഓൺലൈൻ വഴിയോ ചെക്ക് കൈമാറിയോ അല്ല. ഈ യാഥാർത്ഥ്യത്തിന് നേരെയാണ് ഭരണകൂടം മുഖംതിരിച്ച് നിൽക്കുന്നത്. കള്ളപ്പണക്കാരെ തൊടാൻ മോദി സർക്കാരിന് ധൈര്യമുണ്ടോ? ശരിക്കുള്ള കള്ളപ്പണക്കാരിൽ നാലുപേരെ പിടിച്ച് അകത്തിട്ടാൽ കാണാം കളി. അദാനിയേയോ അംബാനിയേയോ പോലുള്ള വൻകിടക്കാരുമായുള്ള എല്ലാ ബിസിനസ്സ് ബന്ധവും ഭരണനേതൃത്വത്തിന് അവസാനിപ്പിക്കേണ്ടി വരും. വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ എതിർ രാഷ്ട്രീയപാർട്ടികൾക്ക് പണമിറക്കി കളിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാകുക, രാജ്യസ്നേഹപരമായ നടപടി എന്ന വ്യാജേന കയ്യടി നേടുക, കുറേ കള്ളപ്പണം പുറത്തുകൊണ്ടുവരിക എന്നൊക്കെയാകാം ശ്രീ. നരേന്ദ്ര മോദി ചിന്തിച്ചത്. പക്ഷേ പിൻവലിക്കപ്പെട്ടത് 86 ശതമാനം വരുന്ന കറൻസിയാണെന്നും അത്രയും ബദൽ കറൻസികൾ ശേഖരിക്കപ്പെട്ടിട്ടില്ലെന്നും ആർക്കാണ് ബോദ്ധ്യപ്പെടേണ്ടത്? ഇതൊക്കെ ബോദ്ധ്യപ്പെടേണ്ട റിസർവ് ബാങ്ക്

ഈ നീക്കങ്ങളൊന്നും അറിഞ്ഞില്ലെന്നാണോ, അതോ പഴയ റിസർവ് ബാങ്കല്ല ഇന്നത്തെ റിസർവ് ബാങ്ക് എന്നാണോ നാം മനസ്സിലാക്കേണ്ടത്? മോദിയുടെ വമ്പൻ തീരുമാനം നിലവിൽ വന്നിട്ട് രണ്ടാഴ്ച ആയില്ലേ? ഇതിനിടയിൽ എത്രപേരാണ് പണം മാറാൻ ക്യൂനിന്ന് മരിച്ചത്? ഈ മനുഷ്യരെ മുഴുവൻ ക്യൂ നിർത്തുക വഴി എത്ര ദശലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങളാണ് രാജ്യത്തിന് നഷ്ടപ്പെട്ടത്? പ്രധാനമന്ത്രിക്കുപ്പായമിട്ട് മത്സരിക്കുന്ന മോദി ചായക്കടക്കാരനായിരുന്നു എന്നാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് ബി.ജെ.പി.-ക്കാർ പ്രചരിപ്പിച്ചത്. എന്നിട്ട് അവർ "ചായ് പേ ചർച്ച"-യാണ് നടത്തിയത്. അങ്ങനെ ചായ വിറ്റുനടന്ന സാധാരണക്കാരനായ ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രിയായപ്പോൾ എങ്ങനെയാണ് അംബാനിയുടെ ബ്രാൻഡ് അംബാസിഡറായത്? അതുപോലെ അംബാനിയുടെ കീഴിൽ പണിയെടുത്ത ആളല്ലേ റിസർവ് ബാങ്ക് ഗവർണർ ശ്രീ. ഊർജ്ജിത് പട്ടേൽ. പണ്ട് ലൂയി പതിനാറാമന്റെ ഭാര്യ ഭക്ഷണത്തിനുവേണ്ടി തെരുവിലിറങ്ങിയ ജനങ്ങളെ ചൂണ്ടി ചോദിച്ച അതേ ചോദ്യമാണ് പണത്തിനുവേണ്ടി നെട്ടോട്ടമോടുന്ന ജനങ്ങളെ ചൂണ്ടി ശ്രീ. നരേന്ദ്ര മോദിയും ചോദിക്കുന്നത്. "നൂറിന്റെയും അമ്പതിന്റെയും നോട്ടുകളില്ലെങ്കിലെന്താ ഇവർക്ക് രണ്ടായിരത്തിന്റെ നോട്ട് ഉപയോഗിച്ചുകൂടേ" എന്ന്. അദ്ദേഹത്തിന്റെ അടുത്ത അവകാശവാദം നോട്ട് പിൻവലിക്കലിലൂടെ ഭീകരതയുടെ വേരറുക്കും എന്നാണ്. അത് ശരിയാണെങ്കിൽ ഇന്ത്യയിൽ ഇതിനകം സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ പാറിപ്പറന്നേനെ. അതുകൊണ്ട് റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണം ഇല്ലെന്നുപറഞ്ഞ് സഹകരണ ബാങ്കുകളെ മാറ്റി നിർത്തുന്നത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഈ പ്രതിസന്ധിയുടെ ഘട്ടത്തിലും അംബാനിയുടെയും വിജയ് മല്യയുടെയുമൊക്കെ കോടിക്കണക്കിന് രൂപ എഴുതിത്തള്ളുന്നതിൽ എന്തേ ഇക്കൂട്ടർക്ക് ഒരു വിഷമവുമുണ്ടായിരുന്നില്ല. സാധാരണക്കാരായ നമ്മളൊക്കെ പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിച്ച പണമാണ് വിജയ് മല്യയ്ക്കും മറ്റും എഴുതിത്തള്ളി നൽകുന്നത്. സഹകരണ മേഖലയോട് വിവേചനം കാട്ടുന്നതിലൂടെ കേരളത്തെയാകെ തകർക്കാനാണ് ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.-യും ശ്രമിക്കുന്നത്. അതുകൊണ്ടല്ലേ കേരളത്തെ മൊത്തം ബാധിക്കുന്ന വിഷയമായിട്ടുപോലും ബി.ജെ.പി.-ക്കാർ ഇതുമായി ബന്ധപ്പെട്ട യോഗങ്ങളിൽനിന്ന് ഇറങ്ങിപ്പോകുന്നത്. സഹകരണ സംഘങ്ങൾ കള്ളപ്പണത്തിന്റെ കേന്ദ്രങ്ങളാണെന്ന് പ്രചരിപ്പിച്ച് സഹകരണ സംഘങ്ങളെ

തകർക്കുന്ന ബി.ജെ.പി.-യുടെ തനിനിറം കഴിഞ്ഞ ദിവസങ്ങളിൽ നാം കണ്ടതാണ്. മഹാരാഷ്ട്രയിലെ ബി.ജെ.പി. നേതാവും മന്ത്രിയുമായ സുഭാഷ് ദേശ്മുഖിന്റെ കാറിൽനിന്ന് 92 ലക്ഷം രൂപയുടെ നോട്ടുകളാണ് പിടിച്ചെടുത്തത്. മുനിസിപ്പൽ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഫ്ലയിംഗ് സ്ക്വാഡ് നടത്തിയ പരിശോധനയിലാണ് മന്ത്രി കുടുങ്ങിയത്. നാട്ടുകാർ അരി വാങ്ങാൻ കാശിനായി ബാങ്കിനുമുന്നിൽ ക്യൂനിന്ന് തലകറങ്ങിവീഴുമ്പോൾ കർണ്ണാടകയിലെ ഖനി മുതലാളിയും ബി.ജെ.പി. നേതാവുമായ ജനാർദ്ദന റെഡ്ഡിക്ക് നോട്ടുകെട്ടുകൾ ഒരു പ്രശ്നമേയല്ല. തന്റെ മകളുടെ കല്യാണത്തിന് ചെലവാക്കിയത് 500 കോടി രൂപയാണ്. നോട്ടുകൾ പിൻവലിച്ചതായി പ്രഖ്യാപിച്ച കാലഘട്ടത്തിൽ ബി.ജെ.പി.-യുടെ അക്കൗണ്ടിൽ കുമിഞ്ഞുകൂടിയ പണത്തിന്റെ കണക്ക് വെളിപ്പെടുത്തണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം നിരാകരിക്കപ്പെടുന്നു. അപ്പോഴാണ് നാട്ടിൻപുറത്തെ സാധാരണ സഹകരണ ബാങ്ക് കള്ളപ്പണത്തിന്റെ കേന്ദ്രമാണെന്ന് പ്രചരിപ്പിച്ച് സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുന്നത്. ഇത് കേരളത്തിന്റെ അഭിമാനപ്രശ്നമാണ്. ഒത്തിരി ചോരയും കണ്ണീരുമൊക്കെയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയത്. സഹകരണ പ്രസ്ഥാനം കേരളത്തിന്റെ ചോരയും പ്രാണനുമാണ്. അതിനെ ഇല്ലാതാക്കുക എന്നുപറഞ്ഞാൽ കേരളത്തെ ശ്വാസം മുട്ടിച്ച് കൊല്ലുക എന്നാണർത്ഥം. അത് അനുവദിക്കാൻ പാടില്ല. അതിന് കൂട്ടുനിൽക്കുന്ന കുമ്മനം രാജശേഖരനെയും കൂട്ടരെയും കേരളത്തിൽനിന്ന് ചവിട്ടി പുറത്താക്കുകതന്നെ ചെയ്യും. കേരളത്തിന്റെ സഹകരണ മേഖലയെ രക്ഷിക്കാനും നിലനിർത്താനും സഹായകമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ഈ സഭ ഏകകണ്ഠമായി പാസ്സാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

<u>ഡോ. എം. കെ. മുനീർ:</u> സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഭരണപക്ഷത്തുള്ള സഹകരണ വകുപ്പുമന്ത്രിക്ക് ആഘാതമേൽക്കുമ്പോൾ ഞങ്ങൾ നോക്കുന്നത് ആ തലയ്ക്കേൽക്കുന്ന ആഘാതം ആരാണ് ഏൽപ്പിക്കുന്നത് എന്നാണ്. അത് ഫാസിസ്റ്റ് ശക്തികളുടെ ഇരുമ്പ് ദണ്ഡാണെങ്കിൽ അതിനെ പിടിച്ചുകെട്ടേണ്ട ബാധ്യത ഞങ്ങൾക്കുമുണ്ട് എന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. ഇത്രയും വലിയൊരു അരാജകത്വം ഇന്ത്യയിൽ സ്വാതന്ത്ര്യലബ്ധിക്ക

ശേഷമുണ്ടായിട്ടില്ല. ഒരു ഏകച്ഛത്രാധിപതി അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് ഈ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകുകയാണ്. അദ്ദേഹം അദ്ദേഹത്തെമാത്രം ഓർക്കുന്ന ഒരു പ്രധാനമന്ത്രിയാണ്. അതുകൊണ്ടാണ് അദ്ദേഹത്തിനെതിരെയുള്ള വിമർശനങ്ങൾപോലും ഉൾക്കൊള്ളാൻ കഴിയാത്തത്. അദ്ദേഹം പറയുന്നത് "എന്നെ വേണമെങ്കിൽ കഴുമരത്തിൽ കയറ്റി കൊന്നുകൊള്ളൂ" എന്നാണ്. ഞങ്ങൾക്ക് അദ്ദേഹത്തോട് പറയാനുള്ളത്, അങ്ങയുടെ ജീവൻ ഞങ്ങൾക്കാവശ്യമില്ല, പക്ഷേ ഇതിനിടയിൽ നഷ്ടപ്പെട്ടുപോയ ഇന്ത്യയിലെ പാവപ്പെട്ട എഴുപതിലധികം വരുന്ന ജീവനുകളെ നമ്മൾ വിലമതിക്കുന്നുണ്ട്, അത് എണ്ണിയെണ്ണി ഞങ്ങൾ ചോദിക്കുകതന്നെ ചെയ്യും. അതിന് മതേതര ശക്തികളുടെ കൂട്ടായ്മ ആവശ്യമാണ്. അതിന്റെയൊരു നല്ല ലക്ഷണമാണ് ഈ സഭയിൽ ഇപ്പോൾ കാണുന്നത്. ഇതിന് മുന്നോട്ട് വന്നിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. ഇവിടെ യു.പി.എ. ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്തും സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനു വേണ്ടി ശക്തമായ നിലപാട് സ്വീകരിച്ചതിനെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞത് ഇന്ന് പത്രത്തിൽ വായിച്ചു. ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ ശക്തമായ ഏകാധിപത്യത്തെ എതിർക്കുന്നതിനുവേണ്ടി സ്വാതന്ത്ര്യത്തിനുമുമ്പ് രൂപംകൊണ്ട സഹകരണ മേഖല ഇന്ന് ഗ്രാമീണ മേഖലയുടെ എല്ലാതരത്തിലുമുള്ള ആശ്വാസമാണ്. 1.6 ലക്ഷം കോടി രൂപയാണ് സഹകരണ ബാങ്കുകളുടെ ആകെ നിക്ഷേപം. ഓരോ ദിവസം നടക്കുന്ന ക്രയവിക്രയങ്ങൾ പരിശോധിച്ചാൽ പ്രതിദിനം നടന്നുകൊണ്ടിരുന്ന 25,000 കോടി രൂപയുടെ ക്രയവിക്രയം നിലയ്ക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. പെട്രോൾ പമ്പിൽ വരെ രൂപ മാറാമെന്നിരിക്കെ, ആർ.ബി.ഐ. നിയന്ത്രണമുള്ള ജില്ലാ ബാങ്കുകളിൽപ്പോലും രൂപ മാറാൻ കഴിയുന്നില്ല. പാവപ്പെട്ട കർഷകരും മത്സ്യത്തൊഴിലാളികളും അതുപോലെ സഹകരണ മേഖലയുമായി ബന്ധപ്പെട്ടവർ ക്രയവിക്രയം നടത്തുന്ന ബാങ്കിൽ പണം മാറണ്ടെന്ന ധാർഷ്ട്യമാണ് കേന്ദ്ര സർക്കാർ കാണിക്കുന്നതെങ്കിൽ അവരെക്കൊണ്ടത് തിരുത്തിക്കാനുള്ള ശക്തി കേരളത്തിനുണ്ടെന്ന് തെളിയിച്ചുകൊടുക്കേണ്ട സന്ദർഭമാണിത്. 86 ശതമാനം വരുന്ന 500, 1,000 രൂപ നോട്ടുകൾ പിൻവലിച്ചത് ഇവിടത്തെ കള്ളപ്പണക്കാരെ ഇല്ലാതാക്കാനാണെന്ന് പറയുമ്പോൾ 500, 1,000 രൂപ നോട്ടുകൾ സാധാരണക്കാരൻ അവന്റെ പെൻഷനിലും ശമ്പളത്തിലും ഉൾച്ചേർത്തുവയ്ക്കുന്ന പണമാണെന്ന് തിരിച്ചറിയാൻ ഇന്ത്യൻ പ്രധാനമന്ത്രിക്ക് കഴിയുന്നില്ല. കാരണം

പ്രധാനമന്ത്രി ഇന്ത്യയിലില്ല, അദ്ദേഹം ഇതിനെ പ്രചരണമാക്കി മാറ്റുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നോട്ട് പിൻവലിച്ചതിന്റെ അടുത്ത ദിവസംതന്നെ അതിനെതിരെ ഫെയ്സ്ബുക്ക് പോസ്റ്റിംഗ് ഇട്ടപ്പോൾ കുറേ ഞരമ്പുരോഗികളായ ആളുകൾ അതിനെതിരെ എഴുതിയിട്ടുള്ള വാർത്തകൾ വായിച്ചാൽ, ഇതിനുവേണ്ടി ഇവിടെ കുറച്ചാളുകൾ ഉണ്ടെന്നുള്ളത് അറിയാൻ കഴിയും. അങ്ങനെ ശ്രീ. നരേന്ദ്ര മോദിയെ പ്രകീർത്തിച്ച് ഓൺലൈനിലിട്ടാൽ അത് വലിയ കാര്യമാണെന്ന് വിശ്വസിക്കുന്നവരോട് പറയാനുള്ളത്, ഇതൊരു കുമിള മാത്രമാണ്, അത് പൊട്ടാൻ സമയമായിരിക്കുന്നതിന്റെ സൂചനയാണെന്നാണ്. ഇപ്പോൾ മോദി കീ നോട്ടെന്ന ആപ്ലിക്കേഷൻ ഇറങ്ങിയിട്ടുണ്ട്. ആ ആപ്ലിക്കേഷൻ 2,000, 500 നോട്ടുകളുടെ നേരെവച്ചാൽ ശ്രീ. നരേന്ദ്ര മോദി പ്രസംഗിക്കുന്നത് കാണാം. ലോകചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു കറൻസിയുടെ മുകളിൽ ഒരു ആപ്ലിക്കേഷൻ വച്ചാൽ പ്രധാനമന്ത്രി പ്രസംഗിക്കുന്നത് കാണാൻ കഴിയുന്നത്. വരാനിരിക്കുന്ന കാലഘട്ടത്തിലെ എല്ലാ വർഗ്ഗീയ പ്രസംഗങ്ങളും നമ്മുടെ കറൻസിയുടെ ചെലവിൽ പ്രസംഗിച്ചുതീർക്കാനാണ് ഇദ്ദേഹം ആഗ്രഹിക്കുന്ന തെങ്കിൽ അത് ഇന്ത്യയിൽ നടപ്പിലാക്കാൻ അനുവദിക്കില്ലെന്നുള്ളതാണ് ഫാസിസ്റ്റ് വിരുദ്ധ ശക്തികൾക്ക് ഒന്നായെടുക്കാനുള്ള നിലപാട്. 2,000-ത്തിന്റെ നോട്ടിൽ നിന്നും കളർ ഇളകുകയാണ്. ടർബോ ഇലക്ട്രിക് ഇഫക്ട് കൊണ്ട് വെള്ളഷർട്ടിൽ വച്ചാൽ പിങ്ക് കളർ അതിൽ വരുമെന്നാണ് അതിന് അദ്ദേഹം പറയുന്നത്. കളർ ഇളകുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറയുന്നത്, ഇത് ഫെയ്ക്കല്ല നല്ല നോട്ടാണെന്നാണ്. ലോകത്തിനുമുമ്പിൽ കളറിളകുന്ന നോട്ട് ഇറക്കിയിട്ടുള്ള രാജ്യം എന്ന ഖ്യാതികൂടി ഇന്ത്യയ്ക്ക് ലഭിക്കാൻ പോവുകയാണ്. അടുത്തകാലത്ത് ഒരാൾ 20,000 രൂപ മാറാൻ ചെന്നപ്പോൾ മുഴുവൻ 10 രൂപയുടെ നാണയങ്ങളാണ് കൊടുത്തത്. വീട്ടിലെത്തിയപ്പോൾ അതിൽ 10 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുമില്ല. അതുകൊണ്ട് ആ പൈസ ഇനി വേണമെങ്കിൽ 20,000-മോ, 2,000-മോ ആയി ഉപയോഗിക്കാം. രാജ്യത്ത് ഇതുപോലൊരു അരാജകത്വം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഇത് സാമ്പത്തിക അടിയന്തരാവസ്ഥയാണ്. എന്തെല്ലാം ലിമിറ്റേഷനുകളാണ് ഇപ്പോൾ വച്ചിട്ടുള്ളത്. ആദായ നികുതിയുമായി ബന്ധപ്പെട്ട വിഷയമാണെങ്കിൽ അതിൽ എതിർപ്പില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. പിന്നെന്താണ് വിഷയം? ഓരോ ദിവസവും കളക്ഷനു പോകുന്ന കളക്ഷൻ ഏജന്റുമാർക്ക് എന്തെങ്കിലും ആശ്വാസം കൊടുക്കണമെന്നാണ്

എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. കാരണം അവരുടെ ജീവിതം വഴിമുട്ടിയിരിക്കുകയാണ്. കളക്ഷൻ ഏജന്റിന് ലഭിക്കുന്ന ചെറിയ സാമ്പത്തിക സഹായംപോലും നഷ്ടപ്പെട്ട സാഹചര്യത്തിൽ സഹകരണ മേഖലയെ തകർക്കാൻ നടത്തുന്ന ഏത് ശ്രമത്തെയും ഒറ്റക്കെട്ടായി നേരിടുന്നതിന് പ്രതിപക്ഷമെന്ന നിലയ്ക്ക് പ്രതിജ്ഞാബദ്ധമായി ഞങ്ങൾ ഉണ്ടാകുമെന്ന ശ്രീ. ഉമ്മൻ ചാണ്ടി അടക്കമുള്ളവരുടെ പ്രസ്താവനയ്ക്ക് അടിവരയിട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. രണ്ട് മുൻമുഖ്യമന്ത്രിമാരും ഡോ. എം. കെ. മുനീറും അവതരിപ്പിച്ച എല്ലാ ആശയങ്ങളോടും പൂർണ്ണമായി യോജിക്കുകയാണ്. ട്രെയിൻ മറിഞ്ഞാൽ മാത്രമല്ല, നോട്ടിടിഞ്ഞാലും ആളുകൾ മരിക്കുമെന്ന് തെളിയിച്ച രാജ്യമാണ് ഇന്ത്യ. അപകടത്തിൽപ്പെട്ട് മരിച്ചവർക്കുമാത്രമല്ല, നോട്ടുപിൻവലിച്ചതുമൂലം ആത്മഹത്യ ചെയ്യേണ്ടിവന്ന 70-ഓളം പേർക്കുകൂടി പാർലമെന്റ് അനുശോചനം രേഖപ്പെടുത്തണമെന്ന ആവശ്യമാണ് ഇന്നലെ ശ്രീ. സീതാറാം യെച്ചൂരി പാർലമെന്റിൽ ഉന്നയിച്ചത്. നമുക്ക് കാര്യങ്ങൾ നടപ്പിലാക്കാം, അത് പ്രധാനമന്ത്രിക്കും നടപ്പിലാക്കാം. അങ്ങനെ നടപ്പിലാക്കുമ്പോൾ അദ്ദേഹം ഇന്ത്യയിലെ 133 കോടി ജനങ്ങളെ മനസ്സിൽ കാണണം. ഇന്ത്യൻ പ്രധാനമന്ത്രി അംബാനിയുടെയോ, അദാനിയുടെയോ അതുപോലെ മറ്റു ചിലരുടേയോ മാത്രം പ്രധാനമന്ത്രിയല്ല. ഇന്ത്യയിലെ 133-ലധികം കോടി ജനങ്ങളുടെ പ്രധാനമന്ത്രിയാണ്. അതിൽ 78 കോടി മനുഷ്യർ എ.ടി.എം., ഡെബിറ്റ്-ക്രെഡിറ്റ് കാർഡുകൾ ഇല്ലാത്തവരും 100 രൂപ ഒരു ദിവസം ചെലവാക്കാൻ ഇല്ലാത്തവരുമായ പാവങ്ങളാണ്. ആ മനുഷ്യരുടെ അദ്ധ്വാനത്തിന്റെയും അന്തസ്സിന്റെയും പുറത്തു വീഴ്ത്തിയ കരിമഷിയാണ് നോട്ട് പിൻവലിക്കലെന്ന പ്രധാനമന്ത്രിയുടെ 8-ാം തീയതി രാത്രി 8 മണിക്കുള്ള പ്രഖ്യാപനം. അദ്ദേഹത്തിന് വേണമെങ്കിൽ വലിയ മുന്നൊരുക്കം നടത്താമായിരുന്നു. പണ്ട് ജർമ്മനിയിലും ഹംഗറിയിലും അടുത്ത കാലത്ത് സിംബാബ് വേയിലും നോട്ട് പിൻവലിക്കൽ നടത്തിയിട്ടുണ്ട്. പക്ഷേ അതെല്ലാം ചെറിയ രാജ്യങ്ങളാണ്. അതിന്റെപോലും പ്രത്യാഘാതങ്ങൾ നല്ലതായിരുന്നില്ല. ജർമ്മനിയിൽ പല റിസർവ് ബാങ്ക് ഗവർണർമാർക്കും മാറേണ്ടിവരികയും പല ധനകാര്യ വകുപ്പുമന്ത്രിമാർക്കും രാജിവയ്ക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്. ഇവിടത്തെ 133-ലധികം കോടി മനുഷ്യരുടെ മുമ്പിൽ ഇത്തരത്തിലൊരു പ്രഖ്യാപനം മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സൂചിപ്പിച്ചതുപോലെ, 100 രൂപ കൊണ്ട് ഇന്ന്

നിലനിർത്തിയിരുന്ന പണമിടപാട് സംവിധാനം അതിന്റെ 14 ശതമാനം കാശുകൊണ്ട് മാത്രം പിൻവലിക്കേണ്ടിവരുന്ന പ്രഖ്യാപനമാണിത്. 1000, 500 രൂപ നോട്ടുകൾ പിൻവലിക്കപ്പെടുമ്പോൾ രാജ്യത്ത് എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കണം. ഫ്ലൈറ്റിൽ സഞ്ചരിക്കുന്നവന് പ്രയാസമില്ലെങ്കിലും ആട്ടോറിക്ഷയിൽ സഞ്ചരിക്കുന്നവന് പ്രയാസമുണ്ടാകുന്നു. സെവൻ സ്റ്റാർ ഹോട്ടലിൽനിന്ന് ഭക്ഷണം കഴിക്കുന്നവന് ബുദ്ധിമുട്ടില്ലെങ്കിലും തട്ടുകടയിൽനിന്നും ഭക്ഷണം കഴിക്കുന്നവൻ ബുദ്ധിമുട്ടുന്നു. പാവപ്പെട്ട മനുഷ്യന്റെ ജീവിതത്തിൽ വല്ലാത്ത പ്രയാസമുണ്ടാക്കുന്ന ഇത്തരത്തിലൊരു പ്രഖ്യാപനം നടപ്പിലാക്കുമ്പോൾ അതിനെ എങ്ങനെ നേരിടാമെന്നതിന് തീർച്ചയായും പ്രധാനമന്ത്രി സമ്പൂർണ്ണമായ ഹോംവർക്ക് നടത്തണമായിരുന്നു. ലോകത്ത് ഒരിടത്തും കള്ളപ്പണം നിക്ഷേപിക്കുന്നത് മുഴുവൻ നോട്ടിലൊന്നുമല്ല. കള്ളപ്പണവും കള്ളനോട്ടും ഇല്ലാതാക്കണമെങ്കിൽ സമ്പദ് വ്യവസ്ഥയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തണം. സാമ്പത്തിക വിദഗ്ദ്ധനായ ഡോ. മൻമോഹൻ സിംഗ്, അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞത്, വലതുപക്ഷ നയം സ്വീകരിക്കുന്ന ഒരു സാമ്പത്തിക നയത്തിൽ അഴിമതിയും തെറ്റുകളും വളർച്ചയും വളർച്ചയുടെ കൂടെ ചില മൂല്യങ്ങളുടെ ശോഷണവുമുണ്ടാകുമെന്നാണ്. അങ്ങനെയാണെങ്കിൽ അടിസ്ഥാനപരമായ ചില തിരുത്തലുകൾ നടത്തിക്കൊണ്ടേ ഇന്ത്യൻ പണത്തെയും ഇന്ത്യയെയും ശുദ്ധീകരിക്കാൻ കഴിയുകയുള്ളൂ. അതിൽനിന്ന് മാറി സഞ്ചരിക്കുന്ന സംവിധാനത്തിൽനിന്ന് മാറാൻ പ്രധാനമന്ത്രി തയ്യാറുണ്ടോയെന്നുള്ളതാണ് ചോദ്യം. 1,000, 500 രൂപയുടെ നോട്ടുകൾ പിൻവലിക്കുമ്പോൾ അദ്ദേഹത്തിന് ചെറിയ നോട്ടുകളായ 200, 250 രൂപയുടെ നോട്ടുകൾ ഇറക്കാമായിരുന്നു. അങ്ങനെയെങ്കിൽ ആളുകളുടെ കയ്യിൽ കുറച്ചുകൂടി നോട്ടുകൾ ലഭിക്കുകയും അധികമാരും അറിയുകയുമില്ലായിരുന്നു.

10.00 am]

ഇപ്പോൾ 2000 രൂപയുടെ നോട്ട് അടിച്ചപ്പോൾ വന്ന പ്രശ്നം ആളുകൾക്ക് പച്ചക്കറി വാങ്ങാനോ പഴം വാങ്ങാനോ സാധിക്കുന്നില്ല എന്നതാണ്. ഞാൻ കഴിഞ്ഞ ദിവസം കെ.എസ്.ആർ.ടി.സി.-ബസിൽ സഞ്ചരിച്ചപ്പോൾ എന്റെ കയ്യിലിരുന്ന 2000 രൂപയുടെ നോട്ട് കൊടുത്തു. ഞാനായതുകൊണ്ടായിരിക്കും, തിരുവനന്തപുരത്തുനിന്ന് ആ ലോ ഫ്ലോർ ബസ് എറണാകുളത്ത് എത്തിയതിനു ശേഷമാണ് കണ്ടക്ടർ ബാക്കി ചില്ലറ തന്നത്. അപ്പോൾ പാവപ്പെട്ടവരുടെ സ്ഥിതി എന്തായിരിക്കും; സാധാരണ മനുഷ്യന്റെ നിത്യജീവിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനത്തിൽ 500, 1000 രൂപ നോട്ടുകൾ പിൻവലിച്ചിട്ട്

2000 രൂപയുടെ നോട്ട് കൊടുത്താലും ഫലത്തിൽ 500, 1000 രൂപ നോട്ട് പിൻവലിക്കുന്നതുപോലെതന്നെയാണ്. എന്റെ കയ്യിലിരിക്കുന്നത് 20 രൂപ നോട്ടാണ്. ഇതിൽ ഒരെഴുത്തുണ്ട് "I promise to pay the bearer the sum of twenty rupees" റിസർവ് ബാങ്ക് ഗവർണറാണ് നമുക്ക് തരുന്ന ഈ കടലാസ്സിന് ഇരുപതുരൂപ വിലയുണ്ടെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. അദ്ദേഹമാണ് പ്രോമിസ് ചെയ്തിരിക്കുന്നത്. അങ്ങനെയാണെങ്കിൽ 500 രൂപയിലും 1000 രൂപയിലുമെല്ലാം റിസർവ് ബാങ്ക് ഗവർണറുടെ ഈ പ്രോമിസുണ്ട്. ഒരു രാത്രിയിൽ ആ നോട്ടിന് വിലയില്ലാതായാൽ, ആ നോട്ട് അസാധുവാക്കിയാൽ, പകരം അതേ മൂല്യമുള്ള മറ്റൊന്ന് ആ രാത്രിയിൽത്തന്നെ കൊടുക്കാൻ റിസർവ് ബാങ്ക് ഗവർണ്ണർ ബാധ്യസ്ഥനാണ്. കാരണം ഇത് ഒരു ഗവൺമെന്റുണ്ടാക്കുന്ന കരാറാണ്. മാത്രമല്ല, ഈ കരാറിൽ 'guaranteed by the Central Government' എന്നുകൂടി പറഞ്ഞിട്ടുണ്ട്. ശ്രീ. നരേന്ദ്ര മോദി കേന്ദ്ര ഗവൺമെന്റ് നായകനാണെങ്കിൽ, ശ്രീ. ഊർജ്ജിത് പട്ടേൽ ഇൻഡ്യയിലെ റിസർവ് ബാങ്ക് ഗവർണറാണെങ്കിൽ 8-ാം തീയതി രാത്രി 8.00 മണിക്ക് നോട്ടുകൾ പിൻവലിക്കപ്പെട്ടപ്പോൾ, 8.00 മണിക്കുശേഷം എന്റെ പോക്കറ്റിൽ കിടക്കുന്ന 500 രൂപ നോട്ട് മരിച്ച നോട്ടാണെങ്കിൽ, ഒരു ജീവിക്കുന്ന നോട്ട് എനിക്ക് തരാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. അവിടെയാണ് പ്രിയപ്പെട്ട ഉമ്മൻ ചാണ്ടി പറഞ്ഞതുപോലെ ഇതിലൊരു ഭരണഘടനാലംഘനമുള്ളത്. നിയമസംവിധാനത്തിൽത്തന്നെ ഇത് നിലനിൽക്കുന്നതല്ല. 'വെള്ളം ചോദിച്ച് വരുന്നവന് ഗ്ലാസ്സിൽ വെള്ളം കൊടുക്കുന്നതിനുപകരം ആഴമുള്ള കിണർ കാണിക്കുന്നതുപോലെയാണ്. അവന് ഒന്നുകിൽ ചാടി ചാകാം, അല്ലെങ്കിൽ കരയിലിരുന്ന് മരിക്കാം' എന്നതാണ് ഇപ്പോൾ ഇറക്കിയ 2000 രൂപ നോട്ടിന്റെ സ്ഥിതി. 2000 രൂപ കയ്യിലുണ്ടെങ്കിൽ അത് ഉപയോഗിക്കാൻ പറ്റുകയില്ല. മണ്ടൻ തീരുമാനമൊക്കെ എടുക്കാം, ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് എനിക്ക് പറയാനുള്ളത്, അദ്ദേഹം എപ്പോഴും പുരാണമൊക്കെ ഉദ്ധരിക്കുന്ന ആളാണ്. മഹാഭാരതവും രാമായണവുമൊക്കെ പറയുന്ന ആളാണ്. അദ്ദേഹത്തിന് ഇൻഡ്യൻ സ്ത്രീകളുടെ ശാപമുണ്ട്. ഒരു സ്ത്രീയുടെ ശാപം തീർച്ചയായിട്ടും ഉണ്ട്. അദ്ദേഹം പറയുന്നത് അദ്ദേഹത്തിന് കുടുംബമില്ലെന്നാണ്. ഞാൻ പറയുന്നത് അദ്ദേഹത്തിന് കുടുംബമുണ്ടായിരുന്നു വെങ്കിൽ ഈ മണ്ടത്തരം കാണിക്കുമായിരുന്നില്ല എന്നാണ്. കാരണം, ഈ നാട്ടിലെ ഇത്രയും ജനങ്ങളെ ഇങ്ങനെ വിഷമിപ്പിക്കുന്ന ഒരവസ്ഥയിലേയ്ക്ക് അദ്ദേഹം കൊണ്ടുപോകില്ലായിരുന്നു. ഇൻഡ്യൻ സഹകരണമേഖല പ്രത്യേകിച്ച് കേരളത്തിലെ സഹകരണമേഖല നമ്മുടെ ജനാധിപത്യ മതേതരത്വ സംവിധാനത്തിന്റെ

പണമിടപാട് സംവിധാനത്തിൽ കേരളത്തിന്റെ കാവലാണ്. ഇത് മതേതരത്വപരമായും ജനാധിപത്യപരമായും നാടറിഞ്ഞ്, നാടിന്റെ വിശ്വാസ്യത ഏറ്റെടുത്ത്, ചെറിയ നിക്ഷേപങ്ങൾ സ്വീകരിച്ച്, ചെറിയ ആവശ്യങ്ങൾക്ക് തുക നൽകി നിലനിൽക്കുന്ന ഒരു മതേതര ജനാധിപത്യ സംവിധാനം കേരളത്തിന്റെ മതേതര ജനാധിപത്യ മൂല്യങ്ങളുടെകൂടി കാവലാണ്. അതിനെ തകർക്കാൻ കേന്ദ്രമല്ല ആര് ശ്രമിച്ചാലും ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. അതിന് ഗവൺമെന്റ് ഗ്യാരണ്ടിയാകണം. അവിടെയുള്ള ഓരോ നിക്ഷേപത്തിലും ഒരു സ്വപ്നവും പ്രതീക്ഷയുമുണ്ട്, ചിലപ്പോൾ മകളുടെ കല്ല്യാണ പ്രതീക്ഷയോ വിദ്യാഭ്യാസ പ്രതീക്ഷയോ ആയിരിക്കാം. അവിടെനിന്നെടുക്കുന്ന ഓരോ കടത്തിലും അവന്റെ ചെറിയ ആവശ്യങ്ങളുടെ ഒരു പ്രവർത്തന നിർവ്വഹണമുണ്ട്. ഇത് രണ്ടുംചേർന്ന് ഇവിടെ പറഞ്ഞതുപോലെ ദിവസം 25000 കോടി രൂപ എന്ന രീതിയിൽ 1,27,000 കോടി രൂപയുടെ നിക്ഷേപവും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി നിൽക്കുന്ന ഈ സഹകരണമേഖല നമ്മുടെ അഭിമാനവും ജീവിതവും നമ്മുടെ സങ്കടങ്ങൾക്കുള്ള പരിഹാരവുമാണ്. നമ്മുടെ ചെറിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്ന അഭയമാണ്. ചെറിയ ആവശ്യങ്ങൾ നിർവ്വഹിച്ചു തരുന്ന, ദൈവസങ്കൽപ്പം ഉള്ളവർക്ക് ആ സങ്കൽപ്പം പോലെതന്നെ പ്രധാനമാണ്. അതിനെ തകർക്കാനുള്ള ഏത് നീക്കത്തെയും ചെറുക്കാൻ ഈ സഭയുടെ ഒന്നാകെയുള്ള അഭ്യർത്ഥനയിൽ ശക്തമായി ഞാനും പങ്കുചേരുകയാണ്.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. സഹകരണ ബാങ്കുകളിലെല്ലാം കള്ളപ്പണമാണ് എന്നുള്ള പ്രചരണം നടത്തിക്കൊണ്ട് ഇപ്പോൾ സഹകരണ ബാങ്കുകളിൽനിന്നും പണം പിൻവലിക്കുന്നതിന് വിലക്ക് കൊണ്ടുവന്നിരിക്കുന്നത് വാസ്തവത്തിൽ വളരെ പ്രതിഷേധാർഹമായ ഒരു കാര്യമാണ്. കള്ളപ്പണമുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയും സ്വീകരിക്കാം. റിസർവ് ബാങ്കിന് വേണമെങ്കിൽ ഒബ്സർവേഴ്സിനെ എല്ലാ ബാങ്കുകളിലും നിയമിക്കാം. അന്വേഷിച്ച് നടപടികൾ സ്വീകരിക്കുക എന്നതിനുപകരം സഹകരണ ബാങ്കുകൾക്ക് കൂച്ചുവിലങ്ങ് ഏർപ്പെടുത്തിയിരിക്കുന്നത് നീതികരിക്കാവുന്നതല്ല. അത് വളരെയധികം പ്രതിഷേധാർഹമായ ഒരു കാര്യമാണ്. ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ ബാങ്കുകൾക്കും 500 രൂപയുടെയും 1000 രൂപയുടെയും നോട്ടുകൾ ഇപ്പോൾ സ്വീകരിക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥ വന്നിരിക്കുകയാണ്. ഇതൊരു ഭരണഘടനാലംഘനമാണ്. 97-ാം ഭരണഘടനാ ഭേദഗതി നിയമത്തിൽകൂടി 'Co-operative societies' എന്ന് കൂട്ടിച്ചേർത്തിട്ടുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഒരു

ഭരണഘടനാ സ്ഥാപനമാണ് എന്നുപറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ സാധാരണനിലയിലുള്ള പ്രവർത്തനങ്ങളെ ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ വിലക്കാൻ സാധ്യമല്ല. അത് ഭരണഘടനാവിരുദ്ധമായ ഒരു നടപടിയാണെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ഇവിടത്തെ സഹകരണ ബാങ്കുകളെ തകർക്കാനുള്ള നിഗൂഢമായ ഒരു അജണ്ട ഇതിന്റെ പിന്നിലുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സഹകരണ ബാങ്കുകളെ തകർക്കാൻ ആദ്യത്തെ ശ്രമമുണ്ടായ വൈദ്യനാഥൻ റിപ്പോർട്ടിനെതിരെ നമ്മൾ ഒന്നിച്ചുനിന്നുകൊണ്ട് എതിർത്തതുപോലെ രാഷ്ട്രീയം മറന്നുകൊണ്ട് ഒറ്റക്കെട്ടായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എല്ലാ പിന്തുണയും ഞങ്ങൾ നൽകുകയാണ്. ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഇതിനെ എതിർത്ത് ചെറുത്തു തോൽപ്പി ക്കേണ്ടിയിരിക്കുന്നു. അതിനുള്ള ശക്തമായ നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ 1969-ലാണ് കേരള കോ-ഓപ്പറേറ്റീവ് നിയമം നിലവിൽ വന്നത്. നമ്മുടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലേയ്ക്കും സഹകരണ പ്രസ്ഥാനം കടന്നുവന്നിട്ടുണ്ട്. ആ നിലയ്ക്ക് റിസർവ് ബാങ്ക് നിബന്ധനകൾ എത്രയോ വലിയ പ്രശ്നമാണുണ്ടാക്കിയിരിക്കുന്നത്. ഇവിടെ 14 ജില്ലാ സഹകരണ ബാങ്കുകൾ, 4045 പ്രാഥമിക ക്രെഡിറ്റ് സൊസൈറ്റികൾ, 4651 പ്രാഥമിക സഹകരണ സംഘങ്ങൾ, 5926 വിവിധോദ്ദേശ്യ സഹകരണസംഘങ്ങൾ എന്നിവയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 15,257 സഹകരണ സംഘങ്ങളുള്ള കേരള സംസ്ഥാനത്തെപ്പോലെ സഹകരണ പ്രസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങൾ ഇത്രമാത്രം ശക്തമാണോ എന്നെനിക്കറിഞ്ഞുകൂടാ, ഏതായാലും സഹകരണ പ്രസ്ഥാനങ്ങളുടെ കാര്യത്തിൽ കേരളമാണ് ഇൻഡ്യയിൽ മുന്നിൽ നിൽക്കുന്നൊരു സംസ്ഥാനം. ഈ നിലയിൽ കേരളത്തിലെ 86 ശതമാനം ജനങ്ങളുടെയും സാമ്പത്തിക സ്രോതസ്സായ സഹകരണ സംഘങ്ങളെ നിർജ്ജീവമാക്കുന്ന നടപടി ഒരിക്കലും അനുവദിക്കത്തക്കതല്ല. അതുകൊണ്ട് നമ്മൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ ഹീനമായ നടപടിയെ ചെറുത്ത് തോൽപ്പിക്കേണ്ടിരിയിക്കുന്നു. 14,000 രജിസ്റ്റേർഡ് മണി ലെൻഡേഴ്സ് കേരളത്തിലുണ്ട്. ഇപ്പോൾ മണി ലെൻഡേഴ്സിന്റെ കൊയ്ത്തുകാലമാണ്. സഹകരണ സംഘങ്ങൾ ദുർബലപ്പെട്ടാൽ കൊള്ളപ്പലിശക്കാരുടെ വിഹാരരംഗമായി കേരളം മാറും എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് സഹകരണ ബാങ്കുകൾക്കെതിരെയുള്ള ഈ നീക്കങ്ങൾ കേന്ദ്രഗവൺമെന്റ് ഉപേക്ഷിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. സഹകരണ ബാങ്ക് അക്കൗണ്ടുകൾക്ക് 'Know Your Customer' നിബന്ധന പാലിക്കുവാൻ സമയം കൊടുക്കാം. 90 ശതമാനം

ആളുകൾക്കും ഇപ്പോൾ ആധാർ കാർഡുള്ളതുകൊണ്ട് ഒരു ബുദ്ധിമുട്ടും അക്കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. വാണിജ്യ ബാങ്കുകൾ നടത്തുന്ന ബിസിനസ്സുകൾ നടത്തുവാൻ സ്വാതന്ത്ര്യമുള്ള സഹകരണ ബാങ്കുകളുടെ ആ സ്വാതന്ത്ര്യം കളയുന്നത് ഭരണഘടനാവിരുദ്ധമായ ഒരു നടപടിയായിരിക്കും എന്ന് മുന്നറിയിപ്പ് നൽകികൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നാൽപ്പത്തിഒന്നേകാൽ ലക്ഷം കോടി രൂപയുടെ ബിസിനസ്സ് നടത്തുന്ന സഹകരണ ബാങ്കുകൾ തളർന്നാൽ കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥകൾ ആകെ തകരും. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ വിനാശകരമായ ഈ നടപടി ഉപേക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുവാൻ ആവശ്യമെങ്കിൽ സർവ്വകക്ഷി സംഘം ഡൽഹിയിലേയ്ക്ക് പോകണം. അവിടെ പോയിട്ടും കാര്യങ്ങൾ നേരെചൊവ്വെ വരുന്നില്ലെങ്കിൽ ശക്തമായ ബഹുജന പ്രക്ഷോഭത്തിലേയ്ക്ക് കടക്കാൻ നമുക്ക് കഴിയണം. ഇതിലേയ്ക്കായി മുഖ്യമന്ത്രി എടുക്കുന്ന ഏത് നടപടിക്കും ഞങ്ങളുടെ പിന്തുണയുണ്ടെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇവിടെ നേതാക്കന്മാർ പറഞ്ഞ അഭിപ്രായത്തോട് ഞാൻ പരിപൂർണ്ണമായും യോജിക്കുകയാണ്. ഇങ്ങനെപോയാൽ ജനങ്ങൾ തെരുവിലേയ്ക്ക് ഇറങ്ങുമെന്ന് സുപ്രീംകോടതി ഒരു പരാമർശം നടത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഗുജറാത്തിൽ അത് തുടങ്ങിക്കഴിഞ്ഞു. ഗുജറാത്തിലെ ക്ഷീരകർഷകരും പച്ചക്കറി കച്ചവടക്കാരുമെല്ലാം തെരുവിലിറങ്ങിക്കഴിഞ്ഞു. ഇന്ത്യ മുഴുവൻ ഇത് തുടങ്ങാൻ പോവുകയാണ്. ഗ്രാമീണമേഖല മുഴുവൻ തകർന്നിരിക്കുകയാണ്. കേരളത്തിൽ തന്നെ ഒന്നും രണ്ടും പശുക്കളെ വച്ച് കുടുംബം പുലർത്തുന്ന, കുട്ടികളുടെ വിദ്യാഭ്യാസം നടത്തുന്ന ആളുകളുടെ സ്ഥിതി എന്താണ്? ഒരു പാൽ സൊസൈറ്റിയിൽ ഒരാഴ്ച ഏകദേശം മൂന്നുലക്ഷം രൂപയുടെ പാലാണ് ക്ഷീര കർഷകർ കൊടുക്കുന്നത്. ഇപ്പോൾ അവർക്ക് യൂണിയൻ ബാങ്കിൽനിന്ന് 24,000 രൂപയാണ് കൊടുക്കുന്നത്. ആറ് ലക്ഷം രൂപ കൊടുക്കേണ്ടിടത്ത് കഴിഞ്ഞ പതിനാലു ദിവസമായി കൊടുത്തിരിക്കുന്നത് 48,000 രൂപയാണ്. എങ്ങനെയാണ് അവരുടെ കുടുംബം കഴിയുന്നത്? ശ്രീ. ഒ. രാജഗോപാലിനോട് എനിക്ക് പറയാനുള്ളത് പശുവിന് തീറ്റ കൊടുക്കാൻ പണമില്ല. നിങ്ങൾ പശുവിന്റെ ആൾക്കാരാണല്ലോ. പശു പട്ടിണിയിലാണ്. ജനങ്ങൾ പട്ടിണിമൂലം മരിക്കുന്നതുപോലെ പാൽ സൊസൈറ്റിൽനിന്ന് പണം കിട്ടാത്തതിന്റെ പേരിൽ

പശുക്കളും പട്ടിണിയിലാകുന്നു. 80 കോടി രൂപ ക്ഷീരകർഷകർക്ക് കൊടുക്കാനുണ്ട്. ഇത് എങ്ങനെയാണ് കൊടുക്കുക, ഈ പണം കൊടുക്കാൻ എന്താണ് സംവിധാനം? അതിന് എന്തെങ്കിലുമൊരു ഏർപ്പാട് ചെയ്തില്ലെങ്കിൽ പാൽ വിറ്റ് ജീവിക്കുന്നവരുടെ കുടുംബം കഷ്ടത്തിലാകും. അതുപോലെതന്നെയാണ് നെൽകൃഷിക്കാരുടെ സ്ഥിതിയും. നെൽകർഷകർക്ക് മൊത്തത്തിൽ 285 കോടി രൂപ ഗവൺമെന്റ് പാസ്സാക്കി. ആ തുക എടുക്കാൻ വഴിയില്ല. 189 കോടി രൂപയിൽ 120 കോടി രൂപയും പാലക്കാട് സഹകരണ സംഘങ്ങളിലേയ്ക്കാണ് കൊടുത്തിരിക്കുന്നത്. ആ സഹകരണ സംഘങ്ങൾ നെല്ല് അളന്നെടുത്തിട്ട് പണം കൊടുക്കാൻ മാർഗ്ഗമില്ലെന്ന് പറഞ്ഞാൽ നെൽകർഷകർ എങ്ങനെയാണ് ജീവിക്കുക. 120 കോടി രൂപ സഹകരണ സംഘത്തിലൂടെ വിതരണം നടത്താനായി കൊടുത്തിട്ട് സഹകരണ സംഘത്തിൽനിന്ന് ഒരു രൂപപോലും എടുക്കാൻ കഴിയുന്നില്ല. മറ്റ് നാഷണലൈസ്ഡ് ബാങ്കുകളിലും കൊടുത്തിട്ടുണ്ട്. അവിടെനിന്നും പണമെടുക്കാൻ വഴിയില്ല. കൃഷിക്കാരന് എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? ക്രോപ്പ് ലോണിന്റെ കാര്യമെടുത്താൽ ഇപ്പോൾ ഫസ്റ്റ് ക്രോപ്പ് കഴിഞ്ഞു, സെക്കൻഡ് ക്രോപ്പ് ഇറക്കണം. ക്രോപ്പ് ലോണിനുവേണ്ടി നബാർഡ് പാസ്സാക്കിയ 1200 കോടി രൂപയുണ്ട്. അത് വിതരണം നടത്താൻ കഴിയുമോ? നെൽകൃഷിക്കാരൻ ഞാറ്റടി തയ്യാറാക്കി അത് നടണമെങ്കിൽ കൂലി കൊടുക്കണ്ടേ? കൂലി കൊടുക്കാനുള്ള പണം വിത്ഡ്രോ ചെയ്യാനുള്ള വഴി എന്താണെന്ന് പറഞ്ഞുതരേണ്ട ബാധ്യതയില്ലേ? നെൽകൃഷിക്കാരന്റെയും പച്ചക്കറി കൃഷിക്കാരന്റെയും സ്ഥിതി എന്താകും? റബ്ബർ ഇറക്കുമതി ചെയ്യാനേ സാധിക്കുന്നില്ല. പച്ചക്കറി മാർക്കറ്റുകൾ മുഴുവൻ അടഞ്ഞുകിടക്കുന്നു. പതിനാലുദിവസത്തിനുമുമ്പ് മാർക്കറ്റിൽ ഒരു കിലോ തക്കാളിക്ക് 18 രൂപയായിരുന്നു. ഇന്നലെ ഒരുകിലോ തക്കാളി ഒരു രൂപയ്ക്കെടുക്കാനാളില്ലാത്ത അവസ്ഥയാണ്. കരഞ്ഞുകൊണ്ടാണ് കൃഷിക്കാർ പോകുന്നത്. വാഴക്കുല വെട്ടിക്കൊണ്ടുവന്നിട്ട് പണമില്ലാത്തതുകാരണം ചന്തയിൽ എടുക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. സഹകരണ മേഖല തകർക്കുകയെന്നതാണ് ബി.ജെ.പി. ഗവൺമെന്റിന്റെ ഉദ്ദേശ്യം. ഗുജറാത്തിൽ അമൂലിനെ തകർക്കാൻ പോകുകയാണ്. അമൂലിന് ഇപ്രാവശ്യം അമെന്റ്മെന്റ് കൊണ്ടുവന്നു. 12,000 കോടി രൂപയാണ് ടോട്ടൽ ബഡ്ജറ്റ്. ഇന്ത്യയിലെ നമ്പർ വൺ ആയ അമൂലിനെ തകർക്കാനല്ലേ ശ്രമിക്കുന്നത്. ഇപ്രാവശ്യം അവിടെ ഡയറക്ടർ ബോർഡ് കൂടാൻ സമ്മതിച്ചിട്ടില്ല. അതിനെ പിടിച്ചെടുക്കാൻ നോക്കുകയാണ്. സഹകരണ സംഘങ്ങളെ മുഴുവൻ തന്റെ കയ്യിലാക്കാനാണ് ശ്രീ.

മോദി ശ്രമിക്കുന്നത്. ഇന്ത്യയിലെവിടെയും ഇവരുടെ കയ്യിൽ സഹകരണ സംഘങ്ങളില്ല. ഗുജറാത്തിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നോമിനേറ്റ് ചെയ്ത് പിടിക്കാൻ നോക്കി. പക്ഷേ അത് നടന്നില്ല. അപ്പോൾ സഹകരണ സംഘങ്ങളെ മുഴുവൻ കയ്യിലാക്കുകയെന്ന ഗൂഢ ഉദ്ദേശ്യമാണിതിന്റെ പിന്നിൽ. അതുപോലതന്നെ നാഷണലൈസ്ഡ് ബാങ്കുകളും പ്രൈവറ്റ് ബാങ്കുകളുമൊക്കെ നഷ്ടത്തിലല്ലേ? എത്ര കോടി രൂപയാണ് നഷ്ടം. രഘുരാമന്റെ റിപ്പോർട്ട് പ്രകാരം വലിയൊരു നഷ്ടമാണ്. അവിടെയുള്ള ഡെപ്പോസിറ്റുകൾ മുഴുവൻ പോയിരിക്കുകയാണ്. അവിടെയുള്ള വൻകിടക്കാരുടെ കടം എഴുതിതള്ളിയതുമായി ബന്ധപ്പെട്ട് ആ ബാങ്കുകളൊക്കെ നഷ്ടത്തിലായി. അതുകാരണം സാധാരണ പാവപ്പെട്ടവരുടെ മുഴുവൻ ഡെപ്പോസിറ്റും അവിടെ കൊണ്ടുവന്ന് ആ ബാങ്കുകൾ ലാഭത്തിലാണെന്ന് വരുത്തിതീർക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിന്റെ ഫലം ഇതിനുമുമ്പുള്ള ബഡ്ജറ്റിൽ ശ്രീ. അരുൺ ജെയ്റ്റ്ലി ചെയ്തിട്ടുണ്ട്. ആ സഹകരണ സംഘങ്ങളുടെ ഷെയർ മുഴുവൻ ഒരു ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനിക്ക് മാറ്റി. ആ കമ്പനിക്ക് വേണമെങ്കിൽ ഇത് പ്രൈവറ്റാക്കാം. നേരത്തെ അങ്ങനെ ചെയ്തപ്പോൾ ബാങ്കുകളെ ഏറ്റെടുക്കാൻ ആരും തയ്യാറായിരുന്നില്ല. ഇപ്പോൾ ഇത്രയും വലിയ സംഖ്യ ഈ ബാങ്കുകളിൽ വരുമ്പോൾ പ്രൈവറ്റ് ബാങ്കുകൾക്ക് ഏറ്റെടുക്കാനുള്ള സാഹചര്യംകൂടി ഒരുക്കുകയാണ് ശ്രീ. മോദി ചെയ്തത്. ഇപ്പോൾ ശ്രീ. അംബാനി മിൽക്കിന്റെ വലിയൊരു കമ്പനി തുടങ്ങാൻ പോവുകയാണ്. ആ കമ്പനി തുടങ്ങുമ്പോൾ ആദ്യം അമൂൽ-നെ തകർക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. അതുപോലെ പാൽ ഇറക്കുമതി ചെയ്യാൻ തുടങ്ങി. യൂറോപ്പിൽനിന്ന് പാൽ ഇറക്കുമതി ചെയ്യാനുള്ള നടപടി പെപ്സിയാണ് ഏറ്റെടുത്തിരിക്കുന്നത്. ഇങ്ങനെ സ്വകാര്യ കമ്പനികളെ സഹായിക്കാനും സഹകരണ പ്രസ്ഥാനത്തെ മുഴുവൻ തകർക്കാനുമുള്ള വലിയൊരു ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ട്. അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതുമൂലം സാധാരണക്കാരുടെ ജീവിതം വഴിമുട്ടുകയാണ്. കൂലി കൊടുക്കാൻ പണമില്ല, തൊഴിലുറപ്പുകാർ ജോലി ചെയ്താൽ അവർക്ക് കൂലികൊടുക്കാൻ പണം കിട്ടാത്ത അവസ്ഥ, ജനങ്ങൾക്ക് ആശുപത്രിയിൽ പോകാൻ പണമില്ലാത്ത അവസ്ഥ തുടങ്ങി വലിയൊരു പ്രതിസന്ധിയിലാണ് ജനങ്ങൾ. വലിയൊരു ദുരന്തത്തിലേയ്ക്കാണ് നമ്മുടെ നാട് നീങ്ങുന്നത്. ഗുജറാത്തിലെപോലെ ഇന്ത്യയിലെ മുഴുവൻ ജനങ്ങളും തെരുവിലേയ്ക്കിറങ്ങുന്ന അവസ്ഥയിലേയ്ക്കാണ് ശ്രീ. മോദി ഗവൺമെന്റ് കൊണ്ടെത്തിച്ചിരിക്കുന്നത്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പരിപൂർണ്ണമായും ഞാൻ അനുകൂലിക്കുന്നു.

10.13 am]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ പൊതുവായ വികാരമാണ് ഇന്ന് ഈ സഭയിൽ പ്രതിഫലിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാമൂഹിക മാറ്റങ്ങൾക്ക് സഹകരണ മേഖല നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്. ഇന്ന് നമ്മുടെ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ ഉന്നതമായ ജീവിത നിലവാരം കേരളത്തിൽ കാണാൻ കഴിയും. അതിന് അടിസ്ഥാനമിടാൻ കഴിഞ്ഞത് സഹകരണ മേഖലയുടെ ശക്തമായ ഇടപെടലാണ്. കേരളത്തിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഒറ്റ നെറ്റ്‌വർക്കാക്കി മാറ്റുവാൻ സഹകരണ പ്രസ്ഥാനത്തിന്റെ കടന്നുവരവോടെ കഴിഞ്ഞിട്ടുണ്ട്. അത് പതിറ്റാണ്ടുകളായി നമ്മൾ നേടിയെടുത്ത ഒരു വലിയ കരുത്താണ്. ആ കരുത്ത് ചോർന്നുപോകുവാനുള്ള ഒരു സാഹചര്യം നമുക്ക് അനുവദിച്ചുകൂടാ. ഇന്ന് ഗ്രാമീണ ജനതയ്ക്ക് ലഭിക്കുന്ന ഈ സുരക്ഷ ആയിരിക്കും സഹകരണ മേഖലയുടെ തകർച്ചയിലൂടെ ഇല്ലാതാകാൻ പോകുന്നത്. സഹകരണ മേഖലകളിലൊക്കെ ലഭിക്കുന്ന നിക്ഷേപങ്ങളിൽ 80 ശതമാനവും വായ്പകളായി ആ പ്രദേശത്തുള്ളവർക്കുതന്നെയാണ് ലഭിക്കുന്നത്. നമ്മുടെ ആവശ്യങ്ങൾക്ക് ഓടിച്ചെല്ലാനുള്ള നമ്മുടെ സ്വന്തവും വിശ്വസ്തവുമായ പ്രസ്ഥാനമായി സഹകരണ ബാങ്കുകളെ കാണുന്നൊരു പശ്ചാത്തലം ഇന്ന് കേരളത്തിലുണ്ട്. കള്ളപ്പണമുണ്ടെങ്കിൽ പിടിക്കാൻ ആർക്കാണിവിടെ തടസ്സം. കള്ളപ്പണക്കാരെ കണ്ടെത്തണം, കള്ളപ്പണക്കാരെ പിടിക്കണം. അതിൽ യാതൊരു മാറ്റവുമില്ല. സഹകരണ മേഖലകളിൽ അത്തരത്തിലുള്ള സാഹചര്യമുണ്ടെങ്കിൽ അത് കണ്ടെത്താനുള്ള സംവിധാനങ്ങളുണ്ട്. എന്നാൽ അത്തരത്തിലുള്ള സംവിധാനങ്ങളെ ഉപയോഗപ്പെടുത്താതെ സഹകരണ മേഖലയെ മൊത്തം സംശയത്തിന്റെ നിഴലിൽ കൊണ്ടുവന്ന് നിർത്തുവാൻ ശ്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനം തികച്ചും പ്രതിഷേധാർഹമാണെന്ന് പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ പിൻവലിച്ചു. കള്ളപ്പണക്കാരെ അല്ലെങ്കിൽ കുഴൽപ്പണക്കാരെ കണ്ടെത്താനുള്ള സമീപനത്തെ ഞങ്ങൾ കുറ്റംപറയുന്നില്ല. അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെ പിൻവലിച്ചതാണ് ഇന്ന് ഇന്ത്യയിൽ കാണുന്ന ദുരന്ത ചിത്രങ്ങളുടെ പശ്ചാത്തലം. എത്രയോ ജീവനുകൾ ഹോമിക്കപ്പെട്ടു. കേന്ദ്ര സർക്കാർ

വ്യക്തതയില്ലാതെ മുമ്പോട്ടുപോയതാണ് ജനങ്ങൾക്ക് ഇത്രമാത്രം തിക്താനുഭവങ്ങൾ കൊടുത്തത്. കള്ളപ്പണക്കാരല്ല സാധാരണക്കാരനാണ് ഇവിടെ പ്രയാസപ്പെടുന്നത് എന്നൊരു തിരിച്ചറിവ് കേന്ദ്ര സർക്കാരിനുണ്ടാവണം. കൂനിൽമേൽ കുരു പോലെയാണ് ഇന്ന് സഹകരണ മേഖലയിലേയ്ക്ക് ഈ നിയന്ത്രണങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി പറഞ്ഞ വളരെ വസ്തുതാപരമായ കാര്യങ്ങൾ, ഇന്ന് ക്ഷീരസംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾ ഇതിന്റെ പ്രയാസം അനുഭവിക്കുകയാണ്. കർഷകർക്ക് തുക കൊടുക്കാൻ കഴിയാതെ അവർ പ്രതിസന്ധിയിലേയ്ക്ക് പോകുന്നു. അളന്നെടുക്കുന്ന പാലിന് തുക കൊടുക്കാൻ കഴിയുന്നില്ല, കഴിഞ്ഞ രണ്ടാഴ്ചയായി പ്രതിസന്ധി നിലനിൽക്കുന്നു. ഇതൊക്കെ അടുത്ത ദുരന്തമായി നമ്മുടെ മുന്നിലേയ്ക്ക് വരുമോ എന്ന ഭയം ഞാൻ ഈ സഭയുടെ മുമ്പാകെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായ ഒരു സമീപനമുണ്ടെന്ന ചിന്ത, അത് സഹകാരികൾക്ക് നൽകിയിരിക്കുന്ന ആത്മവിശ്വാസം ചെറുതല്ല. ഒരു സർവ്വകക്ഷി സംഘം കേന്ദ്രത്തിലേയ്ക്ക് പോകണം. ഈ വിഷയങ്ങൾ കേന്ദ്രത്തിനു മുമ്പിൽ അവതരിപ്പിക്കണം. അതിൽ കേന്ദ്രത്തിന് വിട്ടുവീഴ്ചാ സമീപനമില്ലെങ്കിൽ യോജിച്ച പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങുവാൻ നമ്മളൊരുമിച്ച് സന്നദ്ധരാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇന്ന് ഇത്തരത്തിലുള്ള ഒരു വിഷയം ചർച്ച ചെയ്യുവാനായി സാഹചര്യമൊരുക്കിയ ബഹുമാനപ്പെട്ട ഗവൺമെന്റിനെ അനുമോദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇത്തരത്തിൽ ഒരു ഉപക്ഷേപം കൊണ്ടുവന്നതിന് സംസ്ഥാന സർക്കാരിനെയും വകുപ്പുമന്ത്രിയെയും ആദ്യമായി അഭിനന്ദിക്കുകയാണ്. നവംബർ 8-ാം തീയതി രാത്രി നമ്മുടെ പ്രധാനമന്ത്രി ഒരു പ്രസംഗത്തിലൂടെയാണ് ആയിരത്തിന്റെയും അഞ്ഞൂറിന്റെയും കറൻസി നോട്ടുകൾ അസാധുവാണെന്ന് പ്രഖ്യാപിച്ചത്. ഈ രാജ്യത്തെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ഹൃദയത്തിനു നേരെയുള്ള ഒരു സർജിക്കൽ അറ്റാക്കാണ് അത്. ഈ തീരുമാനം കൊണ്ട് രാജ്യത്തെ നികുതി വെട്ടിപ്പുകാരായ വൻകിട കോർപ്പറേറ്റുകൾക്കോ വിദേശബാങ്കുകളിൽ പണം നിക്ഷേപിച്ച വൻകിടക്കാരായ കള്ളപ്പണക്കാർക്കോ മറ്റു ക്രമവിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്നവർക്കോ അല്ല ബുദ്ധിമുട്ടുണ്ടായിരിക്കുന്നത്. മറിച്ച് രാജ്യത്തെ ഏറ്റവും സാധാരണക്കാരായ ആളുകൾക്കാണ്. സാധാരണക്കാരായ ജനങ്ങൾ പൊരിവെയിലത്ത് ക്യൂവിൽ നിന്ന് മരിച്ചുവീഴുന്ന നാടായി നമ്മുടെ

രാജ്യത്തെ മാറ്റുകയാണ് യഥാർത്ഥത്തിൽ മോദി സർക്കാർ ചെയ്തിരിക്കുന്നത്. ഏതാണ്ട് മൂന്നുവർഷം മുമ്പ് കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ കാലത്ത് നിശ്ചിത കാലയളവിന് മുമ്പ് അച്ചടിച്ച കറൻസികൾ പിൻവലിക്കാൻ അന്നത്തെ സർക്കാർ ആലോചിച്ചതാണ്. അന്ന് അതിനെതിരായി ഏറ്റവും ശക്തമായി എതിർപ്പ് പ്രകടിപ്പിച്ചത് ബി.ജെ.പി.-യും അതുപോലെ ശ്രീ. നരേന്ദ്ര മോദിയുമാണ്. അന്ന് ബി.ജെ.പി. പറഞ്ഞ ന്യായം, ഇന്ത്യയിലെ 65 ശതമാനമാളുകൾക്ക് ബാങ്കിൽ അക്കൗണ്ടില്ലെന്നും സമ്പാദ്യം കറൻസിയായി കൈയിൽ സൂക്ഷിക്കുന്നവരാണ് ഈ രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളെന്നുമാണ്. ഇത്തരം ഒരു തീരുമാനം സാധാരണക്കാരെ ദ്രോഹിക്കുന്നതായിരിക്കും. അതുകൊണ്ട് ഇതിന് കൂട്ടുനിൽക്കാൻ കഴിയില്ലെന്നാണ് അന്ന് ബി.ജെ.പി. നേതൃത്വം വ്യക്തമാക്കിയത്. രണ്ടുവർഷം കഴിഞ്ഞപ്പോൾ മോദി സർക്കാർ 'ഉണ്ടിരിക്കുന്ന നായർക്ക് ഒരു ഉൾവിളി' എന്ന ചൊല്ല് അന്വർത്ഥമാക്കും വിധത്തിലാണ് ഏകപക്ഷീയമായി നമ്മുടെ രാജ്യത്ത് ഇത്തരം ഒരു പ്രഖ്യാപനം നാം നടത്തിയിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ കള്ളപ്പണം പിടിച്ചെടുക്കാനോ കള്ളനോട്ടിന്റെ പ്രവാഹം തടയാനോ തീവ്രവാദം ഇല്ലായ്മ ചെയ്യാനോ വേണ്ടിയല്ല. ഇതിന്റെ പിന്നിൽ വളരെ കൃത്യമായ നിഗൂഢമായ രാഷ്ട്രീയ ലക്ഷ്യമുണ്ട്. യഥാർത്ഥത്തിൽ വളരെ ശാസ്ത്രീയമായി, വളരെ അവധാനതയോടെ നടപ്പിലാക്കേണ്ട ഒരു പരിഷ്കാരമാണിത്. പക്ഷേ അതിനുപകരം അതിവൈകാരികതയും തീവ്രദേശീയതയും കൂട്ടിച്ചേർത്ത് രാഷ്ട്രീയനേട്ടമുണ്ടാക്കാൻ ശ്രമിച്ചതിന്റെ തിക്തമായ അനുഭവം ഈ രാജ്യത്തെ ജനങ്ങൾ ഇന്ന് ഏറ്റുവാങ്ങുകയാണ്. രണ്ടുദിവസം കൊണ്ട് കാര്യങ്ങളെല്ലാം ശരിയാകുമെന്നാണ് ആദ്യം കേന്ദ്ര ധനകാര്യമന്ത്രി പറഞ്ഞത്. പിന്നെ പറഞ്ഞു, രണ്ടാഴ്ചത്തെ സാവകാശം വേണമെന്ന്. ഇപ്പോൾ പ്രധാനമന്ത്രി പറയുന്നു, 50 ദിവസമെങ്കിലും വേണമെന്ന്. 50 ദിവസമല്ല, 50 മാസമുണ്ടായാലും ഈ രാജ്യത്തെ സ്ഥിതിഗതികൾ ആ പഴയ അവസ്ഥയിലായിത്തീരുകയില്ല എന്നുള്ളതാണ് വാസ്തവം. ഇവിടെ എന്തെല്ലാം വാഗ്ദാനങ്ങളാണ് ബി.ജെ.പി. നൽകിയത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ നൂറുദിവസം കൊണ്ട് കള്ളപ്പണം ഈ രാജ്യത്തേയ്ക്ക് തിരികെ കൊണ്ടുവരും. ഇന്ത്യയിലെ ഓരോ കുടുംബത്തിനും 15 ലക്ഷം രൂപ അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുമെന്നായിരുന്നു വാഗ്ദാനം. രണ്ടര വർഷമായിട്ടും ആ വാഗ്ദാനം പാലിക്കാനുള്ള ഒരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഇവിടെ ചരിത്രത്തിൽ ഒരുപാട് ഏകാധിപതികളെ കാണാൻ കഴിയും. ചരിത്ര കാലഘട്ടത്തിൽ ഏകാധിപതികൾ കുതിരകളെയാണ് ചാപ്പ കുത്തിയതെങ്കിൽ സ്വന്തം പ്രജകളെ അവിശ്വസിക്കുകയും ചാപ്പ

കുത്തുകയും ചെയ്യുന്ന ജനാധിപത്യയുഗത്തിലെ ആദ്യത്തെ ഭരണാധികാരിയായി ശ്രീ. നരേന്ദ്ര മോദി മാറിക്കഴിഞ്ഞിരിക്കുകയാണ്. കൗടില്യന്റെ 'അർത്ഥശാസ്ത്ര'ത്തിൽ 'പ്രജാഹിതം രാജഹിതമെന്ന് ' പറയുന്നുണ്ട്, യഥാർത്ഥത്തിൽ ഇവിടെ രാജഹിതം പ്രജാഹിതമാക്കി മാറ്റാനാണ് ശ്രീ. നരേന്ദ്ര മോദി ശ്രമിക്കുന്നത്. മോദി രാജാവിന്റെ ഹിതമെന്ന് പറയുന്നത് കോർപ്പറേറ്റുകളുടെ ഹിതമാണ്. അത് ഈ രാജ്യത്തെ സാധാരണക്കാരായ ജനങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഈ സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ; കരുത്തായ സഹകരണ മേഖലയെ ഇല്ലാതാക്കാനാണ് കേന്ദ്ര സർക്കാരും ആദായ നികുതി വകുപ്പുമൊക്കെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് ന്യൂജനറേഷൻ ബാങ്കുകളെ കയറൂരി വിടുന്നു. മറുഭാഗത്ത് സാധാരണക്കാരന്റെ ആശ്രയമായ; സാധാരണക്കാരന്റെ അത്താണിയായ സഹകരണമേഖലയെ തകർക്കാനാണ് ശ്രമിക്കുന്നത്. പിൻവലിച്ച കറൻസികൾ സ്വീകരിക്കുന്നതിൽ നിന്ന് സഹകരണ മേഖലയെ ഒഴിവാക്കിയ കേന്ദ്ര സർക്കാർ, പോസ്റ്റ് ഓഫീസുകൾ വഴി പണം സ്വീകരിക്കാൻ ഉത്തരവിട്ടിട്ടുണ്ട്. കള്ളനോട്ട് തിരിച്ചറിയാനുള്ള എന്ത് സംവിധാനമാണ് നമ്മുടെ പോസ്റ്റ് ഓഫീസിലുള്ളത്? ഇതിന്റെ ഭാഗമായി എന്തെങ്കിലും ഒരു സംവിധാനം അവിടെയൊരുക്കാൻ തയ്യാറായിട്ടുണ്ടോ? പോസ്റ്റ് ഓഫീസുകളിലും പെട്രോൾ പമ്പുകളിലും നോട്ടെണ്ണുന്ന മെഷീനെങ്കിലും സജ്ജീകരിക്കാനുള്ള എന്തെങ്കിലും നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? കേരളം നമ്മുടെ രാജ്യത്തിന് തന്നെ മാതൃകയാണ്. UNDP റിപ്പോർട്ടിൽ ഒരു വികസിത രാജ്യത്തോട് കിടപിടിക്കാൻ കഴിയുന്ന ജീവിത വിസ്മയങ്ങളുടെ നാടായി കേരള സംസ്ഥാനം അടയാളപ്പെടുത്തിയിട്ടുണ്ട്. അതിൽ സുപ്രധാനമായ പങ്ക് വഹിച്ച ഒരു ജനകീയ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. കേരള മോഡൽ വികസനത്തിന്റെ ചൂണ്ടുപലകയാണ് നമ്മുടെ സഹകരണ പ്രസ്ഥാനം. ഇവിടെ ചിലയാളുകൾ ഗവൺമെന്റിന്റെ ഇത്തരം നടപടികളെ ന്യായീകരിക്കാൻ പറയുന്ന ഒരു കാര്യം, മറ്റ് പല സംസ്ഥാനങ്ങളിലുമുള്ളതിനേക്കാൾ സഹകരണ സംഘങ്ങളും ബാങ്കുകളും കേരളത്തിൽ കുറവാണെന്നാണ്. എണ്ണത്തിൽ കുറവായിരിക്കാം, പക്ഷേ പ്രവർത്തനത്തിലും ജനസേവനത്തിലും കേരളത്തിലെ സഹകരണ സംഘത്തോളം വരുന്ന പ്രസ്ഥാനങ്ങൾ ലോകത്തിൽ വിരളമാണ് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. തീർത്തും നിയമവിധേയമായിട്ടാണ് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. സഹകരണ സ്ഥാപനങ്ങളിൽ കള്ളപ്പണം നിക്ഷേപിക്കുന്നുവെന്നാണ് ഇവിടെ ചിലർ ഉന്നയിക്കുന്ന ആക്ഷേപം. ബി.ജെ.പി. നേതാക്കന്മാർ

പറയുന്നത് നമ്മുടെ രാജ്യത്തിനകത്ത് കള്ളപ്പണം തടയാനുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് തടസ്സം സഹകരണ ബാങ്കുകളാണെന്നാണ്. നിയമ വിധേയമായിട്ടല്ലേ കേരളത്തിലെ സഹകരണ മേഖല പ്രവർത്തിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി കേസുകളുണ്ട്. ഏറ്റവും കൂടുതൽ സഹകരണ പ്രസ്ഥാനമുള്ള നാടാണ് എന്റെ ജില്ലയായ കണ്ണൂർ. കേരളത്തിലെ ഏറ്റവും വലിയ സഹകരണ ബാങ്ക് മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഞാൻ പ്രതിനിധാനം ചെയ്യുന്ന കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലാണ്. ഇതുമായി ബന്ധപ്പെട്ട് ബാങ്കുകൾ കോടതിയെ സമീപിച്ചപ്പോൾ കോടതി അവർക്ക് പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. കണ്ണൂർ ജില്ലയിലെ സംഘങ്ങൾക്കാണ് ഇൻകം ടാക്സ് അധികാരികളിൽ നിന്ന് ആദ്യമായി നോട്ടീസ് ലഭിച്ചത്. 2013-ലെ പ്രസ്തുത നോട്ടീസിൽ ഇടപാടുകാരുടെ നിക്ഷേപ പലിശയ്ക്ക് ടി.ഡി.എസ്. പിടിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഞങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘം എന്ന വിഭാഗത്തിൽപ്പെടുന്നവരാണെന്നും പ്രസ്തുത വിഭാഗങ്ങളെ ടി.ഡി.എസ്. പിടിക്കുന്നതിൽ നിന്നും ഇൻകം ടാക്സിന്റെ സെക്ഷൻ 194(എ)(iii) വകുപ്പ് പ്രകാരം ഒഴിവ് ചെയ്തിട്ടുള്ളതാണെന്നും ഇൻകം ടാക്സ് അധികൃതരെ അറിയിക്കുന്നതിന് നമ്മുടെ സഹകരണ ബാങ്കുകൾക്ക് സാധിച്ചിട്ടുണ്ട്. പിന്നീട് 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതിയെത്തുടർന്ന് 80(പി) വകുപ്പിൽ നാലാം ഉപവകുപ്പ് കൂട്ടിച്ചേർത്തതോടെ സഹകരണ ബാങ്കുകൾ ബാങ്കിംഗ് പ്രവർത്തനം നടത്തുന്നുവെന്ന് വ്യാഖ്യാനിച്ച് ബാങ്കുകളുടെ വരുമാനത്തിൽ യഥാർത്ഥത്തിൽ ഒഴിവാക്കേണ്ടിയിരുന്ന സെക്ഷൻ 80(പി)(ii)(എ) പ്രകാരമുള്ള ഇളവിന് അർഹതയില്ല എന്നും സംഘങ്ങൾ ഇൻകം ടാക്സ് അടയ്ക്കണമെന്നും കാണിച്ച് സെക്ഷൻ 142, 145 വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകിയിരുന്നു. 2010 ഓഗസ്റ്റ് മുതൽ കണ്ണൂർ ജില്ലയിലെ ചില പ്രമുഖ ബാങ്കുകൾക്കാണ് ആദ്യം ഇത്തരത്തിൽ നോട്ടീസ് ലഭിക്കുന്നത്. പ്രസ്തുത നോട്ടീസുകൾക്ക് സംഘങ്ങൾ വ്യക്തമായ മറുപടി തയ്യാറാക്കി ആദ്യം ഇൻകം ടാക്സ് അധികൃതർക്ക് നൽകുകയും അവർ സ്വീകരിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ 22-10-2010-ൽ ഇൻകം ടാക്സ് അധികൃതർ ബാങ്കിൽ സെർച്ച് നടത്തുകയും ബാങ്കിലെ മുഴുവൻ വിവരങ്ങളും ശേഖരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഇതുവരെയായി ബാങ്കിലെ ഏതെങ്കിലും നിക്ഷേപകനെതിരായി നോട്ടീസ് നൽകുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇങ്ങനെ ഈ നാട്ടിൽ ചിലർ നടത്തുന്ന പ്രചരണം ശരിയാണെങ്കിൽ എന്തുകൊണ്ടാണ് ഏതെങ്കിലും ഒരു നിക്ഷേപകന് എതിരായി നോട്ടീസ് നൽകുകയോ തുടർ നടപടി സ്വീകരിക്കുകയോ

ചെയ്യാത്തത്? ഇതുമായി ബന്ധപ്പെട്ട് 2006 സംഘങ്ങൾക്ക് നോട്ടീസ് ലഭിക്കുകയും ഇതിനെതിരെ സംഘങ്ങൾ സുപ്രീംകോടതിയിൽ പോകുകയും പ്രസ്തുത നോട്ടീസ് സുപ്രീംകോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. സ്റ്റേ നിലനിൽക്കുമ്പോഴാണ് ബാങ്കിൽ ഇൻകം ടാക്സ് അധികൃതർ റെയ്ഡ് നടത്തിയിട്ടുള്ളത്. മാത്രമല്ല, ഭരണഘടനാ ഭേദഗതിയെക്കുറിച്ച് ഇവിടെ പറയുന്നു. 97-ാം ഭരണഘടനാ ഭേദഗതി ഗുജറാത്ത് ഹൈക്കോടതി 22-4-2013-ന് റദ്ദാക്കിയിട്ടുള്ളതാണ്. ഇപ്പോഴും അതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജി സുപ്രീംകോടതിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. അപ്പോൾ അതിനർത്ഥം, സഹകരണ മേഖലയ്ക്ക് ഭരണഘടനാ ഭേദഗതിയുണ്ടെങ്കിലും ഗുജറാത്ത് ഹൈക്കോടതിയുടെ വിധി നിലനിൽക്കുന്നതിനാൽ ഇപ്പോഴും സഹകരണ മേഖലയെന്ന് പറയുന്നത് സംസ്ഥാന നിയമമായി നിലനിൽക്കുകയാണ്. അതുകൊണ്ട് സഹകരണ സംഘങ്ങളുടെ നിയന്ത്രണാധികാരം ഒരിക്കലും ആർ.ബി.ഐ.-ക്ക് സാധ്യമല്ല. ഇതാണ് ഗുജറാത്ത് ഹൈക്കോടതിയുടെ വിധിയെന്ന് പറയുന്നത്. ഇവിടെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെല്ലാം ഈ പറയുന്ന വ്യവസ്ഥകൾ വളരെ വ്യക്തമായി പാലിച്ചിട്ടാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. കേവലമായ ബാങ്കിംഗ് ഇടപാടുകൾ മാത്രമല്ല സഹകരണ ബാങ്കുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ, പ്രാഥമിക കാർഷിക സംഘങ്ങളുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് നീതി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നീതി മെഡിക്കൽ സ്റ്റോർ, നീതി ഗ്യാസ് ഡിപ്പോ, കേരളത്തിൽ ഏറ്റവും ഗുണമേന്മയുള്ള വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്ന നിരവധി സംഘങ്ങൾ, ബാങ്കുകൾ തുടങ്ങിയവയൊക്കെ ഇവിടെയുണ്ട്. വളം വിതരണം നിർവ്വഹിക്കുന്നുണ്ട്, പെയിന്റ്, ടൈൽസ്, ഇലക്ട്രിക്കൽ ഷോപ്പുകൾ എന്നിവ ഏറ്റവും മിതമായ നിരക്കിൽ സാധാരണക്കാരായ ആളുകൾക്ക് ലഭ്യമാക്കുന്നു, ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നു, ഓഡിറ്റോറിയങ്ങൾ നിർമ്മിച്ച് മിതമായ വാടകയ്ക്ക് നൽകുന്നു, വീട് നിർമ്മാണത്തിനാവശ്യമായ കമ്പി, സിമന്റ് എന്നിവ മിതമായ നിരക്കിൽ നൽകുന്നു, ഉത്സവകാലത്ത് ഓണചന്ത നടപ്പിലാക്കുന്നു ഇങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് കേരളത്തിലെ സഹകരണ മേഖല നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെയൊന്നും കാണാതെയാണ് ചില ശക്തികൾ ഈ സാഹചര്യം ഉപയോഗിച്ചുകൊണ്ട് സഹകരണ മേഖലയുടെ കഴുത്ത് ഞെരിക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ തകർക്കാനുള്ള ഈ നീക്കത്തെ തിരിച്ചറിയാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. മലയാളികളെ സംബന്ധിച്ചിടത്തോളം ജനനം മുതൽ മരണം വരെ വിവിധ ഘട്ടങ്ങളിൽ സഹകരണ പ്രസ്ഥാനങ്ങളെ ആശ്രയിക്കുന്നു. സഹകരണ

പ്രസ്ഥാനങ്ങളെ ആശ്രയിക്കാതെ മുന്നോട്ട് പോവുകയെന്ന് പറയുന്നത് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ചിന്തിക്കാനാകില്ല. അതുകൊണ്ടാണ് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് പ്രാഥമിക സഹകരണ സംഘങ്ങളെന്ന് പറയുന്നത്. കേരളത്തിൽ സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, ഐ.ടി. പാർക്ക് തുടങ്ങിയവയുണ്ട്. കേരളത്തിൽ ഏറ്റവും വലിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന വാഗ്ഭടാനന്ദൻ സ്ഥാപിച്ച ഊരാളുങ്കൽ സൊസൈറ്റി ഉൾപ്പെടെ കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവന നൽകുന്ന ഒരു കൂട്ടായ്മയാണ് കേരളത്തിന്റെ സഹകരണ മേഖല. അതോടൊപ്പം വായ്പാ നിക്ഷേപ അനുപാതത്തിന്റെ കാര്യത്തിൽ കേരളത്തിലെ പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന പണം ഇവിടെ നിക്ഷേപിക്കുന്നില്ല. വായ്പാ നിക്ഷേപ അനുപാതത്തിൽ സഹകരണ മേഖലയുടെ സംഭാവന 80 ശതമാനമാണ്. എന്നാൽ പൊതുമേഖലാ ബാങ്കായ എസ്.ബി.ടി.-യുടെ വായ്പാ നിക്ഷേപ അനുപാതമെന്ന് പറയുന്നത് 52.6 ശതമാനം മാത്രമാണ്. സഹകരണ മേഖലയിൽ നിക്ഷേപിക്കുന്ന പണം ഇവിടെയാണ് യഥാർത്ഥത്തിൽ ചെലവഴിക്കുന്നത്. മാത്രമല്ല, നമ്മുടെ നാട്ടിൽ സാധാരണക്കാരായ ആളുകൾക്ക് എന്തെങ്കിലും ഒരാവശ്യം വന്നാൽ, പാവപ്പെട്ട ഒരു കുടുംബനാഥന് മകളുടെ കല്ല്യാണം വന്നാൽ, തന്റെ കിടപ്പാടത്തിന്റെ അഞ്ച് സെന്റിന്റെ ആധാരവുമായി ഓടിയെത്തുന്നത് സഹകരണ ബാങ്കുകളിലാണ്. അങ്ങനെ പാവപ്പെട്ട തൊഴിലാളികളെയും കർഷകരെയും കൂലിവേലക്കാരെയും സഹായിക്കുന്ന ഏറ്റവും മഹത്തായ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ മേഖല. സഹകരണ മേഖലയിലെ നിക്ഷേപത്തിന്റെ മഹാഭൂരിപക്ഷവും സാധാരണക്കാരുടേതാണ് അല്ലാതെ വൻകിടക്കാരുടേതല്ല. അപ്പോൾ തീർച്ചയായും സഹകരണ മേഖലയ്ക്കെതിരായുള്ള നീക്കം സാധാരണക്കാർക്ക് എതിരായുള്ള നീക്കമാണ്. കേരളത്തിൽ പണമിടപാട് നടത്തുന്ന എല്ലാ സംഘങ്ങളും റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കുള്ളിൽ നിന്നാണ് പ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടാൽ റിസർവ് ബാങ്കിന് നടപടി സ്വീകരിക്കാവുന്നതാണ്. കേരളത്തിൽ ഏതെങ്കിലും സംഘങ്ങൾക്ക് എതിരായി അത്തരമൊരു നടപടി റിസർവ് ബാങ്ക് സ്വീകരിച്ചിട്ടുണ്ടോ; നിയമവിധേയമായി, ഇവിടെ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിലാണ് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നതിന് ഇതിനേക്കാൾ വലിയ എന്ത് തെളിവാണ് വേണ്ടത്.

ഈ നീക്കത്തിന് പിന്നിൽ വലിയ ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയെന്ന് പറയുന്നത്, ലോകത്ത് പലയിടങ്ങളിലും ഫാസിസം നടപ്പാക്കുമ്പോൾ സ്വീകരിച്ച അതേ മാർഗ്ഗം ഇവിടെ ശ്രീ. നരേന്ദ്ര മോദി സ്വീകരിക്കുകയാണ്. ജർമ്മനിയുടെ സമ്പത്ത് സാർവ്വദേശീയതയുടെ പേരിൽ സോവിയറ്റ് യൂണിയനിലേയ്ക്ക് കടത്തുന്നുവെന്ന പ്രചരണം ഉപയോഗിച്ച് ദേശീയതയെ പ്രകോപിപ്പിച്ചുകൊണ്ടാണ് 1930-ൽ ജൂതന്മാരെയും ട്രേഡ് യൂണിയനിസ്റ്റുകളെയും കമ്മ്യൂണിസ്റ്റുകാരെയും ഉന്മൂലനം ചെയ്യാൻ ജർമ്മനിയിൽ ഹിറ്റ്ലർ സമാനമായ തീവ്ര സാമ്പത്തിക യുക്തി പ്രയോഗിച്ചത്. അതേ യുക്തിയാണ് ഇവിടെയും നടപ്പിലാക്കാൻ പോകുന്നത്. 1965-66-ൽ ഇന്തോനേഷ്യയിൽ കമ്മ്യൂണിസ്റ്റുകാർ ശക്തിപ്പെട്ടപ്പോൾ, ആ കമ്മ്യൂണിസ്റ്റുകാരെ കൂട്ടക്കൊല ചെയ്യാൻ സുക്കാർത്തോയെന്ന ഭരണാധികാരി ഇതേ സാമ്പത്തിക വാദം, ശ്രീ. മോദിയുടെ അതേ വാദമാണ് മുന്നോട്ടുകൊണ്ടുപോയത്. അന്ന് സുക്കാർത്തോ പറഞ്ഞത് എന്താണ്? കമ്മ്യൂണിസ്റ്റുകാർ അധികാരം പിടിക്കാൻ പോവുകയാണ്, കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നാൽ ഇന്തോനേഷ്യക്കാരന്റെ സമ്പത്ത് ചൈനയിലേയ്ക്ക് കൊണ്ടുപോകും, ചൈനയിലേയ്ക്ക് കടത്തുമെന്ന് പ്രചരിപ്പിച്ചിട്ടാണ് 9 ലക്ഷത്തോളം വരുന്ന കമ്മ്യൂണിസ്റ്റുകാരെ കൂട്ടക്കൊല ചെയ്തത്. ഇവിടെ ശ്രീ. മോദിയും ബി.ജെ.പി.-യും എന്താണ് ചെയ്തത്; ഒരു പ്രത്യേക മതത്തിൽപ്പെട്ടവരെയാണ് ടാർജറ്റ് ചെയ്യുന്നത്, കമ്മ്യൂണിസ്റ്റുകാരെയാണ് ഇവിടെ ടാർജറ്റ് ചെയ്യുന്നത്. തീവ്ര ദേശീയതയുടെ പേരിൽ ചിലരെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ട് തങ്ങളുടെ സാമ്പത്തിക, രാഷ്ട്രീയ അജണ്ട നടപ്പിലാക്കുന്നതിന് മുന്നോടിയായാണ് ഈ സാമ്പത്തിക അടിയന്തരാവസ്ഥയെന്ന് നാം തിരിച്ചറിയേണ്ടതായിട്ടുണ്ട്. അതുകൊണ്ട് കേവലമായ സഹകരണ ബാങ്കിന്റെ പ്രശ്നമല്ല, കേവലമായ സാമ്പത്തിക പ്രശ്നം മാത്രമല്ല, ഇത് ഫാസിസത്തിലേയ്ക്കുള്ള ശക്തമായ ചുവടുവയ്പ്പിന്റെ സൂചനയാണ്. നമുക്ക് നിസ്സാരമായ തർക്കങ്ങളുണ്ടാകും. ആ തർക്കങ്ങളല്ല പ്രശ്നം. ഫാസിസത്തിനെതിരായിട്ടുള്ള നീക്കം ശക്തിപ്പെടുത്താൻ നമുക്ക് കഴിയണം. ഇതൊരു സാമൂഹിക പ്രശ്നമാണ്, രാജ്യത്തെ സാധാരണക്കാരായ ജനങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. അതുകൊണ്ട് തീർച്ചയായും ജനങ്ങളാകെ ഒറ്റക്കെട്ടായി ഇക്കാര്യത്തിൽ മുന്നോട്ടുവരണം. കേരളത്തിലെ സഹകരണ മേഖലയെ സംരക്ഷിക്കാനുള്ള പോരാട്ടം യഥാർത്ഥത്തിൽ സാധാരണക്കാരന് ഈ സമൂഹത്തിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടമാണെന്ന്

രാജ്യത്തെ ജനങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ ദിവസം കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രി ആർ.ബി.ഐ.-യുടെ മുന്നിൽ ഇരുന്നപ്പോൾ അഭൂതപൂർവമായ ജനത്തിരക്കാണ് അവിടെ അനുഭവപ്പെട്ടത്. ഗുജറാത്തിൽ പ്രക്ഷോഭം വരുന്നു, അവിടത്തെ കർഷകർ ബാങ്കുകളുടെ മുന്നിലേയ്ക്ക് ഒഴുകിയെത്തുന്നു, അവരുടെ ഉത്പന്നങ്ങൾ കത്തിക്കുന്നു, പാൽ ഒഴുക്കിക്കളയുന്നു. ഇപ്പോൾ ശ്രീ. അമിത് ഷായ്ക്ക് പോലും പ്രധാനമന്ത്രിയെ കണ്ട് സഹകരണ മേഖലയ്ക്ക് എതിരായുള്ള നടപടി പിൻവലിക്കണമെന്ന് പറയേണ്ട സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്. അതുകൊണ്ട് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്ന കിരാതമായ ഈ നടപടിയിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെടുകയാണ്. ഇത്തരമൊരു ഉപക്ഷേപം കൊണ്ടുവന്നതിന് സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും മുൻ മുഖ്യമന്ത്രിയും സഭയിലെ മറ്റ് അംഗങ്ങളും പ്രകടിപ്പിച്ച വികാരത്തോട് നൂറ് ശതമാനവും യോജിക്കുകയാണ്. ആ അംഗങ്ങളെക്കാൾ കൂടുതലായി മാനസികമായ അമർഷവുമുണ്ട്. ഇവിടെ പരാമർശിക്കപ്പെട്ട ഓമനക്കുട്ടൻ പിള്ള ഇന്നലെയാണ് ആത്മഹത്യ ചെയ്തത്. അദ്ദേഹം എന്റെ നിയോജകമണ്ഡലമായ എരുമേലി പഞ്ചായത്തിലെ കാളകെട്ടിയിൽ ചെറുവിളയിൽ വീട്ടിലെ അംഗമാണ്. അദ്ദേഹം അഞ്ച് ലക്ഷം രൂപ കണമല സർവ്വീസ് സഹകരണ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആ പണം വാങ്ങാൻ രണ്ട് പ്രാവശ്യം ചെന്നിട്ടും കിട്ടിയില്ല. മകളുടെ ആശുപത്രി ചെലവിന് കാശില്ലാത്തതിന്റെ മനപ്രയാസമാണ് അദ്ദേഹത്തെ ഇതിന് പ്രേരിപ്പിച്ചത്. അദ്ദേഹത്തിന്റെ കുടുംബത്തോട് സ്വൽപ്പം സൗമനസ്യം പ്രകടിപ്പിക്കണമെന്നാണ് മുഖ്യമന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്.

ഇവിടെ ഏറ്റവും വലിയ പ്രചരണം എന്താണ്? 500, 1000 രൂപ നോട്ടുകൾ മരവിപ്പിച്ചത് കേരളത്തിലും ഇന്ത്യയിലും ആരും അറിഞ്ഞില്ല ബഹുമാനപ്പെട്ട പ്രധാനമന്ത്രി മാത്രം എടുത്തു, ലോകം അറിഞ്ഞില്ല എന്നൊക്കെ പറയുകയാണ്. ബിർള ഗ്രൂപ്പ് സിമന്റിന്റെ ഹോൾസെയിൽ ഏജന്റ് കേരളത്തിലുണ്ട്. പേര് പ്രത്യേകിച്ച് പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. 500-ന്റെയും 1000-ന്റെയും നോട്ടുകൾ സൂക്ഷിക്കണ്ട, വേഗം ചെലവഴിക്കണം എന്നാണ് ആ

ഏജന്റിനോട് ബിർളയുടെ മാനേജർ പറഞ്ഞത്. ഇത് പറഞ്ഞ് രണ്ടാഴ്ചയ്ക്കുള്ളിൽ ആ പ്രഖ്യാപനം വരികയും ചെയ്തു. അപ്പോൾ അത് എങ്ങനെയാണ് പറഞ്ഞത്? ബിർള സിമന്റിന്റെ ഉടമ മാത്രം 500, 1000 രൂപ നോട്ട് മേടിക്കേണ്ടായെന്ന് പറയുന്നതിന്റെ കാര്യം എന്താണ്? ഏറ്റവും വലിയ ദുഃഖകരമായ സംഭവമെന്ന് പറയുന്നത്, കിഡ്നി, ക്യാൻസർ, ഹാർട്ട് രോഗമുള്ള ആളുകൾ സഹായത്തിനായി പത്രത്തിൽ പരസ്യപ്പെടുത്തുന്നത് അക്കൗണ്ട് നമ്പരാണ്. എനിക്ക് പതിനായിരം രൂപ പാവപ്പെട്ടവന് കൊടുക്കണമെന്ന് വച്ചാൽ ആ അക്കൗണ്ടിലേയ്ക്ക് പണം മാറാൻ പ്രധാനമന്ത്രിയുടെ നിയമം കൊണ്ട് കഴിയില്ല. എത്രയോ ഭീകരതയാണ്. ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്ത കാര്യമാണെന്നുള്ളതിൽ സംശയമില്ല. ഇന്ത്യയിലെ സമ്പന്നന്മാർ മുഴുവനും ഇത് അറിഞ്ഞില്ലേ; സമ്പന്നന്മാർ അറിയാതെയാണോ നോട്ട് നിരോധിച്ചത്? അദാനി, മുകേഷ് അംബാനി, ഗൗതം അദാനി, ജി.എം.ആർ. റാവു, വീഡിയോകോൺ ഇൻഡസ്ട്രീസ്, എസ്.ആർ.ഇ. ഇൻഡസ്ട്രീസ് രവി രുയ, ഇവരുടെയൊക്കെ അക്കൗണ്ട് മാത്രം മതി. ഇവരുടെയൊക്കെ പണം എത്രയാണ്? സുപ്രീംകോടതിയിൽ കേസ് വന്നപ്പോൾ സെൻട്രൽ ഗവൺമെന്റ് പറഞ്ഞത് 85,000 ലക്ഷം കോടി രൂപയേ കിട്ടാനുള്ളുവെന്നാണ് ഇത് ശരിയാണോ? 1,38,761 ലക്ഷം കോടി രൂപയുടെ ലോൺ റിലയൻസ് ഉടമ മുകേഷ് അംബാനിക്കുണ്ട്. എന്തുകൊണ്ട് അത് പിടിക്കുന്നില്ല. ഗൗതം അദാനിക്ക് 44150 ലക്ഷം കോടി രൂപയുടെയും വീഡിയോകോൺ ഉടമയ്ക്ക് 40783 ലക്ഷം കോടി രൂപയുടെയും ലോണുണ്ട്. ഡൽഹി എയർപോർട്ടും ഹൈദരാബാദ് എയർപോർട്ടും വാടകയ്ക്കെടുത്തിരിക്കുന്ന മുതലാളിയാണ് ജി.എം.ആർ. റാവു. അദ്ദേഹം 47343 ലക്ഷം കോടി രൂപയാണ് പൊതുമേഖലാ ബാങ്കിൽനിന്ന് എടുത്തിട്ടുള്ളത്. ഇതൊക്കെ എൻ.പി. ആകുന്ന കണക്കുകളൊന്നും വരുന്നില്ല. ഈ മുതലാളിമാരെല്ലാം അറിഞ്ഞുകൊണ്ടു തന്നെയാണ് നോട്ട് നിരോധിക്കൽ നടന്നിട്ടുള്ളത്. എസ്.ആർ. ഇൻഡസ്ട്രീസ് ഉടമ രവി രുയ 38379 ലക്ഷം രൂപ പൊതുമേഖലാ ബാങ്കിൽ നിന്നും എടുത്തിട്ടുണ്ട്. ഇവിടെ പാവപ്പെട്ടവൻ അഞ്ച് രൂപയ്ക്കുവേണ്ടി ചെല്ലുമ്പോൾ അത് കിട്ടാതിരിക്കുകയാണ്. ഇതുപോലെയുള്ള അദാനിമാർക്കും വീഡിയോകോൺ ഉൾപ്പെടെയുള്ള സമ്പന്നൻമാർക്കും കച്ചവടം ചെയ്ത് ഇന്ത്യാ രാജ്യത്തെ വിൽക്കുന്ന നാണംകെട്ട ഒരു പ്രാഞ്ചിയേട്ടനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രി മാറിയെന്ന് പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഇതിനനുകൂലമായ നിലപാട് സ്വീകരിക്കാൻ കഴിയില്ല.

ഒരു കാര്യം കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും എം.എൽ.എ.-മാരും കൂടി വേണമെങ്കിൽ ഡൽഹിയിൽ സമരത്തിന് പോകാം. അതിൽ കുഴപ്പമൊന്നുമില്ല. അവിടെ ചെന്നിട്ടും തീരുമാനമായില്ലെങ്കിൽ ഇത് ചർച്ച ചെയ്യേണ്ട പ്രശ്നമാണ്. ഇന്ത്യയുടെ ഫെഡറൽ സംവിധാനം എവിടെ നിൽക്കുന്നു. ഞങ്ങൾ ഇത് പറയുമ്പോൾ സമ്മതിക്കാത്തതുകൊണ്ട് ചോദിക്കുകയാണ്. ഇതാണോ ഫെഡറൽ സംവിധാനം? കേരളത്തിന് ഒരു ഗവൺമെന്റും ഒരു എക്സിക്യൂട്ടീവും ഉള്ളപ്പോൾ കേരളത്തിലെ എം.എൽ.എ.-മാർ മുഴുവൻ ഒറ്റക്കെട്ടായി തീരുമാനമെടുത്താൽ അതിന് വിരുദ്ധമായി സംസാരിക്കാൻ കേന്ദ്ര ഗവൺമെന്റുണ്ടെന്ന് പറഞ്ഞാൽ ആ കേന്ദ്രത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ആളുണ്ടോ എന്നാണ് ഇവിടെ ചർച്ച ചെയ്യേണ്ട പ്രശ്നം. സഹകരണ മേഖലയെ തകർക്കാൻ എട്ട് വർഷമായി റിസർവ് ബാങ്ക് നോക്കുകയാണ്. സഹകരണ മേഖല തകർന്നാൽ കേരളത്തിലെ സാമ്പത്തികം തകരും. കേന്ദ്ര ഗവൺമെന്റിന്റെ ഈ കള്ളക്കളിക്കെതിരെ ശക്തമായി പ്രതികരിക്കാൻ കേരളത്തിലെ ജനങ്ങൾ മുഴുവൻ മുന്നോട്ടുവരും. ആ കാര്യത്തിൽ ഒറ്റക്കെട്ടായി കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ നിൽക്കണമെന്ന അഭിപ്രായം കൂടി ഞാൻ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. രാജ്യത്തെ അതീവ ഗുരുതരമായ സാമ്പത്തിക പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാൻ തീരുമാനിക്കുകയും അതിന് മുൻകയ്യെടുക്കുകയും ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും സഭാദ്ധ്യക്ഷനേയും ആദ്യമായി ഞാൻ അഭിനന്ദിക്കുകയാണ്. ഇത് അസാധാരണമായ ഒരു സന്ദർഭമാണ്. സംഭ്രമജനകമായ ഒരു സാഹചര്യമാണ് ജനങ്ങൾ നേരിടുന്നത്. ഇന്ത്യയുടെ സമ്പദ്ഘടന സംരക്ഷിക്കുന്ന കാര്യത്തിൽ ഇന്ത്യൻ ജനത ഇതിഹാസപരമായ പങ്കാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇന്ത്യയിലെ ബാങ്കുകൾ ദേശസാൽക്കരിക്കാൻ വേണ്ടി രാജ്യത്തുടനീളം ദീർഘമായ പോരാട്ടങ്ങൾ നടത്തിയത് ഇന്ത്യയിലെ ജനങ്ങളാണ്. ഇന്ത്യയിലെ ജനകീയ സമരങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രബിന്ദു സമ്പദ്ഘടനയെ സംരക്ഷിക്കലായിരുന്നു. സ്വതന്ത്ര ഭാരതത്തിൽ മാറിമാറി വന്ന ഗവൺമെന്റുകളുണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യയുടെ സമ്പദ്ഘടനയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ബാങ്കുകളുടെ ദേശസാത്കരണം വലിയ പങ്കുവഹിച്ചിട്ടുണ്ട്. 1969 ജൂലൈയിലും 1980 ഏപ്രിൽ മാസത്തിലും രണ്ട് ഘട്ടങ്ങളിലായി ഇന്ത്യയിലെ ഇരുപതിൽപ്പരം ബാങ്കുകൾ ദേശവത്കരിക്കപ്പെട്ടു. അങ്ങനെയാണ് നമുക്ക് ഒരു സ്വതന്ത്ര സമ്പദ്ഘടനയുണ്ടായത്. ആ സമ്പദ്ഘടനയെ തകർക്കുന്നതിനാണ് സർജിക്കൽ സ്ട്രൈക്ക് എന്ന പേരിൽ നരേന്ദ്രമോദി ഈ ബാങ്കുകളുടെ നേർക്ക് ആക്രമണം

നടത്തിയിരിക്കുന്നത്. രണ്ട് തരത്തിലുള്ള ആക്രമണത്തെയാണ് കേരളം നേരിടുന്നത്. ഒന്ന്, കേരളത്തിന്റെ സമ്പദ്ഘടനയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ദേശസാൽകൃത ബാങ്കുകളുമായുള്ള എല്ലാ ബന്ധങ്ങളെയും തകിടം മറിക്കുന്നു. രണ്ട്, കേരളത്തിലെ ജനങ്ങൾ ജനകീയ ബാങ്കുകളായി ഉയർത്തിക്കൊണ്ടുവന്ന സഹകരണ മേഖലയെ താറുമാറാക്കുന്നു. ഒരു ജനാധിപത്യ സമ്പ്രദായത്തിൽ ഇതൊക്കെ ചെയ്യാമോ? സാധാരണക്കാരന്റെ പണം ബാങ്കിൽ നിക്ഷേപിച്ചാൽ ആ നിക്ഷേപം എടുക്കാൻ പാടില്ലായെന്ന് പറഞ്ഞ് അതിന് നിബന്ധനകൾ വയ്ക്കുക, മഷി പുരട്ടുക എന്നിവ എത്ര പ്രാകൃതമായ സമ്പ്രദായമാണ്. ഈ നൂറ്റാണ്ടിൽ ഏതെങ്കിലും ഒരു രാജ്യത്ത് ഇത്രയും അൺ സിവിലൈസ്ഡ് ആയി പൊതുജനങ്ങളെ നേരിടുന്ന ഒരു ഭരണകൂടമുണ്ടോ? ഡൽഹി കേന്ദ്രീകരിച്ച് ഭരിച്ചിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ ഭരണമാണിത്. ജനങ്ങളെ പീഡിപ്പിക്കുക, ഭ്രാന്തൻ നയങ്ങൾ നടപ്പിലാക്കുക എന്നിവയുടെ ഫലമായിട്ടാണ് ഈ ദുരന്തം ഇന്ന് അനുഭവിക്കുന്നത്. എന്റെ സഹപ്രവർത്തകരെല്ലാം പറഞ്ഞതുപോലെ എഴുപതിൽപ്പരം ആളുകളുടെ വിലപ്പെട്ട ജീവൻ പൊലിഞ്ഞിരിക്കുകയാണ്. അതിൽ ക്യൂ നിന്നവരും കുഴഞ്ഞ് വീണവരും ആത്മഹത്യ ചെയ്തവരുമുണ്ട്. ഇത് സുനാമിയേക്കാൾ വലിയൊരു സാമ്പത്തിക ദുരന്തമല്ലേ? കള്ളപ്പണം കണ്ടെത്താനാണ് ഇത് ചെയ്യുന്നത് എന്നാണ് പറയുന്നത്. കള്ളപ്പണം ഇരിക്കുന്നത് സഹകരണ ബാങ്കിലാണോ? കള്ളപ്പണം ആരാണ് വച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിലെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഈ ബ്ലാക്ക് മണി റെയ്ഡ് ചെയ്യാൻ വേണ്ടി ഇന്ത്യയിലെ ഏതെങ്കിലും കോർപ്പറേറ്റ് കമ്പനിയിലോ അദാനിയുടെ ഏതെങ്കിലും സ്ഥാപനത്തിലോ അംബാനിയുടെ സ്ഥാപനങ്ങളിലോ മുറാറ്റിന്റെ സ്ഥാപനങ്ങളിലോ പോയിട്ടുണ്ടോ? കള്ളപ്പണക്കാരനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 14 ദിവസമായി ഇരുട്ടിൽ തപ്പുകയാണ്. ഒരാളിനെപ്പോലും കണ്ടെത്തിയിട്ടില്ല. 70 ജീവൻ പൊലിഞ്ഞു. ജനങ്ങൾ വഴിയാധാരമായി. കേരളത്തിൽ ഗുരുതരമായ അവസ്ഥയാണ്. കേരളത്തിലിപ്പോൾ ദുരന്തം നടന്നു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ തൊഴിൽ മേഖലകളെല്ലാം സ്തംഭിച്ചിരിക്കുകയാണ്. രാജ്യത്ത് നികുതി വരുമാനം വരുന്നില്ല; നികുതി പിരിവ് നടക്കുന്നില്ല; ജനങ്ങൾക്ക് നികുതി അടയ്ക്കാൻ കഴിയുന്നില്ല; ലോട്ടറി നറുക്കെടുപ്പില്ല; ചിട്ടി ലേലമില്ല; ഭൂമി രജിസ്ട്രേഷൻ ഇല്ല; തൊഴിലാളികൾക്ക് വേതനമില്ല; ഭാഗ്യക്കുറി മാറ്റിവച്ചു; വാഹന നികുതി അടയ്ക്കുന്നില്ല; കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടാൻ പോകുകയാണ്. കേരള ഗവൺമെന്റിന്റെ കഴുത്തുപിടിച്ച് ഞെരിച്ച് കൊല്ലുക എന്നുള്ള നിക്ഷിപ്തമായ രാഷ്ട്രീയ ലക്ഷ്യം കേന്ദ്ര ഗവൺമെന്റിന് ഈ കാര്യത്തിലുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളെ നിയന്ത്രിക്കാൻ ഇത്രയും വലിയൊരു പ്രധാനമന്ത്രി വേണോ? നാട്ടിൻപുറത്തെ പാവപ്പെട്ട കൃഷിക്കാരുടെയും

പെട്ടിക്കടക്കാരുടെയും ചില്ലിക്കാശുകൊണ്ട് ഒരു ബാങ്കുണ്ടാക്കി. അവർ കാശ് എടുക്കുകയും അടയ്ക്കുകയും ചെയ്യുന്ന രാജ്യത്തെ പാവപ്പെട്ട ദരിദ്ര നാരായണരെയും ഗരീബികളെയും കൈകാര്യം ചെയ്യാൻ ഒരു പ്രധാനമന്ത്രിയും പട്ടാളവും പോലീസും നിയമവും അധികാരങ്ങളും വേണോ? അതാണ് സുപ്രീം കോടതി ചോദിച്ചത്. ഇന്ത്യാ മഹാരാജ്യത്ത് ആഭ്യന്തര കലാപം ഉണ്ടായാലും അത്ഭുതപ്പെടാനില്ല എന്നുള്ളതാണ് സുപ്രീം കോടതിയുടെ സൂചന. കോടതിപോലും അതിന് പ്രതികരിക്കുന്നില്ല. പ്രധാനമന്ത്രി ആരുടെ പ്രധാനമന്ത്രിയാണ്. അദ്ദേഹം രാജ്യസഭയിലോ പാർലമെന്റിലോ പോകുന്നില്ല. എവിടെയാണ് അദ്ദേഹം പോകുന്നത്? ഇന്ത്യാ മഹാരാജ്യത്തെ ജനങ്ങൾ കൊടും പീഡനങ്ങളിൽ പിടയുമ്പോൾ പ്രധാനമന്ത്രിയില്ല. രാജ്യസഭയിൽ മറുപടി പറയുന്നില്ല, എന്ത് ജനാധിപത്യമാണിത്? 18 ലക്ഷം രൂപയുടെ കോട്ടും ധരിച്ചുകൊണ്ട് പാവപ്പെട്ട ആളുകളുടെ കാര്യങ്ങൾ പറയാതെ ആളുകളെ കാണുമ്പോൾ കരയുകയും അഭിനയിക്കുകയുമാണ്. പാവപ്പെട്ട ആളുകൾ കഷ്ടപ്പെട്ടപ്പോൾ എന്ത് നടപടിയാണ് എടുത്തത്? 500 കോടി രൂപ ധൂർത്തടിച്ച് കല്യാണം നടത്തിയിട്ട് ഈ ബി.ജെ.പി.ക്കാർ ആരെങ്കിലും ഒരക്ഷരം പറഞ്ഞോ? രാജ്യം ഗുരുതരമായ പ്രതിസന്ധി നേരിടുമ്പോൾ ഇത് ചെയ്യാൻ പാടില്ലെന്നോ ഇത് തെറ്റായിപ്പോയെന്നോ ആരെങ്കിലും പറഞ്ഞോ? നോട്ട് പിൻവലിക്കുന്ന കാര്യം ആരും അറിഞ്ഞില്ലേ? താമസംവിനാ അഞ്ഞൂറിന്റെയും ആയിരത്തിന്റേയും നോട്ടുകൾ പിൻവലിക്കുമെന്ന് ഏപ്രിൽ മാസം 20-ാം തീയതി ഗുജറാത്തിലെ ഒരു പത്രത്തിൽ വാർത്ത വന്നു. കാൺപൂരിലെ പത്രം മറ്റൊരു വാർത്ത പുറത്തുകൊണ്ടുവന്നു. ഇത് ആരും അറിഞ്ഞില്ല. ഇത് നിഷേധിച്ചിട്ടില്ല. വേണ്ടപ്പെട്ടവർക്കെല്ലാം അവർ വിവരം കൊടുത്തു. നാട്ടിൻപുറത്തെ പാവപ്പെട്ട പട്ടിണി പാവങ്ങൾക്കാണ് ഈ വിവരം കിട്ടാത്തത്. ഇതിന്റെ ഉദ്ദേശ്യം എന്താണ്? കള്ളപ്പണം എന്നുപറയുന്നത് ഇവിടെ നോട്ട് അടിച്ച് വച്ചിരിക്കുകയാണോ? റിയൽ എസ്റ്റേറ്റിനെ പിടിച്ചോ? അവർ ഗോൾഡ് ആക്കി മാറ്റിയിട്ടുണ്ട്. അതിന് എന്തെങ്കിലും ചെയ്തോ? ഇന്ത്യയിലെ കള്ളപ്പണത്തിന്റെ ഏതെങ്കിലും കേന്ദ്രങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നുണ്ടോ? അങ്ങനെ ചെയ്തുവെങ്കിൽ ഈ ജനകോടികൾ ബി.ജെ.പി.ക്ക് പിന്തുണ നൽകുമായിരുന്നോ? ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾക്ക് നേരെ യുദ്ധം പ്രഖ്യാപിക്കുകയാണ്. പാകിസ്ഥാനെതിരെ യുദ്ധം പ്രഖ്യാപിക്കുന്ന വാക്കാണ് സർജിക്കൽ സ്ട്രൈക്ക്. ആ സർജിക്കൽ സ്ട്രൈക്കാണ് ഇന്ത്യയിൽ ആഭ്യന്തര രംഗത്ത് ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യയിലെ ജനങ്ങളെ കൈകാര്യം ചെയ്യാൻ അത് ഉപയോഗിച്ചിരിക്കുന്നത് അപമാനകരമാണ്. അവർക്ക് വേറെ ഉദ്ദേശ്യമുണ്ട്.

10.50 am]

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

രാജ്യത്തിന്റെ ചരിത്രത്തിൽ ഫാസിസം വരുന്നതിനുള്ള ആദ്യത്തെ നടപടി സാമ്പത്തിക ക്രമീകരണമാണ്; സാമ്പത്തിക അരാജകത്വം സൃഷ്ടിക്കലാണ്. രാജ്യത്ത് സാമ്പത്തിക അരാജകത്വം സൃഷ്ടിച്ചാൽ ഏകാധിപത്യവും ഫാസിസവും കടന്നുവരാനിടയാകും. ബി.ജെ.പി. അതിന് കളമൊരുക്കുകയാണ്. ആ ഫാസിസത്തിനും ജനാധിപത്യവിരുദ്ധ ശക്തികൾക്കുമെതിരായി പടപൊരുതുന്ന കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തേയും അതിന്റെ ഗവൺമെന്റിനേയും തളയ്ക്കുകയെന്നുള്ളതാണ് ഇതിന്റെ പിന്നിലുള്ളത്. ഇത് ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകളുടെ പ്രശ്നമല്ല; ഇത് ഗവൺമെന്റിനെ കശാപ്പു ചെയ്യുകയാണ്. ഇൻഡ്യയിലെ ലെഫ്റ്റ് മൂവ്മെന്റിനെ കശാപ്പു ചെയ്യുകയാണ്. അതിനെ ഛിന്നഭിന്നമാക്കുകയാണ്; അത് ഇൻഡ്യയിൽ നടക്കാൻ പോകുന്നില്ല. ഇതോടുകൂടി ഇൻഡ്യാ മഹാരാജ്യം വീണ്ടും ഉയർത്തെഴുന്നേൽക്കുകയാണ്. ഈ രാജ്യദ്രോഹ/ജനദ്രോഹ നടപടികൾക്കെതിരായി ഡൽഹിയിൽ പാർലമെന്റ്, രാജ്യസഭ എന്നിവ ഇളകിമറിയുകയാണ്. കേരളത്തിലെ നിയമസഭ ഇന്ന്, നാളെ ഇൻഡ്യയിലെ പല നിയമസഭകളും കൂടേണ്ടിവരും. പാവപ്പെട്ടവനുവേണ്ടി, സഹകരണ പ്രസ്ഥാനങ്ങൾ നിലനിർത്താൻവേണ്ടി, അതിന്റെ ആനുകൂല്യങ്ങൾ വീണ്ടുകിട്ടാൻവേണ്ടി, അത് പുഷ്ടിപ്പെടുത്താൻ വേണ്ടിയുള്ള ഒരു ജനകീയ സമരമാണ് ഉയർന്നുവരാൻപോകുന്നത്. ഇതൊരു ചെറിയ കാര്യമല്ല. ഈ സഭയിൽ ബഹുമാനപ്പെട്ട ഒ. രാജഗോപാൽ എം.എൽ.എ. കൂടി സഹകരിച്ച് ഏകകണ്ഠമായി പ്രമേയം പാസ്സാക്കി നമുക്ക് ഡൽഹിയിലേയ്ക്ക് പോകാം. അങ്ങ് വിചാരിച്ചാൽ പ്രധാനമന്ത്രിയെ കാണാൻ കഴിയും. ഞങ്ങൾ പോയിട്ട് കാണാൻ കഴിയുന്നില്ല. കേരളത്തിലെ എം.പി.-മാരെ പരമ പുച്ഛമാണ്. അവർ പോയിട്ട് കാണുന്നില്ല. അങ്ങ് കേരളത്തിലെ എം.പി. ആയിരുന്നെങ്കിൽ ഇതായിരിക്കുമോ ഗതി? അങ്ങ് ഇപ്പോൾ എം.എൽ.എ. ആയി ഇവിടെ ഇരിപ്പുണ്ട്; നല്ല കാര്യം. കേരളത്തിന്റെ ഈ ദുരവസ്ഥയ്ക്ക് നേതൃത്വം കൊടുക്കണം. അങ്ങ് അതിന് തയ്യാറാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ : സർ, ഇവിടെ ഇടതുഭാഗത്തുനിന്നും വലതു ഭാഗത്തുനിന്നും ഒരേപോലുള്ള ആക്രമണങ്ങൾ കേന്ദ്ര ഗവൺമെന്റിനും ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോഡിക്കും ബി.ജെ.പി.-ക്കുമെല്ലാം എതിരായി ഉണ്ടാകുന്നുണ്ട്. ഓരോരുത്തരുടെയും ഭാവനാവിലാസമനുസരിച്ചുള്ള ആരോപണങ്ങൾ ഇവിടെ നടക്കുകയുണ്ടായി. അത് ഓരോന്നും എണ്ണിയെണ്ണി മറുപടി പറയാനുള്ള വകയുണ്ട്. എന്നാൽ അനുവദിച്ചുകിട്ടിയ സമയം ഒരു മിനിട്ടാണ്; എനിക്ക് പരിമിതികളുണ്ട്; അതുകൊണ്ട് ഞാൻ അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് കടക്കുന്നില്ല. ഇതിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യം, നവംബർ മാസം 8-ാം തീയതിയായിരുന്നു രണ്ട് സംഭവങ്ങൾ നടന്നത്. ഒന്ന്, അന്ന് രാവിലെയാണ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ അടിയന്തപ്രമേയത്തിന് മറുപടിയായി ഒരു സ്റ്റേറ്റുമെന്റ് പുറപ്പെടുവിച്ചിരുന്നത്. ഇവിടത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിട്ടുള്ള അഴിമതികൾ, അതിൽ നടക്കുന്ന തട്ടിപ്പുകൾ, പാവപ്പെട്ടവന്റെ പണം ഭർഗ്ഗിക്കുന്ന സംഭവങ്ങൾ, മുക്കുപണ്ടം പണയം വച്ച് പണം കൊടുക്കുന്ന കാര്യങ്ങൾ തുടങ്ങി കേരളത്തിലെ സഹകരണ ബാങ്കുകളുടെ കൊള്ളരുതായ്മകളുടെ ഒരു നീണ്ട പട്ടിക അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. അതിനുള്ള മറുപടിയായി അന്നുതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 'ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രമം ഒരു കൂട്ടക്കൊലയാണ് നടക്കാൻ പോകുന്നത്; കേരളത്തിലെ സഹകരണ ബാങ്കുകളെ തകർത്ത് ഒരു കേരള ബാങ്ക് ഉണ്ടാക്കാനുള്ള നീക്കമാണിതെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു' എന്നുപറഞ്ഞത് ഞാൻ ഓർക്കുകയാണ്; അത് ഇവിടെ രേഖപ്പെടുത്തിയതുമാണ്. അന്ന് രാത്രിയാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ബ്രോഡ് കാസ്റ്റിംഗിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞത്, നമ്മുടെ നാട്ടിൽ ഒരു പാരലൽ ഇക്കോണമി നടക്കുന്നു; ഇവിടെ കള്ളപ്പണവും വിദേശത്തുനിന്നെത്തുന്ന കള്ളനോട്ടുകളും വാഗണിലും കണ്ടെയ്നറുകളിലുമൊക്കെ കൊണ്ടുവന്നിറക്കുന്നുണ്ട്; അതിന്റെ ഫലമായി വലിയൊരു പാരലൽ ഇക്കോണമി നിലനില്ക്കുന്നുണ്ട്; ഈ പാരലൽ ഇക്കോണമി നിലനില്ക്കുന്നിടത്തോളം കാലം ഒരു വികസനപ്രവർത്തനവും ഇഫക്ടീവാകാൻ പോകുന്നില്ല; അതുകൊണ്ട് അതിനെ നേരിടാനായി അസാധാരണമായ ചില നടപടികൾ സ്വീകരിക്കേണ്ടിവരും. ആ രീതിയിലാണ് ഒന്ന്, രണ്ട് നടപടികൾ അദ്ദേഹം പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ ആദ്യത്തെപടിയാണ് ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ demonetize

ചെയ്തിട്ടുള്ള സംഭവങ്ങൾ. ചിലർ പറയുന്നുണ്ട്, അതുകൊണ്ടുമാത്രം എല്ലാം അവസാനിക്കണമെന്നില്ല; വരാൻ പോകുന്നതേയുള്ളൂവെന്ന്. എങ്ങനെയാണ് വരുമാനമില്ലാത്ത ആൾക്കാർ ലക്ഷങ്ങൾ ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യുന്നത്; ഇത് എവിടെ നിന്നാണ് വരുന്നത്; ഇതിന്റെ സോഴ്സ് എന്താണ്? കേരളത്തിൽ ഭരണാധികാരികളും മന്ത്രിമാരായിട്ടുള്ള പല ആൾക്കാരും ഇവിടെനിന്ന് കള്ളപ്പണം ശേഖരിച്ച് തമിഴ്നാട്ടിലും കർണ്ണാടകയിലും മറ്റ് പ്രദേശങ്ങളിലും ചില ആൾക്കാർ വിദേശങ്ങളിലുമൊക്കെ നിക്ഷേപിക്കുന്നതായ വിവരങ്ങൾ ലഭിക്കുന്നതിനുള്ള ഒരു അവസരം കൂടി കണക്കാക്കിക്കൊണ്ടാണ് ഈ നടപടികളൊക്കെ തുടങ്ങിയിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരളത്തിലെ ബാങ്കുകളെ തകർക്കാൻവേണ്ടിയാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് പലരും പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി. വളരെ വിചിത്രമായൊരു വാദഗതിയാണിത്. കേരളത്തിൽ കോ-ഓപ്പറേറ്റീവ് ബാങ്കുകളും സ്ഥാപനങ്ങളുമുണ്ട്; അവയൊക്കെ വളരെ ചരിത്രമുള്ളതാണ്; അവ ജനങ്ങൾക്ക് ഉപകാരപ്രദമായി പലതും ചെയ്യുന്നതാണ്; അത് നിലനിൽക്കണം. സഹകരണ സ്ഥാപനങ്ങൾ എന്ത് ഉദ്ദേശ്യത്തോടെയാണ് വന്നിട്ടുള്ളത്, അതിന് വിരുദ്ധമായി മറ്റുഭാഗങ്ങളിൽനിന്നും കള്ളപ്പണം വെളുപ്പിക്കാൻവേണ്ടി കേരളത്തിലെ ബാങ്കുകളിൽ നിക്ഷേപിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ കാണുന്നു. ഈ തരത്തിലുള്ള കാര്യങ്ങൾ ധാരാളം പുറത്തുവന്നിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞിട്ട് കുറച്ചുനേരമായി.

ശ്രീ. ഒ. രാജഗോപാൽ : സർ, കുറച്ചു സമയംകൂടി എനിക്ക് വേണം. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഫലവത്തായ ഒരു നടപടി എടുക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്രസർക്കാരാകട്ടെ ബി.ജെ.പി.-യാകട്ടെ സഹകരണ പ്രസ്ഥാനങ്ങൾക്ക് എതിരല്ല. സഹകരണ പ്രസ്ഥാനങ്ങൾ സഹകരണ പ്രസ്ഥാനങ്ങളായി സാധാരണ ജനങ്ങൾക്ക് സഹായകരമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്ന, സഹായിക്കുന്ന ജനകീയമായ അതതുപ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മയാകണം. അതല്ലാതെ കള്ളപ്പണം വെളുപ്പിക്കാൻവേണ്ടി വിദേശത്തുനിന്ന് കൊണ്ടുവരുന്നതായിട്ടുള്ള പണമല്ല. ....(ബഹളം).......

മി. സ്പീക്കർ: പ്ലീസ്..........അദ്ദേഹം സംസാരിക്കട്ടെ, നിങ്ങളെല്ലാവരും സംസാരിക്കുന്നില്ലേ; ഒരു പ്രതിപക്ഷ ശബ്ദം വരട്ടെ; ഇതൊക്കെ ജനങ്ങൾ കാണുന്നുണ്ട്.

ശ്രീ. ഒ. രാജഗോപാൽ: സർ, എല്ലാവരുടെയും ആക്ഷേപം ഞാൻ ശ്രദ്ധാപൂർവ്വം കേട്ടിട്ടുണ്ട്. ഇത് കേൾക്കാനുള്ള മനസ്സെങ്കിലും ഉണ്ടാകണം. ഈ വരുന്ന പണമൊക്കെത്തന്നെ നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ദോഷകരമാണ്. അതിന് ഫലവത്തായ ഒരു ചികിത്സ ആവശ്യമാണ്. ഇത് കുറച്ചുകാലങ്ങളായി തുടങ്ങിയിട്ടുള്ളതാണ്. പത്തെഴുപത് കൊല്ലം നടന്നിട്ടുള്ളതായ ഈ അഴിമതിയെ പ്രോത്സാഹിപ്പിക്കുന്ന, അതിനെ സംരക്ഷിക്കുന്ന സാഹചര്യത്തിന് ഒരു അറുതിയുണ്ടാക്കണം. അറുതിയുണ്ടാക്കാനുള്ള ഒരു ഡോസ്, ഒരു ചികിത്സയാണ് നടത്തിയിട്ടുള്ളത്. അതിന്റെ ഫലമായി പല കള്ളൻമാരും, മാന്യന്മാരായി നടിക്കുന്ന പല ആൾക്കാരും അവരുടെ പണത്തിന്റെ സോഴ്സ്, എവിടെയെല്ലാം കൊണ്ടുപോയി ആർക്കെല്ലാം കൊടുത്തു, ഈ കാര്യങ്ങളെല്ലാം പുറത്തുവരാൻ പോകുന്നു. അതിന്റെ തുടക്കം മാത്രമേ ആയിട്ടുള്ളൂ. ഞാൻ നേരത്തെ സൂചിപ്പിച്ച, ബഹുമാനപ്പെട്ട മന്ത്രി സഹകരണ സംഘങ്ങളുടെ കൊള്ളരുതായ്മകൾ ചൂണ്ടിക്കാണിക്കുകയും മറുഭാഗത്ത് ഇതെല്ലാം കൂട്ടക്കൊല നടത്തുകയാണ് എന്നുപറഞ്ഞിട്ടുള്ളതും നോക്കിയാൽ ഇവർ രണ്ടുപേരുംകൂടി ഒന്നിച്ചു വരുന്നതായിട്ടുള്ള ഒരു സാഹചര്യം നമുക്ക് കാണാൻ കഴിയുന്നുണ്ട്. അത് വളരെ വിചിത്രമായ കാഴ്ചയാണ്. രാഷ്ട്രീയരംഗത്ത് വന്നിട്ടുള്ള വലിയൊരു മാറ്റം, കള്ളപ്പണത്തിന്റെയും കള്ളനോട്ടിന്റെയും കുഴൽപ്പണത്തിന്റെയുമെല്ലാം സോഴ്സ് കണ്ടുപിടിച്ച് അത് ഫലവത്തായി നേരിടാനുള്ള വളരെ ആസൂത്രിതമായ ഏറെ ആലോചിച്ചു ചെയ്തിട്ടുള്ള പരിപാടി തന്നെയാണ്. ഈ രാജ്യം ശുദ്ധീകരിക്കാൻവേണ്ടി അഴിമതി വിമുക്തമായിട്ടുള്ള ഒരു നാട്, ഒരു ഭാരതം ഇവിടെയുണ്ടാകണമെന്ന നിർബന്ധമുണ്ട്. അതിലുള്ള ആൾക്കാരെ കണ്ടു പിടിക്കാനുള്ള ഒരു ഉപായവും കൂടിയാണിത്. ഇതിനെപ്പറ്റി ആർക്കും ഭയാശങ്ക വേണ്ട. സഹകരണ സ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ചിട്ടുള്ള സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഒട്ടും ഭയപ്പെടാനില്ല. ചെറുകിടക്കാർ സംരക്ഷിക്കപ്പെടും; എന്നാൽ കള്ളപ്പണത്തിന്റെ ആൾക്കാരെ വെറുതെ വിടാനും പോകുന്നില്ല. അതുകൊണ്ട് കള്ളപ്പണക്കാരെ സംരക്ഷിക്കാനുള്ള സംരംഭത്തിൽ കൂട്ടുചേരാൻ എനിക്ക് സാധ്യമല്ല.

11.00 am]

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. കഴിഞ്ഞ മാസം 8-ാം തീയതി രാത്രിയാണ് കള്ളപ്പണത്തിനും കള്ള നോട്ടിനുമെതിരായ യുദ്ധം തുടങ്ങിക്കഴിഞ്ഞുവെന്ന മട്ടിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഒരു യുദ്ധപ്രഖ്യാപനം നടത്തിയത്. അഞ്ഞൂറ് രൂപയുടെയും ആയിരം രൂപയുടെയും നോട്ടുകൾ പിൻവലിച്ചുകൊണ്ടാണ് ഈ നടപടികൾക്ക് അദ്ദേഹം തുടക്കമിട്ടത്. ഇതിനുശേഷം ഇന്ത്യയിലാകെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അരാജകത്വവും സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ദുരിതങ്ങളും ഞാൻ വിശദീകരിക്കേണ്ടതില്ല. അത് എല്ലാവർക്കുമറിയാം. ജനാധിപത്യ വ്യവസ്ഥയിൽ ജനാധിപത്യ രീതിയിൽ മാത്രമേ തീരുമാനങ്ങൾ എടുക്കാവൂ. അപ്രതീക്ഷിതവും സുതാര്യമല്ലാത്തതുമായ പ്രഖ്യാപനങ്ങൾക്കും തീരുമാനങ്ങൾക്കും ജനാധിപത്യ വ്യവസ്ഥയിൽ സ്ഥാനമില്ല. ജനാധിപത്യത്തിന്റെ എല്ലാ അടിസ്ഥാന തത്വങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ടാണ് അപ്രതീക്ഷിതമായി ഒരു റിപ്പർ മോഡൽ ആക്രമണം പോലെ ബി.ജെ.പി. ഗവൺമെന്റ് നോട്ട് പിൻവലിക്കൽ നടത്തിയത്. അതിന്റെ പിറകിൽ പ്രവർത്തിച്ച രഹസ്യ സ്വഭാവവും സുതാര്യമില്ലായ്മയും അപ്രതീക്ഷിതമായ പ്രഖ്യാപനവുമെല്ലാം ജനാധിപത്യ മൂല്യങ്ങൾക്കും തത്വങ്ങൾക്കുമെതിരാണ്. ഒന്നാമത്, കള്ളപ്പണം ആളുകൾ തലയിണയ്ക്കടിയിൽ വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട രാജേട്ടൻ പറഞ്ഞതുപോലെ കേരളത്തിലെ സഹകരണ ബാങ്കുകളിൽ കൊണ്ടുപോയി കള്ളപ്പണം നിക്ഷേപിക്കുകയാണോ ചെയ്യുന്നത്; കള്ളപ്പണം ദിവസവും നമ്മുടെ ക്രയവിക്രയങ്ങളിലുണ്ട്. കള്ളപ്പണക്കാർ അത് ഭൂമിയിൽ നിക്ഷേപിക്കുകയോ സ്വർണ്ണം വാങ്ങുകയോ ചെയ്യും. കയറ്റുമതിയിലും ഇറക്കുമതിയിലും കണക്കിൽ കൃത്രിമം കാണിച്ച് മിച്ചമുണ്ടാക്കും. അത് കള്ളപ്പണമായി വിദേശ ബാങ്കുകളിലും ഷെയർ മാർക്കറ്റുകളിലും ഡെപ്പോസിറ്റ് ചെയ്യും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സമയം പരിമിതമായിരുന്നെങ്കിലും ശ്രീ. ഒ. രാജഗോപാൽ ലളിതമായി സഭ ചർച്ച ചെയ്യുന്ന ചോദ്യത്തിന് മറുപടി പറഞ്ഞു. എല്ലാ കള്ളപ്പണവും പിടിച്ചോട്ടെ. എന്തുകൊണ്ടാണ് മറ്റു വാണിജ്യ ബാങ്കുകളിൽ കിടക്കുന്ന സഹകരണ സംഘങ്ങളുടെ പണം പിൻവലിക്കാൻ അനുവദിക്കാത്തത്; എന്തുകൊണ്ടാണ് പാവപ്പെട്ട ഇടപാടുകാർക്ക് ആഴ്ചയിൽ 24,000 രൂപ പോലും പിൻവലിക്കാൻ അനുവാദം നൽകാത്തതെന്ന് അങ്ങേയ്ക്ക് വിശദീകരിക്കാൻ സാധിക്കുമോ? കള്ളപ്പണമുണ്ടെങ്കിൽ, അത് ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖകളെല്ലാം ഇല്ലേ? ജനങ്ങളിൽ പരിഭ്രാന്തി ഉണ്ടാക്കുക, എന്നിട്ട് സഹകരണ ബാങ്കുകളുടെ മേൽ ഒരു റൺ ഉണ്ടാക്കുക, അങ്ങനെ ഈ പ്രസ്ഥാനത്തെ തകർക്കാനുള്ള പരിശ്രമമാണ്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇവിടെ രാജേട്ടൻ പറഞ്ഞത്, കേരളത്തിലെ സഹകരണ ബാങ്കുകളെ തകർക്കാൻ വേണ്ടിയാണ് ഈ നടപടികൾ മുഴുവൻ എടുത്തത് എന്നല്ല. ഈ നടപടി എടുത്തതിന്റെ മറവിൽ കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് ഒരടി നൽകുക. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ മുഴുവൻ തകർക്കുന്നതിന് ബഹുമാന്യനായ രാജേട്ടനെ പോലുള്ള ഒരാൾ കൂട്ടുനിൽക്കുന്നത് ദൗർഭാഗ്യകരമാണെന്നാണ് എനിക്ക് പറയാനുള്ളത്. കള്ളപ്പണം സഹകരണ ബാങ്കുകളിൽ ആര് നിക്ഷേപിക്കും? കള്ളപ്പണം ഷെയർമാർക്കറ്റിലും വിദേശ രാജ്യങ്ങളിൽ ആഡംബര ടൂർ പോയും വിവിധ മാർഗ്ഗങ്ങളിൽകൂടി ചെലവാക്കി ക്കൊണ്ടിരിക്കുകയാണ്. പൂഴ്ത്തിവയ്ക്കാനാണോ കള്ളപ്പണമുണ്ടാക്കുന്നത്? ഈ കള്ളപ്പണം ഉപയോഗിച്ച് വീണ്ടും പണമുണ്ടാക്കാനാണ് അവരുടെ ശ്രമം. കള്ളപ്പണം കേരളത്തിലെ സഹകരണ ബാങ്കുകളിൽ എങ്ങനെ നിക്ഷേപിക്കും. അങ്ങനെ നിക്ഷേപിച്ചാൽ തന്നെ അത് പരിശോധിക്കാനും കണ്ടുപിടിക്കാനും എല്ലാത്തരത്തിലുമുള്ള സൗകര്യങ്ങളില്ലേ?

ശ്രീ. ഒ രാജഗോപാൽ : സർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിക്ഷേപിച്ചിട്ടുള്ള പാവപ്പെട്ട ആളുകളുടെ പണം സുരക്ഷിതമായി ഇരിക്കുന്നുവെന്ന് വരുത്താൻ പരിശോധനയ്ക്കും അതിനുള്ള റെഗുലേഷൻസ് വയ്ക്കാനുമുള്ള വ്യവസ്ഥകൾ കോ-ഓപ്പറേറ്റീവ് ബാങ്ക് സ്വീകരിക്കാൻ തയ്യാറല്ല. അതുകൊണ്ട് 2011-ൽ കൊണ്ടുവന്ന വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയപ്പോൾ കേരളത്തിൽ നടപ്പിലാക്കിയില്ല. അതിന്റെ ഓഡിറ്റും പരിശോധനയുമൊക്കെ തന്നെ ഇന്റേണലായി ഇവിടെയുള്ള രാഷ്ട്രീയ പാർട്ടി നിശ്ചയിക്കുന്നതായ, അവരുടെ കീഴിലുള്ള ആൾക്കാരെ വച്ച് പരിശോധിക്കാനാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട ഒ. രാജഗോപാൽ ഇപ്പോൾ കാര്യങ്ങൾ വ്യക്തമാക്കി. തുടക്കത്തിൽ ബി.ജെ.പി. ഉണ്ടായിരുന്നല്ലോ; നമ്മുടെ സംസ്ഥാനത്ത് വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാത്തതിന്റെ പകരം വീട്ടലാണ് റിസർവ് ബാങ്ക് നടത്തിക്കൊണ്ടിരിക്കുന്നതെന്നാണ് പറഞ്ഞത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ശ്രീ. ഒ. രാജഗോപാൽ ആവർത്തിച്ച് കോ-ഓപ്പറേറ്റീവ് ബാങ്കിലെ എല്ലാ പണവും കള്ളപ്പണമാണെന്ന് പറഞ്ഞിരിക്കുകയാണ്. ഞാനടക്കം ഈ സഭയിലെ മിക്കവാറും എല്ലാവർക്കും നാട്ടുകാർക്കും കോ-ഓപ്പറേറ്റീവ് ബാങ്കിലാണ് അക്കൗണ്ടുള്ളത്. അത് കള്ളപ്പണമാണെന്ന് പറയുന്ന ഈ പച്ചക്കള്ളം സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ : സഹകരണ ബാങ്കുകളിലെ പണം മുഴുവൻ കള്ളപ്പണമാണെന്ന് അങ്ങ് പറഞ്ഞോ? അങ്ങയുടെ നിലപാടെന്താണ്?

ശ്രീ. ഒ. രാജഗോപാൽ : സർ, സഹകരണ ബാങ്കുകളിലെ എല്ലാ ഡെപ്പോസിറ്റും, അതിൽ വരുന്ന ആൾക്കാരെല്ലാം കള്ളന്മാരും കള്ളപ്പണക്കാരാണെന്നും പറഞ്ഞിട്ടില്ല. റിസർവ് ബാങ്കിന്റെയും കേന്ദ്രത്തിന്റെ അന്വേഷണ ഏജൻസികൾക്കും പ്രവേശനമില്ലാതെ വ്യവസ്ഥാപിതമായ രീതിയിൽ റിട്ടേൺ കൊടുക്കാൻ വ്യവസ്ഥ ഇല്ലാത്തതുകൊണ്ട് അവ കള്ളപ്പണക്കാർക്ക് സൗകര്യമായി തീരുന്നുവെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സഹകരണ ബാങ്കുകളിൽ മുഴുവൻ കള്ളപ്പണമാണെന്ന് അദ്ദേഹം പറഞ്ഞില്ല. പക്ഷെ കേരളത്തിലെ സഹകരണ ബാങ്കുകൾ സ്വിസ് ബാങ്കുകൾ പോലെ കള്ളപ്പണം നിക്ഷേപിക്കുന്ന സ്ഥലമാണെന്നാണ് അദ്ദേഹം പറഞ്ഞുവച്ചത്. ഇവിടത്തെ ന്യൂ ജനറേഷൻ ബാങ്കുകളായ എച്ച്.ഡി.എഫ്.സി., ഐ.സി.ഐ.സി.ഐ, ആക്സിസ് തുടങ്ങിയ ബാങ്കുകളിലൊക്കെ ആരാണ് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്; സാധാരണക്കാരായ, പാവപ്പെട്ടവരായ ആർക്കെങ്കിലും അവിടെ അക്കൗണ്ടുണ്ടോ; അവർക്ക് ലോൺ കൊടുത്തിട്ടുണ്ടോ; അവിടത്തെ ഡെപ്പോസിറ്റേഴ്സ് ആരാണ്; അവർ എങ്ങനെയാണ് ഡെപ്പോസിറ്റ് സ്വീകരിക്കുന്നത്; ഇതെല്ലാം ഈ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? അത് പരിശോധിക്കാതെ, നമ്മുടെ നാട്ടിൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി ഏരിയ ഓഫ് ഓപ്പറേഷൻസ് കൃത്യമായി നിർവ്വചിച്ചിട്ടുള്ള സഹകരണ ബാങ്കുകൾ കള്ളപ്പണത്തിന്റെ കേന്ദ്രങ്ങളാണെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. നമ്മുടെ നാട്ടിലെ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ വെള്ളപ്പൊക്കക്കാലത്ത് അരി കൊടുക്കാറുണ്ടോ; നമ്മുടെ നാട്ടിലെ സഹകരണ സ്ഥാപനങ്ങൾ സ്കൂൾ തുറക്കുമ്പോൾ പാവപ്പെട്ട കുട്ടികൾക്ക് പുസ്തകങ്ങളും കുടകളും വിതരണം ചെയ്യാറുണ്ടോ; മാവേലി സ്റ്റോറുകൾ പോലെ പച്ചക്കറി ചന്തകൾ നടത്താറുണ്ടോ? ഇപ്പോൾ ജൈവ പച്ചക്കറി കൃഷി വ്യാപകമായി സഹകരണ ബാങ്കുകൾ ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. സഹകരണ ബാങ്കിനെപ്പോലെ ഏത് ധനകാര്യ സ്ഥാപനം ഇങ്ങനെ ചെയ്യുന്നുണ്ട്; കേരളത്തിന്റെ ജനജീവിതത്തിൽ ഏറ്റവും വലിയ സ്ഥാനം വഹിക്കുന്ന, നമ്മുടെ ഗ്രാമീണ സമ്പദ് ഘടനയെ താങ്ങി നിർത്തുന്ന, ഈ നാട്ടിലെ സാധാരണക്കാരൻ അവന്റെ മകളുടെ കല്യാണത്തിനും അമ്മയുടെ ശസ്ത്രക്രിയയ്ക്കും എല്ലാം ആശ്രയിക്കുന്നത് ഈ ബാങ്കുകളെയാണ്.

അവിടെ നിന്നും ആർക്കും പണമെടുക്കാൻ പറ്റില്ല, പണം സ്വീകരിക്കാൻ പറ്റില്ല എന്നൊക്കെയുള്ള നിയമങ്ങൾ ഉണ്ടാക്കിവച്ചിരിക്കുകയാണ്. ഇത് എന്തിനു വേണ്ടിയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുക. അതാണ് അവരുടെ രാഷ്ട്രീയം. ബി.ജെ.പി.-ക്ക് കേരളത്തിൽ സ്ഥാനമില്ലായെന്നുള്ളതിന് പ്രതികാരം ചെയ്യുക. ആ പ്രതികാരം കേരളത്തെ തകർത്തെറിയാൻ പോകുകയാണ്. ഇവർ പറയുന്നതുപോലെ, കള്ളനോട്ടുകൾ പിടിക്കാൻ സാധിക്കുമോ? കണ്ടെയ്നറുകളിൽ കള്ളനോട്ട് വരുന്നുണ്ടെങ്കിൽ ആര് പിഴച്ചു; കള്ളനോട്ടുകൾ ഇന്ത്യയിലേയ്ക്ക് വരുന്നുണ്ടെങ്കിൽ അത് തടയാനുള്ള ബാദ്ധ്യത ഗവൺമെന്റിനില്ലേ; അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ പിൻവലിച്ചാൽ കള്ളനോട്ടുകൾ തടയാൻ സാധിക്കുമോ; മാത്രമല്ല പുതിയ നോട്ടിന്റെ സെക്യൂരിറ്റി സിസ്റ്റം പഴയതിന്റേതു പോലെ തന്നെയാണ്. പുതിയ നോട്ടുകൾക്കും കള്ളനോട്ടുകൾ അടിച്ചുകൂടേ; കള്ളനോട്ട് പിടിക്കാനാണെങ്കിൽ ബാങ്കുകളിൽ ഉപയോഗിക്കുന്ന കള്ളനോട്ടുകൾ കണ്ടുപിടിക്കുന്നതിനുള്ള യന്ത്രം വ്യാപകമാക്കിയാൽ പോരെ; പ്രൈവറ്റ് പ്രൊവൈഡേഴ്സിനെ ഏൽപ്പിക്കാൻ സാധിക്കില്ലേ, നമ്മുടെ നാട്ടിൽ ആർക്കും എവിടെയും പോയി കൈവശമുള്ള നോട്ട് പരിശോധിക്കാനുള്ള സംവിധാന മുണ്ടാക്കാൻ സാധിക്കില്ലേ; ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളിലും വലുതും ചെറുതുമായ ഹോട്ടലുകളിലും കള്ളനോട്ടുകൾ കണ്ടുപിടിക്കുന്നതിനുള്ള യന്ത്രം വയ്ക്കാൻ സാധിക്കില്ലേ. കള്ളനോട്ട് പരിശോധിച്ച് അവ എളുപ്പം കണ്ടുപിടിക്കാനുള്ള രീതികൾ ഏർപ്പെടുത്തുന്നതിനുപകരം നോട്ട് പിൻവലിച്ചാൽ എങ്ങനെ കള്ളനോട്ട് തടയാനാകും. നാളെ വീണ്ടും കള്ളനോട്ട് വരും. ഇതിന് മുമ്പ് ഡീമോണിറ്റൈസേഷൻ നടത്തിയിട്ടും കള്ളനോട്ടുകൾ തടയാൻ സാധിച്ചില്ലല്ലോ; ഇത് കള്ളപ്പണം തടയാനും കള്ളനോട്ട് കണ്ടുപിടിക്കാനും ഉപകരിക്കപ്പെടുകയില്ല എന്നത് പകൽപോലെ വ്യക്തമാണ്. കള്ളപ്പണം കണ്ടുപിടിക്കാൻ സൂക്ഷ്മതയോടെയുള്ള അന്വേഷണമാണ് ആവശ്യം. കമ്പ്യൂട്ടറുകളുടെ യുഗം വരുന്നതിന് എത്രയോമുമ്പ് ബ്രിട്ടീഷ് ഇന്റേണൽ റവന്യൂ സർവ്വീസ് ലോകത്ത് ഖ്യാതി നേടിയത് ഏത് ടാക്സ് ഡിഫോൾട്ടേഴ്സിനേയും കണ്ടുപിടിക്കുമെന്നതിനാണ്. സൂക്ഷ്മമായ പരിശോധനയിലൂടെയും ക്ഷമാപൂർണ്ണമായ അന്വേഷണത്തിലൂടെയുമാണ് അത് സാധിച്ചത്. അതിന് വിപുലമായ ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം വേണം. ഇംഗ്ലണ്ടിനേക്കാൾ പതിന്മടങ്ങ് ജനസംഖ്യയുള്ള ഇന്ത്യയിൽ ഇതിനുവേണ്ടി വിപുലമായ സംവിധാനങ്ങൾ ഒരുക്കേണ്ടിവരും. അതിന് തയ്യാറാകാതെ, എല്ലാ തരത്തിലുമുള്ള കള്ളപ്പണം കണ്ടുപിടിക്കാനുള്ള നിയമം നമ്മുടെ കൈവശമുള്ളപ്പോൾ, ഒരു

സുപ്രഭാതത്തിൽ, റിപ്പർ വന്ന് തലയ്ക്കടിച്ചതുപോലെ, അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ പിൻവലിച്ച് ഇവിടത്തെ സാധാരണക്കാരനെ വഴിയാധാരമാക്കുകയാണ്. ജനാർദ്ദന റെഡ്ഡിക്ക് 500 കോടി രൂപ ചെലവഴിച്ച് കല്യാണം നടത്താം. പാവപ്പെട്ടവന് കല്യാണം നടത്തണമെങ്കിൽ കല്യാണക്കുറി കൊണ്ടുപോകണം. വില്ലേജ് ഓഫീസറുടെയും എ.ഡി.എം.-ന്റെയും സർട്ടിഫിക്കറ്റ് വേണം. ഞാൻ അദ്ധ്വാനിച്ചുണ്ടാക്കി ബാങ്കിലിട്ട പണം എന്റെ മകളുടെ കല്യാണത്തിന് എടുക്കാൻ ചെല്ലുമ്പോൾ ബാങ്കിൽ കല്യാണക്കുറി കൂടി കൊണ്ടുപോകണം. ബാങ്കിന്റെ വിശ്വാസ്യത തകർത്തില്ലേ; ബാങ്കിന്റെ വിശ്വാസ്യത എന്താണ്? പലിശ കിട്ടുന്നതാണോ; ബാങ്കിൽ സുരക്ഷിതമാണെന്നത് മാത്രമാണോ; ഇന്ന് ഞാൻ നിക്ഷേപിക്കുന്ന പണം നാളെ രാവിലെ തിരികെ എടുക്കാമെന്നുള്ളതാണ്. ഇന്ന് ഞാൻ ഒരു ലക്ഷം രൂപയിട്ടാൽ നാളെ ആ രൂപ പിൻവലിക്കാമെന്ന വിശ്വാസ്യതയാണ് തകർത്തുകളഞ്ഞത്. റിസർവ് ബാങ്ക് ഗവർണർ ഒപ്പിട്ട, എന്റെ കൈവശമുള്ള പണത്തിന് വിലയില്ലെന്ന് പറയുന്നു; എന്റെ അയൽപക്കത്ത് കള്ളപ്പണമുണ്ടെങ്കിൽ ഞാനെന്ത് പിഴച്ചു. ആരെങ്കിലും കള്ളപ്പണമുണ്ടാക്കിയതിന് ഞാൻ കുറ്റക്കാരനാണോ; ഞാൻ അദ്ധ്വാനിച്ചുണ്ടാക്കിയ പണമാണ്. സ്വത്തും വരുമാനവും തമ്മിലുള്ള വ്യത്യാസം ഇവർ മനസ്സിലാക്കിയിട്ടുണ്ടോ; ഒരു ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച് മിച്ചം വച്ച രൂപ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയാണ്. എനിക്ക് ഗ്രാറ്റുവിറ്റി കിട്ടിയ പൈസ കൊണ്ടിടുകയാണ്, എന്റെ വസ്തു വിറ്റ തുക കൊണ്ടിടുകയാണ്. അത് എന്റെ സ്വത്താണ്. ആ സ്വത്തിൽ നിന്ന് എനിക്ക് കിട്ടുന്ന വരുമാനത്തിൻമേലാണ് നികുതി ഒടുക്കേണ്ടത്. അതിൽ നിന്നും എനിക്ക് കിട്ടുന്ന പലിശയ്ക്കാണ് ടാക്സ് കൊടുക്കേണ്ടത്. അത് രണ്ടര ലക്ഷം രൂപയിൽ കൂടുതലുണ്ടെങ്കിൽ ടാക്സ് ഈടാക്കണം. അല്ലാതെ ഞാൻ നിക്ഷേപിച്ച തുക മുഴുവൻ കള്ളപ്പണമാണെന്നു പറയുന്നത് എന്തടിസ്ഥാനത്തിലാണ്. ഏത് കണ്ടെയ്നറിൽ നോട്ട് കൊണ്ടു വന്നിട്ടാണ് സഹകരണബാങ്കുകളിൽ നിക്ഷേപിച്ചത്; എവിടെ നിക്ഷേപിച്ചു. അങ്ങനെ ഏതെങ്കിലും സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ഏത് ബാങ്കിലേയും ഏത് അക്കൗണ്ടും പരിശോധിക്കാനുള്ള സംവിധാനമുണ്ടായിരിക്കെ നമ്മുടെ നാട്ടിലെ സഹകരണ ബാങ്കുകൾ മുഴുവൻ കള്ളപ്പണത്തിന്റെ കേന്ദ്രമാണെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണ്; ആരെ സഹായിക്കാനാണ്; അതിനുപിന്നിൽ എന്ത് രാഷ്ട്രീയമാണുള്ളത്? ഇത് പ്രഖ്യാപിച്ചതുകൊണ്ട് ഇവരുടെ ഒരു ലക്ഷ്യവും നേടാൻ പോകുന്നില്ല. കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കാനുള്ള ഈ നീക്കത്തെ ഒത്തൊരുമിച്ച് കേരളം

എതിർക്കുന്നുവെന്നുള്ളതാണ് ഏറ്റവും സന്തോഷകരമായ കാര്യം. ഇവിടെ കള്ളപ്പണത്തിന്റെ ഏതെങ്കിലുമൊരു കേന്ദ്രമെങ്കിലും ഇവർ കണ്ടുപിടിച്ചോ; കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിദേശത്ത് നിക്ഷേപിച്ചിരിക്കുന്ന കള്ളപ്പണം മുഴുവൻ ഇന്ത്യയിൽ കൊണ്ടുവന്ന് പാവങ്ങൾക്ക് കൊടുക്കുമെന്ന് പറഞ്ഞിട്ട് എന്തായി; ഇപ്പോൾ അതെക്കുറിച്ച് മിണ്ടുന്നില്ലല്ലോ? വിദേശത്തിട്ടിരുന്ന കള്ളപ്പണം മുഴുവൻ സഹകരണ ബാങ്കിൽ വന്നോ, കേരളത്തിലെ സഹകരണ ബാങ്കുകളാണോ ഈ നിക്ഷേപത്തിന്റെയെല്ലാം അടിസ്ഥാനം. ഇത് തികഞ്ഞ ജനാധിപത്യ വിരുദ്ധ നടപടിയാണ്. വേണ്ടത്ര തയ്യാറെടുപ്പുകളില്ലാതെ നടത്തിയ നടപടിയാണ്. തയ്യാറെടുപ്പുകളില്ലാതെ, ജനങ്ങൾ ദുരിതം അനുഭവിക്കുന്നതിൽ നിന്ന് ആളുകളുടെ ശ്രദ്ധ മാറ്റാനാണ് നമ്മുടെ നാട്ടിലെ സഹകരണ ബാങ്കുകളെല്ലാം കള്ളപ്പണത്തിന്റെ കേന്ദ്രങ്ങളാണെന്നുള്ള പ്രചരണം നടത്തുന്നത്. ഇത് ബി.ജെ.പി.-യുടെ അന്ത്യത്തിന്റെ തുടക്കമാണെന്നുള്ള കാര്യം അവർ മനസ്സിലാക്കിയാൽ അവർക്ക് കൊള്ളാം. ലോകത്ത് സ്വേച്ഛാധിപത്യ രാജ്യങ്ങളിൽ മാത്രം നടക്കുന്ന രീതിയിൽ ഒരു ജനാധിപത്യരാജ്യത്ത് ഇത്തരത്തിലൊരു പ്രഖ്യാപനം നെഞ്ചത്തടിച്ച് നടത്തുകയാണ്. ഞാൻ ഇതാ കള്ളപ്പണ വേട്ട നടത്തുന്നു. എന്നിട്ടോ, അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പാർലമെന്റ് കൂടുമ്പോൾ പ്രധാനമന്ത്രി പാർലമെന്റിൽ വരാതിരിക്കുകയാണ്. 400 സീറ്റുകളിൽ കോൺഗ്രസ്സ് നിൽക്കുമ്പോഴാണ് ബോഫോഴ്സ് കുംഭകോണം പുറത്തുവരുന്നത്. മൂന്ന് തവണയാണ് അതിനെക്കുറിച്ചുള്ള അടിയന്തരപ്രമേയം പാർലമെന്റിൽ വന്നത്. ആ മൂന്ന് തവണയും രാജീവ് ഗാന്ധി പാർലമെന്റിലുണ്ടായിരുന്നു. അതിന് അദ്ദേഹം മറുപടിയും പറഞ്ഞിട്ടുണ്ട്. ഞാൻ വലിയ ആളാണെന്ന ഭാവത്തിൽ പ്രഖ്യാപനം നടത്തിയ പ്രധാനമന്ത്രി, ഇതിനെക്കുറിച്ച് പാർലമെന്റിൽ ചർച്ച ചെയ്യുന്നതിന് അനുവദിക്കാതിരിക്കുകയും പാർലമെന്റിൽ വരാതിരിക്കുകയും ചെയ്യുന്നത് എവിടത്തെ ജനാധിപത്യമാണ്. ഈ തീരുമാനങ്ങളും അതിനെ തുടർന്നുള്ള എല്ലാ നടപടികളും ശ്രീ. നരേന്ദ്രമോദിയും ബി.ജെ.പി.-യും ചെയ്യുന്നത് തികഞ്ഞ ജനാധിപത്യവിരുദ്ധമാണെന്നുള്ളത് ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ജനാർദ്ദന റെഡ്ഡിമാർക്ക് ഒരു നീതി, പാവപ്പെട്ടവന്റെ മകൾക്ക് കല്യാണം നടത്തണമെങ്കിൽ കല്യാണക്കുറിയും എ.ഡി.എം.-ന്റെ സർട്ടിഫിക്കറ്റും, അതാണ് ഈ രാജ്യത്ത കള്ളപ്പണവേട്ട. ഇതിന്റെ മറവിൽ കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ തകർക്കാനുള്ള നീക്കം ഒരു തരത്തിലും അനുവദിക്കില്ലെന്നുള്ള പ്രഖ്യാപനമാണ് ഈ ഉപക്ഷേപത്തിലുള്ളത്. ഈ ഉപക്ഷേപത്തെ ഞാൻ സർവ്വാത്മനാ പിൻതുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരള നിയമസഭ വിളിച്ചുകൂട്ടണമെന്ന് പ്രതിപക്ഷകക്ഷികളെല്ലാം ചേർന്ന് ആവശ്യപ്പെട്ടപ്പോൾ ഇങ്ങനെയൊരു സന്ദർഭം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉണ്ടാക്കിയത് വളരെയധികം ഉചിതമായി. കാരണം, ഇവിടെ പലരും പറഞ്ഞതുപോലെ, ഇന്ത്യയിൽ വളരെ അസാധാരണമായ ഒരു സാഹചര്യം വന്നിരിക്കുകയാണ്. യോജിപ്പുണ്ടായത് കേരളത്തിൽ മാത്രമല്ല, ശ്രീ. ഒ. രാജഗോപാലിനെ എല്ലാവരും ചേർന്ന് അറ്റാക്ക് ചെയ്യാൻ ശ്രമിച്ചിട്ട് കാര്യമില്ല. അദ്ദേഹത്തിന് തന്നെ വേണ്ട എന്നൊരു സ്ഥിതിയായിരിക്കും കുറച്ച് കഴിയുമ്പോഴുണ്ടാകുന്നത്, കാരണം നിങ്ങളെ ആരെയും മൈൻഡ് ചെയ്യാത്ത പ്രധാനമന്ത്രിയാണ് അവിടെ ഇരിക്കുന്നത്. ബി.ജെ.പി.-യെയും പാർലമെന്റിനെയും മൈൻഡ് ചെയ്യാത്ത ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇവിടെ മാത്രമല്ല യോജിപ്പ്, ഡൽഹിയിലും അനിതരസാധാരണമായ യോജിപ്പുണ്ടായിരിക്കുകയാണ്. ഇത് അസാധാരണമായ ഒരു സംഗതിയാണ്. ഇന്ത്യൻ വാല്യൂസിനെ ബഹുമാനിക്കുന്നില്ല. എന്താണ് ഇന്ത്യൻ വാല്യൂസ്? ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ, ജവഹർലാൽ നെഹ്റുവും അതിനുശേഷം വന്ന പ്രധാനമന്ത്രിമാർ ആരായിരുന്നാലും അവർ പാർലമെന്റിന് ഒരു വില കൽപ്പിച്ചിട്ടുണ്ട്. എം.പി.-മാർക്ക് ഒരു വിലയുണ്ട്. ഒരു എം.പി. ഒരു കാര്യം പറഞ്ഞാൽ അത് വലിയ കാര്യമാണ്. പാർലമെന്റിനും എം.പി.മാർക്കും വിലയില്ല, അപ്പോയിന്റ്മെന്റ് ചോദിച്ചാൽ കൊടുക്കുകയില്ല, ക്യാബിനറ്റിനെ ഗൺപോയിന്റിൽ നിർത്തിയെന്നാണ് പറയുന്നത്. ഇനിയാരും പുറത്തുപോകാൻ പറ്റില്ല, വാതിലൊക്കെ കുറ്റിയിടണം, ഞാൻ ഈ പ്രഖ്യാപനം നടത്തി വന്നതിനുശേഷം ഇവിടെ നിന്നും എഴുന്നേറ്റാൽ മതിയെന്നാണ് സ്വന്തം ക്യാബിനറ്റിനോട് ശ്രീ. നരേന്ദ്ര മോദി പറഞ്ഞത്. എന്തൊരേർപ്പാടാണിത്? ഇന്ത്യൻ വാല്യൂസ് അപകടത്തിലാണ്. ജനാധിപത്യം അപകടത്തിലാണ്. ഇതിന്റെ പോക്ക് എങ്ങോട്ടാണ് എന്നറിഞ്ഞുകൂടാ. ലോക ചരിത്രത്തിലെ ഏകാധിപതികളുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ നല്ല പ്രസംഗം കൊണ്ടും നല്ല ബോഡി ലാംഗ്വേജ് കൊണ്ടും വീരകൃത്യം കൊണ്ടും അറിയപ്പെട്ടവരാണ്. ഹിറ്റ്ലറുടെയൊക്കെ ചരിത്രം അതുതന്നെയാണ്. ഹിറ്റ്ലർ നന്നായി പ്രസംഗിച്ചിട്ടാണ് വന്നതെന്ന് ചരിത്രം നോക്കിയാൽ അറിയാൻ സാധിക്കും. വന്നുകഴിഞ്ഞതിനുശേഷമാണ് തനിനിറം മുഴുവൻ പുറത്തുകാട്ടുന്നത്. ഇന്ത്യയ്ക്ക് ഇങ്ങനെയൊരപകടം സംഭവിച്ചിട്ടുണ്ടോയെന്ന് ആർക്കറിയാം. അമേരിക്കയിൽ ഇപ്പോൾ വലിയ പ്രക്ഷോഭം നടക്കുകയാണ്. അമേരിക്കൻ വാല്യൂസ് എന്നുപറയുന്ന ഒന്നുണ്ട്. പക്ഷേ അമേരിക്കയെ നമ്മൾ എന്ത് കുറ്റം പറഞ്ഞാലും ഡെമോക്രസി എന്നു തുടങ്ങിയോ അന്നുമുതൽ അവർക്ക് അവരുടേതായ ചില വാല്യൂസുണ്ട്. അതിനെ ഒട്ടും

ബഹുമാനിക്കാത്ത ഒരാൾ അവിടെ കയറിയിരിക്കുമോ എന്നുള്ള പേടി അവർക്ക് വന്നിരുന്നു. എന്റെ അഭിപ്രായത്തിൽ ഇന്ത്യൻ വാല്യൂസിനെ ബഹുമാനിക്കണം. ഈ വിഷയം ചർച്ച ചെയ്യാൻ പാർലമെന്റ് എത്ര പ്രാവശ്യമായി ആവശ്യപ്പെടുന്നു. അദ്ദേഹം അങ്ങോട്ട് വരുന്നതേയില്ല. 'I PROMISE TO PAY THE BEARER THE SUM OF SUCH AND SUCH AMOUNT' എന്ന് നോട്ടിന്റെ പുറത്ത് ഗവർണർ ഒപ്പിട്ടുകൊടുത്തിട്ടുണ്ടെന്ന് നേരത്തേ ഇവിടെ പറയുന്നത് കേട്ടു. അതിന് ഇനി എന്തെങ്കിലും വിലയുണ്ടോ; ഒരാൾ ഓടിവന്ന് ടി.വി.-യുടെ മുമ്പിൽ നിന്ന് ഒറ്റ പ്രഖ്യാപനമാണ്. ഇങ്ങനെയൊരു സംഭവം ഇന്ത്യയിൽ ഇതുവരെയും ഉണ്ടായിട്ടില്ല. ഇതിനെല്ലാം നിയമപ്രാബല്യം ഉണ്ടോയെന്ന് അറിയില്ല. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തിരിക്കുന്നത് എന്നറിയില്ല. ഇത് ഏകാധിപത്യ ത്തിലേയ്ക്കുള്ള പോക്കാണ്. അതുകൊണ്ട് അനിതരസാധാരണമായ യോജിപ്പ് ഇവിടെ വന്നെങ്കിൽ, ഇതൊരു war situation ആണ്. ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ യുദ്ധം പ്രഖ്യാപിച്ചുകഴിഞ്ഞാൽ വേറെ വർത്തമാനം പറഞ്ഞു കൊണ്ടിരിക്കാൻ കഴിയുമോ; ഇന്ത്യക്കാരൊക്കെ യോജിക്കുകയില്ലേ; ഈ നടപടിയും അതുപോലെ തന്നെയാണ്. അതുകൊണ്ടാണ് കേരളത്തിൽ ഇത്തരം അനിതരസാധാരണമായ യോജിപ്പുണ്ടായത്. ബാക്കിയുള്ളതൊക്കെ അവിടെ നിൽക്കട്ടെ. എതിർപ്പുണ്ട്. എതിർപ്പിന്റെ സമയത്ത് എതിർക്കാം. ഇപ്പോൾ അത് നോക്കാൻ കഴിയില്ല. കാരണമെന്താണ്; കേരളത്തിലെ സഹകരണ മേഖല എടുത്തുനോക്കിയാൽ, നോട്ട് നിരോധനം കൊണ്ടുവന്നപ്പോഴുണ്ടായ ഗുരുതരമായ പ്രത്യാഘാതം എന്താണ്; നിങ്ങൾ എനിക്കൊരു 50 ദിവസം തരൂ, ഞാനൊക്കെ ശരിയാക്കിത്തരാം എന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. 50 ദിവസം വെള്ളം കുടിക്കാതെ മനുഷ്യന് ഇരിക്കാൻ കഴിയുമോ; 50 ദിവസം പട്ടിണികിടന്നാൽ, 50 ദിവസം വെള്ളം നനയ്ക്കാതിരുന്നാൽ ഇവിടത്തെ നെൽപ്പാടങ്ങൾ ഉണങ്ങി പോകുകയില്ലേ? ശ്രീ. കെ. കൃഷ്ണൻകുട്ടി പറഞ്ഞതുപോലെ 50 ദിവസം തീറ്റ കൊടുക്കാതിരുന്നാൽ പശു പിന്നെയുണ്ടാകുമോ; പശുവിനെ കൊല്ലാൻ പാടില്ല. പക്ഷേ 50 ദിവസം തീറ്റ കൊടുക്കാതെ അത് ജീവിച്ചിരിക്കുമോ; ഗോമാതാവ് ജീവിച്ചിരിക്കുകയില്ലല്ലോ; അതല്ലേ പ്രശ്നം; രാജ്യത്ത് ഇന്ന് ഇതാണ് സ്ഥിതി. ഇവിടത്തെ വികാരം അവിടെയുള്ളവർക്ക് അറിയില്ല. അതാണ് പ്രശ്നം. ഇത് കൺസൾട്ട് ചെയ്യുന്നത് മുഴുവൻ അത്തരത്തിലുള്ള ആളുകളോടാണ്. ആ ഒരു ലെവലിൽ മാത്രമേ കാണുന്നുള്ളൂ. അതിന് താഴോട്ട് കാണുന്നില്ല. അതാണ് പ്രശ്നമെന്ന് എനിക്ക് തോന്നുന്നു. വീണത് വിദ്യയാക്കുകയാണ് ശ്രീ. നരേന്ദ്ര മോദി. ഇത്രയധികം നോട്ട് അടിക്കാതെ ഇരുന്നിട്ടുണ്ടെങ്കിൽ രാജ്യത്തുണ്ടാകുന്ന പ്രത്യാഘാതം കാണാതെ പോയി. ഇതിനെ വേറൊരു സംഭവത്തോട്

കൂട്ടിവായിക്കണം. Voluntary disclosure-ന് ഒരു അവസരം കൊടുത്തു. കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി വരെയായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. Voluntary disclosure-ന് കൊടുത്ത സമയത്തിനുള്ളിൽ മുതലാളിമാരോട് മുഴുവൻ വിവരം പറഞ്ഞാൽ പോരേ; നിങ്ങളുടെ ബ്ലാക്ക് മണി വെളുപ്പിച്ചോളാൻ മുതലാളിമാരോട് വിവരം പറഞ്ഞാൽ മതി. പരസ്യമായിത്തന്നെ പറഞ്ഞിരുന്നു. സെപ്റ്റംബർ 30-നുശേഷം വലിയ നടപടിയുണ്ടാകുമെന്ന് പറഞ്ഞിരുന്നു. സഹകരണ സ്ഥാപനങ്ങളോട് ഞങ്ങൾ KYC നടപ്പിലാക്കും, അതുകൊണ്ട് നിങ്ങളൊക്കെ വേണ്ട precaution എടുക്കണം എന്നൊരു വിവരം പറഞ്ഞാൽ പോരായിരുന്നോ; അല്ലെങ്കിൽ സാധാരണക്കാരോട് പറയാമായിരുന്നില്ലേ; അവർക്കെന്തറിയാം. ഈ പ്രശ്നം ഒരൊറ്റ പണക്കാരനെയും ബാധിച്ചിട്ടില്ല. ഏതെങ്കിലുമൊരു വ്യവസായി പരാതി പറയുന്നുണ്ടോ; ആർക്കും ഒരു പരാതിയുമില്ല. അദാനിക്കും റിലയൻസിനും മാത്രമല്ല കച്ചവടക്കാർക്കൊന്നും ഒരു പ്രശ്നവുമില്ല. കാരണം അവർക്ക് വേണ്ടത്ര സമയം ലഭിച്ചു. അതുപോലെതന്നെ അവർക്ക് വിവരം ലഭിച്ചു. അതാണ് ഞാൻ പറഞ്ഞുവന്നത്, ഇവിടെ വന്നിരിക്കുന്ന ഒരു പ്രശ്നം രാജ്യത്ത് ഇതുപോലുള്ള ഒരു സംഭവമുണ്ടാകാൻ പാടില്ല. തകർന്ന ഇക്കോണമി ഇനി എങ്ങനെയാണ് ശരിയാക്കുന്നത്; അതാണ് പ്രശ്നം. ഒരു ദിവസം ഹർത്താലോ ബന്ദോ വന്നാൽ ഉണ്ടാകുന്ന നഷ്ടം നമ്മൾ കണക്കുകൂട്ടി പറയാറില്ലേ; തകർന്ന കച്ചവടങ്ങളെത്ര; ചത്ത ജീവജാലങ്ങളെത്ര; മരിച്ച മനുഷ്യരെത്ര; അതുപോലെ തകർന്നടിഞ്ഞ കൃഷിയിടങ്ങളെത്ര; എന്തെല്ലാം ഗുരുതരമായ പ്രശ്നങ്ങളാണ് ഇവിടെ വന്നുകൊണ്ടിരിക്കുന്നത്; സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള പ്രശ്നമാണ് കേരളത്തിന്റെ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം സഹകരണ മേഖലയിൽ ആയതിന്റെ കാരണമെന്താണ്; അവിടെ കള്ളപ്പണമാണെന്ന് പറയുന്നുണ്ടല്ലോ; അവിടത്തെ കള്ളപ്പണത്തിന്റെ വലിപ്പം ഏറിയാൽ എത്രയുണ്ടാകും; വളരെ കുറച്ചുമാത്രമേയുണ്ടാകൂ. കള്ളപ്പണം/ അക്കൗണ്ടില്ലാത്ത മണി എന്നുപറഞ്ഞാൽ ഏതാനും ലക്ഷങ്ങൾ മാത്രമേ കാണുകയുള്ളൂ. കോടിക്കണക്കിന് പണം കൈകാര്യം ചെയ്യുന്ന ആളുകൾക്ക് ഇതുപോലെയുള്ള സഹകരണ സ്ഥാപനത്തിന്റെ ഹെൽപ്പ് എന്തെങ്കിലും വേണോ; നോട്ടുകളൊക്കെ മാറ്റാൻ രണ്ടുമാസം കൊടുത്തപ്പോൾ ഏതെങ്കിലുമൊരു വൻകിടക്കാരന് ഇതൊക്കെ മാറ്റാൻ എന്തെല്ലാം വഴികളുണ്ട്. അതൊക്കെ പോയില്ലേ; ബുദ്ധിമുട്ട് അനുഭവിച്ചത് സാധാരണക്കാരൻ മാത്രം. വേറെയാരാണ് ഇവിടെ അനുഭവിച്ചത്; സഹകരണ മേഖല കേരളത്തിന്റെ ഒരു നെക്സ്റ്റ്, ബെസ്റ്റ് ആൾട്ടർനേറ്റീവാണ്. സഹകരണ മേഖലയെ സംബന്ധിച്ച് നമ്മൾ ഇത്ര സങ്കടപ്പെടുന്നതെന്തിനാണ്; ഇവിടെ വൻകിട, ഇടത്തരം, ചെറുകിട എന്നൊക്കെ

പറഞ്ഞതുപോലെ സഹകരണ മേഖല എന്തിനും ഏതിനും ഇവിടെയൊരു സൊല്യൂഷനാണ്. 2002-ൽ അക്ഷയ സംവിധാനം നടപ്പിലാക്കിയ സമയത്ത് ഒറ്റ ബാങ്കുകാരും അക്ഷയ സെന്ററിന് പണം കടം നൽകാൻ തയ്യാറായില്ല. വയബിളല്ല എന്നാണ് അവർ പറഞ്ഞത്. ഇവിടെയൊരു സെൽഫ് എംപ്ലോയ്മെന്റ് സ്കീമെന്നുള്ള നിലയ്ക്കാണ് അക്ഷയ സെന്ററുകൾ 2002-ൽ നടപ്പിലാക്കിയത്. മറ്റ് ഇന്ത്യൻ സ്റ്റേറ്റുകളൊക്കെ ഐ.ടി. ലിറ്ററസിക്കുവേണ്ടി ഗവൺമെന്റ് കിയോസ്കുകൾ തുടങ്ങി. ആരെങ്കിലും എന്റർപ്രണർഷിപ്പ് എന്നുള്ള നിലയിൽ ചെറിയ സംരംഭങ്ങൾ തുടങ്ങട്ടെ എന്ന് ഞങ്ങൾ പറഞ്ഞു. സംരംഭകർ ലോൺ എടുത്ത് രണ്ടോ മൂന്നോ പേരെ നിയമിക്കുന്ന സംവിധാനം വരട്ടെ. ആ മോഡലിലാണ് അക്ഷയ സെന്റർ ആരംഭിച്ചത്. വലിയ വിജയമായിരുന്നു. ഇന്ത്യയിൽ നിന്നുള്ള പല ആളുകളും ഇവിടെ കാണാൻ വന്നു. ലോകത്തിന്റെ പല ഭാഗത്തുനിന്നും വന്നു. യു.എൻ. പ്രതിനിധികൾ ഇവിടെ അക്ഷയ സെന്ററുകളുടെ സക്സസ് കാണാൻ വന്നു. മാത്രമല്ല, ഒരു നിശ്ചിത സമയത്തിനുള്ളിൽ ഐ.ടി. ലിറ്ററസിയിൽ നമ്മൾ ലക്ഷ്യം നേടി. എല്ലാവരും വളരെയധികം അഭിനന്ദിച്ചു. ആ അക്ഷയ സെന്ററുകളാണ് പിന്നീട് ഡെവലപ് ചെയ്തത്. അടുത്ത പത്തോ പതിനഞ്ചോ വർഷത്തിനുള്ളിൽ ഇന്ത്യയിൽ ഇ-ഡിസ്ട്രിക്ട് ശ്രീ. നരേന്ദ്രമോദിയുടെ ഒരു ലക്ഷ്യമാണ്. എന്നാൽ കേരളത്തിലെ എല്ലാ ജില്ലകളും ഇ-ഡിസ്ട്രിക്ടുകൾ ആയിക്കഴിഞ്ഞു എന്ന് ഞാൻ അഭിമാനപൂർവ്വം പറയുകയാണ്. അതിനുകാരണം അക്ഷയ സെന്ററുകളാണ്. ഈ അക്ഷയ സെന്ററുകൾക്ക് ലോൺ കൊടുക്കാൻ സഹകരണ ബാങ്കുകൾ മാത്രമാണ് മുന്നോട്ടുവന്നത്. ഇന്നലെ നടന്ന ആൾ പാർട്ടി മീറ്റിംഗിലും ബി.ജെ.പി. പറഞ്ഞു റിസർവ് ബാങ്കിന്റെ നിബന്ധന നടപ്പിലാക്കാം എന്നല്ലേ ഞങ്ങൾ പറയുന്നുള്ളൂ, അതിനെ നിങ്ങൾ എതിർക്കുന്നത് എന്തിനാണ്; അപ്പോൾ റിസർവ് ബാങ്കിന്റെ നിബന്ധനകളില്ലാതെ കള്ളപ്പണം ഇടാൻ വേണ്ടിയാണ്, ഇവിടത്തെ ആൾ തന്നെ ഓഡിറ്റ് ചെയ്താൽ മതി, ഇവിടത്തെ ആൾ തന്നെ നോക്കിയാൽ മതി എന്നുപറയുന്നത് ശരിയല്ല. അങ്ങ് മനസ്സിലാക്കണം, റിസർവ് ബാങ്ക് നിബന്ധന വന്നാൽപ്പിന്നെ പലിശയ്ക്ക് പണം കൊടുക്കുന്ന നിലപാട് മാത്രമായി സഹകരണ ബാങ്കുകൾക്ക് മാറേണ്ടിവരും. കുടുംബശ്രീ, അക്ഷയ സെന്ററുകൾ പോലുള്ള സ്ഥാപനങ്ങൾക്കൊന്നിനും ലോൺ കൊടുക്കാൻ കഴിയില്ല. പശുവിനെ വളർത്താൻ ലോൺ കൊടുക്കാൻ കഴിയില്ല. ഈ വക ഏർപ്പാടുകളൊന്നും വേണ്ടെന്നാണ് റിസർവ് ബാങ്കിന്റെ നിബന്ധന. ആൾ ഇന്ത്യാ നോംസാണ് റിസർവ് ബാങ്കിനുള്ളത്. ആൾ ഇന്ത്യാ നോംസിനുള്ളിൽ സഹകരണ ബാങ്കുകൾ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന ചെറിയ ചെറിയ പരിപാടികളില്ലേ. അതോടുകൂടി സകലതും നിൽക്കും. അവർക്ക് ബാങ്കുകൾ ഇന്ന് ചെയ്യുന്ന നോൺ ബാങ്കിംഗ് ഫിനാൻസിന്റെ

ലൈസൻസ് വച്ച് മുത്തുറ്റ് ബാങ്കൊക്കെ ചെയ്യുന്നതുപോലെയുള്ള കാര്യങ്ങൾ മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ. അതാണ് പ്രശ്നം. ഇന്നലെ ആൾ പാർട്ടി മീറ്റിംഗിലും ഞങ്ങൾ ഈ വിഷയം പറഞ്ഞിരുന്നു. പക്ഷേ ബി.ജെ.പി. പ്രതിനിധികൾ ഇറങ്ങിപ്പോകാൻ വേണ്ടി ഒരു ന്യായം ആദ്യം തന്നെ എഴുതിക്കൊണ്ടുവന്നിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ പരിശോധനയ്ക്ക് വിധേയമാക്കണം. റിസർവ് ബാങ്കിന്റെ കാര്യം വരുമ്പോൾ സഹകരണ ബാങ്കിൽ ഇന്ന് നടക്കുന്ന ആക്ടിവിറ്റീസ് ഒന്നും നടത്താൻ കഴിയാതെ വരും. അതോടുകൂടി തകർന്നില്ലേ; കേരളത്തിലെ സഹകരണ മേഖല എന്നുപറയുന്നത് ജനജീവിതവുമായി ബന്ധപ്പെട്ടുള്ളതാണ്. കൂലിപ്പണിക്കാരാണ് അവിടെ പണം നിക്ഷേപിക്കുന്നത്. അതുകൊണ്ട് ഈ മേഖലയുടെ തകർച്ച എന്നുപറയുന്നത് കേരളത്തിന്റെ തകർച്ചയാണ്. എല്ലാം ശരിയാകുമെന്നുള്ള ഒരു പ്രതീക്ഷയിൽ ഇപ്പോൾ നിൽക്കുകയാണ്. ബാങ്കിൽ നിക്ഷേപിച്ച പണം കിട്ടാതാകുകയോ ഇതിനൊരു തലയും വാലും ഇല്ലാതാകുകയോ ചെയ്താൽ കേരളത്തിൽ ആത്മഹത്യകളുണ്ടാകുമെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. അതു പോലെയുള്ള അനവധി ഗുരുതര പ്രശ്നങ്ങൾ കേരളത്തിലുണ്ടാകും. അതുകൊണ്ടാണ് ഞങ്ങളെല്ലാവരും ഈ വിഷയത്തിൽ ഒറ്റക്കെട്ടായി നിൽക്കുന്നത്. ഇത് പരിഹരിക്കുന്നതുവരെ കേരളത്തിന്റെ പ്രശ്നമെന്നുള്ള നിലയിൽ ഈ വിഷയത്തിൽ ഏത് അറ്റംവരെ പോകാനും സഹകരിക്കാനും ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എസ്. ശർമ്മ:</u> സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇവിടെ വിശദമായ ചർച്ച ഒരു പരിധിവരെ നടന്നുകഴിഞ്ഞിട്ടുണ്ട്. ഒരംഗം ഒഴിച്ച് പൊതുവെ മറ്റെല്ലാ അംഗങ്ങളും ഈ നാടിനെക്കുറിച്ച് ഉത്കണ്ഠയോടുകൂടി, അസാധാരണമായ ഒരു സാഹചര്യം അഭിമുഖീകരിക്കേണ്ടി വന്നാൽ എങ്ങനെയായിരിക്കണമെന്ന ലക്ഷണമൊത്ത, പക്വതയോടുകൂടിയ, അവധാനതയോടുകൂടിയ ചിന്തകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 97-ാം ഭരണഘടനാ ഭേദഗതിയുടെ പശ്ചാത്തലത്തിൽ സഹകരണ മേഖലയെ സംബന്ധിച്ച് മുമ്പ് ഇവിടെ ചർച്ച ചെയ്തിരുന്നു. 97-ാം ഭരണഘടനാ ഭേദഗതി വരുന്നതിനുമുമ്പ്, സഹകരണ മേഖല ഭരണ ഘടനാപരമായി സ്റ്റേറ്റ് സബ്ജക്ടായിരുന്നു. ആ ഭേദഗതി സംസ്ഥാനങ്ങളുടെ അധികാരങ്ങൾക്കുനേരെയുള്ള കയ്യേറ്റമായി നമ്മൾ കണ്ടിരുന്നു. എന്നാൽ 97-ാം ഭരണഘടനാ ഭേദഗതി അനുസരിച്ച് നിയമസഭ നിയമം പാസ്സാക്കിയെങ്കിലും ആ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ നിരവധി വ്യവഹാരങ്ങൾ വന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഗുജറാത്ത് ഹൈക്കോടതി അത് സ്റ്റേ ചെയ്തിരിക്കുകയാണ്. അതിനാൽ ഭരണഘടനാപരമായി കോ-ഓപ്പറേഷനെ

സംബന്ധിച്ച് സ്റ്റേറ്റിനുള്ള റൈറ്റ് 97-ാം ഭരണഘടനാ ഭേദഗതി വരുന്നതിനുമുമ്പ് എപ്രകാരമായിരുന്നുവോ അപ്രകാരംതന്നെ ഇപ്പോഴും തുടരുന്നുവെന്നുവേണം അനുമാനിക്കാൻ. ബഹുമാനപ്പെട്ട ഗുജറാത്ത് ഹൈക്കോടതിയുടെ വിധിയെ ചോദ്യം ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇപ്പോൾ ഇതുസംബന്ധിച്ച് വാദം നടന്നുവരികയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി തീർപ്പുകൽപ്പിക്കുന്നതുവരെ 97-ാം ഭരണഘടനാ ഭേദഗതിക്കു മുമ്പുള്ള അവസ്ഥതന്നെ ഭരണഘടനാപരമായി സംരക്ഷിക്കപ്പെടുകയും കോ-ഓപ്പറേഷൻ കൺകറന്റ് ലിസ്റ്റിൽതന്നെ നിലനിൽക്കുകയും ചെയ്യുന്നുവെന്ന നിയമപരമായ വശങ്ങൾ സൂക്ഷ്മതയോടുകൂടി ഗവൺമെന്റ് ഈ സന്ദർഭത്തിൽ പരിശോധിച്ചുവരുന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഗവൺമെന്റ് അക്കാര്യം ഗൗരവതരമായ പരിശോധനയ്ക്കുകൂടി വിധേയമാക്കണം. ഇതിനകം കേരളത്തോടുള്ള പരിപൂർണ്ണ ഉത്തരവാദിത്ത നിർവ്വഹണ പ്രക്രിയയിൽ അങ്ങേയറ്റത്തെ കരുതലോടുകൂടി തികച്ചും അവധാനതയോടുകൂടിയതും ദീർഘ ദർശനത്തോടുകൂടിയതുമായ നടപടി സ്വീകരിക്കുന്നതിൽ നേതൃത്വപരമായി സംസ്ഥാന ഗവൺമെന്റും എല്ലാ നിലയിലും സഹകരിച്ചുകൊണ്ട് പ്രതിപക്ഷവും പൊതുസമീപനമാണ് എടുത്തിട്ടുള്ളത്. ഈയൊരു സമീപനമാണ് കേരളത്തിലെ ജനങ്ങളുടെ ഇന്നത്തെ പ്രതിസന്ധിയിൽ കുറച്ചെങ്കിലും ആശ്വാസം നൽകുന്നതിന് കരുത്ത് പകരുന്നതെന്ന കാര്യം നിസ്സംശയം പറയാൻ കഴിയും. ഇവിടെ തീരുമാനം എടുക്കുന്നതിനു മുമ്പ് ഗൗരവമായി കാണേണ്ട മറ്റൊരു പ്രശ്നമുണ്ട്. റിസർവ് ബാങ്കിനുള്ള അധികാരത്തെ രണ്ട് ഘട്ടങ്ങളായി തിരിക്കുന്നതിനുള്ള സ്റ്റെപ്പും കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പൊതുവായ വീക്ഷണവും നയവും പരിശോധിക്കുമ്പോൾ ഈ പ്രശ്നത്തിൽ കേവലമായ നിരോധനം മാത്രമല്ല രാഷ്ട്രീയമായ കേന്ദ്രീകരണമാണ് മൗലികമായി ലക്ഷ്യം വയ്ക്കുന്നത്. ഇപ്പോൾ ഭരണപരമായി എം.പി.-മാരുടെ പിന്തുണകൊണ്ട് മാത്രം നിൽക്കാൻ പറ്റുന്ന സ്ഥിതിയല്ലെന്ന് കണക്കാക്കുന്നു. പണത്തിന്റെ മുകളിലുള്ള അധികാരവുംകൂടി കേന്ദ്ര ഗവൺമെന്റ് മൗലികമായി ലക്ഷ്യംവയ്ക്കുന്നുണ്ട്. അതുകൊണ്ട് രണ്ട് സംവിധാനം ഇപ്പോൾ റിസർവ് ബാങ്കിൽ ഏർപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ മൂന്ന് പ്രതിനിധികളടങ്ങുന്ന ആറംഗ മോണിറ്ററിംഗ് പോളിസി കമ്മിറ്റി ഇതിനകം രൂപീകരിച്ചുകഴിഞ്ഞു. വായ്പാ നയത്തിൽ പലിശ നിരക്കിന്റെ കാര്യത്തിൽ റിപ്പോ റിവൈസ്ഡ് റിപ്പോ എല്ലാ നിലയിലും അവസാനം നിശ്ചയിക്കുന്നത് റിസർവ് ബാങ്കായിരുന്നു. എന്നാൽ അത് പൊതുവായ്പാ മാനേജ്മെന്റ് സെല്ലിലേയ്ക്ക് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയാണ്. വരുന്ന രണ്ട് വർഷംകൊണ്ട് പരിപൂർണ്ണ

അധികാരമുള്ള ഒരു ഡിപ്പാർട്ടുമെന്റായി ഇത് പ്രവർത്തിക്കുമെന്ന് അതിൽതന്നെ പറഞ്ഞിരിക്കുകയാണ്. ഇവിടെ റിപ്പോ, റിവൈസ്ഡ് റിപ്പോ, പൊതുവായ്പാ മാനേജ്മെന്റിന്റെ പുതിയ സെൽ രൂപീകരണം എന്നിവ സംബന്ധിച്ച് രണ്ട് കാര്യം ഉറപ്പാക്കുന്നുണ്ട്. പലിശയുടെ കാര്യത്തിൽ കോർപ്പറേറ്റുകൾ ഇപ്പോൾ റിസർവ് ബാങ്കിനെയാണ് സമീപിക്കുന്നതെങ്കിൽ രണ്ട് വർഷം കഴിയുമ്പോൾ പൊതുവായ്പാ മാനേജ്മെന്റ് സെൽ പരിപൂർണ്ണ ഡിപ്പാർട്ടുമെന്റായി മാറുന്ന സാഹചര്യത്തിൽ അത് കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാക്കാൻ പോകുകയാണ്. കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയാധികാരം ലക്ഷ്യം വച്ചുകൊണ്ട് കോർപ്പറേറ്റുകൾക്ക് പൂർണ്ണമായ സംരക്ഷണവും പരിരക്ഷയും ദീർഘകാലാടിസ്ഥാനത്തിൽ ഉറപ്പാക്കിക്കൊണ്ട്, ഒരർത്ഥത്തിൽ റിസർവ് ബാങ്കിനെത്തന്നെ റബ്ബർ സ്റ്റാമ്പാക്കുന്ന രീതിയിൽ മൗലികമായി ചിന്തിക്കുകയും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുകയും ചെയ്തുവരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിനെ കൊണ്ടുവരുന്നത് കോർപ്പറേറ്റുകളാണ്. ആ കോർപ്പറേറ്റുകൾക്ക് മൂലധനത്തിന്റെ മുകളിൽ ഇന്നുള്ള ഭരണഘടനാപരമായ അധികാരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ കൈകളിലേയ്ക്ക് നിക്ഷിപ്തമാക്കിയെടുക്കുന്ന തരത്തിൽ നയങ്ങൾ ആവിഷ്കരിക്കുകയാണ്. ഈയൊരു അസാധാരണമായ സാഹചര്യം അതീവ ഗൗരവത്തോടുകൂടി കാണുകയാണ്. ബഹുമാന്യനായ നേമം മെമ്പർ ഇവിടെ ഇതുകൊണ്ട് ഒതുങ്ങുന്നില്ലെന്ന് പരാമർശിച്ചല്ലോ; അത് ശരിയാണ്. അദ്ദേഹത്തിന്റെ വിശദീകരണം കേട്ടപ്പോൾ അദ്ദേഹം കേരളത്തിൽതന്നെയാണോ ജീവിക്കുന്നതെന്ന് പെട്ടെന്ന് എനിക്കൊരു സംശയം തോന്നി. അങ്ങനെ തോന്നിയതിൽ ദയവായി ക്ഷമിക്കുക. ഓരോ മനുഷ്യർക്കും ഓരോ തോന്നലാണല്ലോ; സഹകരണ മേഖല മുഴുവൻ കള്ളപ്പണമാണെന്ന് ഏതെങ്കിലും സഹകരണ ബാങ്കിന്റെ മുമ്പിൽ ചെന്ന് കേരളത്തിലെയോ ഇന്ത്യയിലെയോ ബി.ജെ.പി. നേതാക്കൾക്ക് ആർക്കെങ്കിലും പ്രസംഗിക്കാൻ കഴിയുമോ; അപ്പോൾ അറിയാം പാവപ്പെട്ട സഹകാരികളുടെ വിഷമം എന്താണെന്ന്. കാസർഗോഡ്, എറണാകുളത്തെ കരിമാലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ബി.ജെ.പി. നേതൃത്വം കൊടുക്കുന്ന ബാങ്കുകളുണ്ടല്ലോ; അവിടെയൊക്കെ കള്ളപ്പണമാണോ നിക്ഷേപിച്ചിരിക്കുന്നത്. ആണെന്നുള്ള അഭിപ്രായം ബി.ജെ.പി. നേതൃത്വത്തിനുണ്ടോ; അങ്ങനെ പറയാൻ കഴിയുമോ? യഥാർത്ഥത്തിൽ ഇതിനൊരു ലക്ഷ്യമുണ്ട്. ഈ കേരളത്തെ തകർക്കുകയെന്നുള്ളതാണ് ആത്യന്തികമായ ലക്ഷ്യം. അങ്ങനെ തകർക്കാൻ ഈ മലയാളികൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം അനുവദിക്കില്ലെന്ന ശുഭ സൂചനയാണ് ഈ ഒരംഗത്തിന്റെ അഭിപ്രായമൊഴിച്ച് ഇന്നിവിടെ നടക്കുന്ന ചർച്ചയിൽ പ്രകടമാകുന്ന പൊതുചിന്ത.

ഇവിടെ സാമ്പത്തിക നയം ആഗോളവത്കരണ നയത്തിന്റെ ഏറ്റവും ഉയർന്ന മുഖമാണ്. രാജ്യത്തെ കോർപ്പറേറ്റുകൾക്കുവേണ്ടി സ്വീകരിച്ചിട്ടുള്ള ഈ നടപടി ഒരർത്ഥത്തിൽ പറഞ്ഞാൽ സാമ്പത്തിക പരിഷ്കാരത്തിന്റെ ഒരു ഉയർന്ന രൂപത്തിലുള്ള മുഖമാണ്. അങ്ങനെ ഉയർന്ന രൂപം വരുമ്പോൾ ദരിദ്രവത്കരിക്കപ്പെട്ടവർ ഏറ്റവും കൂടുതൽ ദരിദ്രവത്കരിക്കപ്പെടുമെന്നുള്ള കാഴ്ചപ്പാട് അർത്ഥവത്തായ വിധത്തിൽ സ്ഥാപിക്കപ്പെടുന്നത് ശരിവയ്ക്കുന്നതാണ് ഇന്നത്തെ അനുഭവം. യഥാർത്ഥത്തിൽ, സാധാരണ മനുഷ്യന്റെ ജീവനും ജീവവായുവിനും ജീവിക്കാനുള്ള അവകാശത്തിനും നേരെയുള്ള ഒരു മരണ വാറന്റാണ് കറൻസികൾ നിരോധിക്കാനുള്ള നടപടിയെന്നുള്ളത് തിരിച്ചറിഞ്ഞുകൊണ്ട് അതിനെതിരായ അതിശക്തമായ, വിട്ടുവീഴ്ചയില്ലാത്ത, സമാനതകളില്ലാത്ത ഒരു ജനതയുടെ ഉയർത്തെഴുന്നേൽപ്പിന്റെ പോരാട്ടം രാജ്യത്ത് അനിവാര്യമാണെങ്കിൽ ആ രീതിയിൽക്കൂടി ചിന്തിക്കേണ്ടതുണ്ട്. കള്ളപ്പണമില്ലാതാക്കും, കള്ളനോട്ട് തടയും, അഴിമതി ദൂരീകരിക്കും, ഭീകരവാദം പ്രതിരോധിക്കും എന്നൊക്കെയാണ് കേന്ദ്ര ഗവൺമെന്റ് വിശദീകരിക്കുന്നത്. നോട്ടിന്റെ നിർമ്മാണമെല്ലാം ഇലക്ട്രോണിക്സ് മാനേജ്മെന്റാണ്. കള്ളപ്പണമെന്ന് പറയുന്നത് ഏതെങ്കിലും വീട്ടിൽ കൊണ്ടുവന്ന് ചാക്കിൽ കെട്ടിവച്ചിരിക്കുന്നതല്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് പറയുന്നത്. കേന്ദ്ര സർക്കാരിന്റെ ഈ നടപടി കള്ളപ്പണത്തിന് എതിരായിട്ടാണെന്നാണ് ബി.ജെ.പി. വാദിക്കുന്നത്. നോട്ട് നിരോധനം വരുന്നതിന് ഏതാനും ആഴ്ചകൾക്ക് മുൻപ് കേന്ദ്ര സർക്കാർ സുപ്രധാനമായ ഒരു തീരുമാനം എടുത്തിരുന്നു. അതായത്, ഇന്ത്യയിൽ നിലവിലുള്ള നിയമമനുസരിച്ച് ഒരു കമ്പനിക്ക് ഇന്ത്യൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണം വിദേശ ബാങ്കിലേയ്ക്ക് മാറ്റാൻ 50 ലക്ഷം രൂപ എന്ന പരിധി ഉണ്ടായിരുന്നു. എന്നാൽ ഈ പ്രഖ്യാപനം വരുന്നതിനു തൊട്ടുമുൻപ് ഒരു കോടി 60 ലക്ഷം രൂപയാക്കി ആ പരിധി വർദ്ധിപ്പിച്ചത് ആരെ സഹായിക്കാൻ വേണ്ടിയാണെന്നുള്ളത് വളരെ വ്യക്തമല്ലേ?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, അക്കാര്യം വളരെ വ്യക്തമാണ്. എന്റെ പ്രസംഗത്തിന്റെ ആദ്യ ഭാഗത്ത് ഞാൻ അതുസംബന്ധിച്ച തന്നെയാണ് സൂചിപ്പിച്ചത്. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ, നോട്ടുകൾ പിൻവലിക്കുന്ന വിവരം അദാനിയും അംബാനിയും നേരത്തെ അറിഞ്ഞിരുന്നുവെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയോ കേരളത്തിലെ യു.ഡി.എഫ്-ഓ മറ്റേതെങ്കിലും രാഷ്ട്രീയ

പാർട്ടികളോ അല്ല പറഞ്ഞത്. രാജസ്ഥാനിലെ ബി.ജെ.പി. എം.എൽ.എ. ശ്രീ. ഭവാനി സിംഗ് രജാവാട്ടാണ് പത്രസമ്മേളനം നടത്തി പരസ്യമായി പറഞ്ഞത്. കള്ളപ്പണമെന്നത് യഥാർത്ഥ പണത്തിന്റെ കൂടെ സദാ സഞ്ചരിക്കുന്ന, യഥാർത്ഥ പണത്തെ പിടിച്ചു പറിക്കുന്നൊരു മെക്കാനിസമാണ്. അത് ഭൂമിയിലാണെങ്കിലും സ്വർണ്ണത്തിലാണെങ്കിലും കെട്ടിട നിർമ്മാണത്തിലാണെങ്കിലും നികുതി വെട്ടിപ്പിലാണെങ്കിലും കയറ്റുമതിയിലാണെങ്കിലും ഇറക്കുമതിയിലാണെങ്കിലും എല്ലാ തലത്തിലുമുള്ള നടപടികളിലൂടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നതാണ്. കള്ളപ്പണത്തെ സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ഏത് അർത്ഥത്തിലാണ് പറയുന്നത്; യുക്തിക്ക് നിരക്കാത്ത, വേറെ ലക്ഷ്യം വച്ചുകൊണ്ട് ചിന്തിച്ചു പ്രവർത്തിക്കുന്ന എന്നുള്ളതുകൊണ്ട് എത്ര വിശദീകരിച്ചാലും ഒരുപക്ഷേ ബോധ്യപ്പെടുന്ന വരില്ല. പക്ഷേ ബോദ്ധ്യപ്പെടാൻ കഴിയുന്ന വിധത്തിൽ ജനങ്ങളിവിടെ ശക്തരും സംഘടിതരുമാണ് എന്നകാര്യം ഗൗരവത്തോടുകൂടി കണക്കാക്കുവാൻ തീർച്ചയായും ഈ ചർച്ച സഹായിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ഏറ്റവും അത്ഭുതകരമായൊരു കാര്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഇന്ത്യയുടെ പ്രധാനമന്ത്രി ഒരു ദേശാടന പക്ഷിയെപ്പോലെ ലോകം മുഴുവൻ സഞ്ചരിക്കുന്നു. എവിടെച്ചെന്നാലും പ്രസംഗമുണ്ട്. ഇന്ത്യയിൽ ഇടക്കാലത്ത് ഒരു കാഴ്ചവസ്തുപോലെ വന്ന് പ്രത്യക്ഷപ്പെടുമ്പോൾ എല്ലാ മൈതാന പ്രസംഗങ്ങളിലും അദ്ദേഹം പങ്കെടുക്കാറുണ്ട്. പക്ഷേ രാജ്യത്തെ ബാധിക്കുന്ന 86 ശതമാനം വരുന്ന കറൻസി പിൻവലിച്ച സങ്കീർണ്ണമായ പ്രശ്നത്തെ സംബന്ധിച്ച് പാർലമെന്റിലോ രാജ്യസഭയിലോ നടക്കുന്ന ചർച്ചയിൽ പങ്കെടുക്കുന്നില്ല. മറുപടി പറയാൻ കൂട്ടാക്കാതെ ഒളിച്ചോടുന്ന പ്രധാനമന്ത്രിയെയാണ് ഇന്ത്യ കാണുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ അങ്ങനെ കണ്ടിട്ടില്ല. എത്ര അപമാനകരമായ സ്ഥിതിയാണിത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവതരമായ വിഷയം അവതരിപ്പിക്കുകയാണല്ലോ. ബി.എസ്.എൻ.എൽ. പോലുള്ള ഒരു പൊതുമേഖലാ സ്ഥാപനം രാജ്യം കൊണ്ടുനടക്കുമ്പോൾ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു പ്രധാനമന്ത്രി റിലയൻസിന്റെ ജിയോ മൊബൈലിന്റെ പരസ്യക്കാരനായി പ്രത്യക്ഷപ്പെട്ട കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് പറഞ്ഞ കാര്യം എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അത് ഇനിയും കൂടുതൽക്കൂടുതൽ അറിയാനിരിക്കുന്നതേയുള്ളൂ. ഇവിടെ മറ്റൊരു പ്രശ്നം ഗൗരവതരമായി കാണേണ്ടതുണ്ട്. കള്ളപ്പണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽ വന്നപ്പോൾ, പനാമ രേഖയിലും വീക്കിലീക്സ് വഴിയും കള്ളപ്പണക്കാരുടെ പേരുവിവരം സർക്കാരിന് ചോർന്നുകിട്ടിയിട്ടും നടപടി എടുക്കുകയോ അത് ആരൊക്കെയാണെന്ന് സുപ്രീംകോടതി ആരാഞ്ഞിട്ടും അറിയിക്കാൻ തയ്യാറാകുകയോ ചെയ്തിട്ടില്ല. പ്രസിദ്ധീകരണങ്ങളിലൂടെ പുറത്തുവന്ന കള്ളപ്പണക്കാരുടെ ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ കൈയിലുണ്ട്. അവർ ആരാണെന്നും എന്തുകൊണ്ടാണ് അവരുടെ പേരുകൾ വെളിപ്പെടുത്താത്തതെന്നും അതിന്റെ കാരണമെന്താണെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് ചോദിച്ചു. പക്ഷേ കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ അറ്റോർണി ജനറൽ അതുസംബന്ധിച്ച് 'കമാ' എന്നൊരക്ഷരം മിണ്ടിയില്ല. അപ്പോൾ കള്ളപ്പണക്കാരെ കൈയിൽവച്ച് കൈകാര്യം ചെയ്ത് സംരക്ഷിക്കുന്നത് ആരാണെന്നുള്ളതിന് സാക്ഷി ബഹുമാനപ്പെട്ട സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ ചോദ്യത്തിന് മറുപടി പറയാതെ നിസ്സഹായനായി നിന്ന കേന്ദ്രസർക്കാർ തന്നെയാണ്.

നമ്മുടെ രാജ്യത്തിന്റെ, ലോകത്തിന്റെ തന്നെ ചരിത്രത്തിൽ അസാധാരണമായ സംഭവങ്ങൾ ഉയർന്നുവരുമ്പോൾ ലോകത്തോട് പ്രതികരിച്ചവരുണ്ട്. ഡോ. മാർട്ടിൻ ലൂഥർ കിംഗ്, അദ്ദേഹം ലോകത്തിന്റെ മുൻപിൽ ഒരു വീക്ഷണം അവതരിപ്പിച്ചു. നിങ്ങളുടെ മുൻപിൽ നിങ്ങളുടെ ജീവിതത്തെയോ നിങ്ങളുടെ സാഹചര്യത്തെയോ പ്രതികൂലമായി ബാധിക്കുന്ന അസാധാരണ സാഹചര്യം ഉയർന്നുവന്നാൽ നിങ്ങൾ മൗനമാണ് സ്വീകരിക്കുന്നതെങ്കിൽ മരണത്തെ സ്വയം വരിക്കുന്നതിന് തുല്യമായിരിക്കും. അല്ല തിരിച്ചാണ് സ്വീകരിക്കുന്നതെങ്കിൽ നിങ്ങളൊരു പുനർജന്മമായിരിക്കും കൊടുക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. ആ പുനർജന്മത്തിനുവേണ്ടിയുള്ള പോരാട്ടമാണ് നിയമസഭയിൽ ഈ പ്രമേയത്തിലൂടെ ചർച്ച ചെയ്യപ്പെടുന്നത്. ഞാനതിനെ പിന്തുണയ്ക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇന്ത്യയിൽ ഡീമോണിറ്റൈസേഷനുശേഷം ക്യൂവിൽ നിന്ന് മരണമടഞ്ഞ 70 പാവപ്പെട്ട ആളുകളുടെ പേരിൽ ആദ്യമായി ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. തങ്ങളുടേതല്ലാത്ത കുറ്റത്തിന്, സ്വന്തം പണം വാങ്ങാൻവേണ്ടി ക്യൂ നിന്ന് ദേഹവിയോഗം സംഭവിച്ച ആ പാവങ്ങൾ ബി.ജെ.പി. സർക്കാരിന്റെ കരങ്ങൾകൊണ്ട് തകർക്കപ്പെട്ടവരാണെന്നുള്ള കാര്യം നമ്മളോർക്കണം. ഇക്കാര്യം പാർലമെന്റിലും ലോക് സഭയിലും രാജ്യസഭയിലും ചർച്ച ചെയ്യാൻ സാധിക്കുന്നില്ല. കേരള നിയമസഭ ഇവിടെ വിളിച്ചു കൂട്ടിയതും ഇക്കാര്യം ചർച്ച ചെയ്യുന്നതും ജനാധിപത്യത്തിന്റെ ഉന്നത മാതൃകയാണ്. അക്കാര്യത്തിൽ ഞങ്ങൾ അങ്ങയോട് കടപ്പെട്ടിരിക്കുന്നു. ഞങ്ങൾ സർക്കാരിനോട് ഈ ആവശ്യമുന്നയിച്ചപ്പോൾ സർക്കാർ അതിന് തയ്യാറായതും ജനാധിപത്യത്തിന്റെ ഉത്തമമായ മാതൃകയാണ്. ഞാനും ശ്രീ. കെ. സുരേഷ് കുറുപ്പും നാലുതവണ പാർലമെന്റിലുണ്ടായിരുന്നവരാണ്. മുൻകാലങ്ങളിൽ എല്ലാ പ്രധാനമന്ത്രിമാരും പാർലമെന്റിൽ വരികയും ചർച്ചകൾക്ക് മറുപടി പറയുകയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ രാജ്യസഭയേയും ലോക് സഭയേയും പാർലമെന്റിനേയും ബഹുമാനിക്കുന്നില്ല. ജനങ്ങളെ ബഹുമാനിക്കുന്നില്ല. ഒരു ഏകാധിപതിയുടെ അരാജകത്വ ഭരണമാണ് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. നരേന്ദ്ര മോദി എന്ന വ്യക്തിക്ക് എന്തുമാകാം. പക്ഷേ നരേന്ദ്ര മോദി എന്ന പ്രധാനമന്ത്രിക്ക് ഇതൊന്നും ചേർന്നതല്ല. ബഹുമാന്യനായ ബി.ജെ.പി. നേതാവ് ശ്രീ. ഒ. രാജഗോപാൽ ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ഇടതുമുന്നണിയുമായി ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഞങ്ങളോട് അവർക്കും അഭിപ്രായ വ്യത്യാസമുണ്ട്. സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ഞങ്ങൾ ഞങ്ങളുടെ നിലപാട് എന്നും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. നാളെയും ഉയർത്തിപ്പിടിക്കും. പക്ഷേ രാജ്യത്ത് വലിയൊരു പ്രശ്നമുണ്ടാകുമ്പോൾ, ജനങ്ങൾ മുഴുവൻ നെട്ടോട്ടമോടുമ്പോൾ, പ്രതിസന്ധി നേരിടുമ്പോൾ, കേരളത്തിലെ സഹകരണ മേഖലയാകെ തകരുമ്പോൾ സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ മാറ്റി വച്ചുകൊണ്ട് പ്രതിപക്ഷവും ഭരണകക്ഷിയും ഒന്നിക്കുന്നത് ഈ നാടിനുവേണ്ടിത്തന്നെയാണ് എന്നുപറയാൻ ഞാനാഗ്രഹിക്കുന്നു. കേരളം ഇതിനുമുൻപും ഇന്ത്യയ്ക്ക് ഇത്തരത്തിൽ മാതൃകകൾ കാട്ടിയിട്ടുണ്ട്. അതീവ ഗുരുതരമായ സാഹചര്യങ്ങളിൽ ഒരുമിച്ചു നിന്നുകൊണ്ട് നാടിനും ജനങ്ങൾക്കും വേണ്ടി, ജനസമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഒരുമിച്ചു നിന്നിട്ടുണ്ട്. ആ മാതൃക പിന്തുടരുക തന്നെ ചെയ്യും.

ഇന്ന് ശ്രീമതി സോണിയ ഗാന്ധിയുടെ നേതൃത്വത്തിൽ 10 രാഷ്ട്രീയ കക്ഷികൾ ഒരുമിച്ചുചേർന്നു കൊണ്ട് പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ എം.പി.-മാർ ധനകാര്യ വകുപ്പുമന്ത്രിയെ കണ്ട് ഇക്കാര്യങ്ങൾ പറഞ്ഞു. ഇക്കാര്യത്തിൽ അങ്ങും രാഷ്ട്രീയം മാറ്റി വയ്ക്കണമെന്നാണ് എനിക്ക് ബഹുമാന്യനായ ബി.ജെ.പി. അംഗത്തോട് പറയുവാനുള്ളത്. കേരളത്തിന്റെ സഹകരണ മേഖലയേയും നമ്മുടെ രാജ്യത്തേയും ജനങ്ങളേയും ബാധിച്ചിരിക്കുന്ന ഏറ്റവും വലിയൊരു പ്രതിസന്ധിയാണിത്. ഈ പ്രതിസന്ധി ഘട്ടത്തിൽ നമ്മൾ ഭിന്നിച്ചു നിൽക്കാൻ പാടില്ലെന്നാണ് എനിക്കദ്ദേഹത്തോട് പറയുവാനുള്ളത്. കള്ളപ്പണം തടയാൻ വേണ്ടിയാണോ ഇത് കൊണ്ടുവന്നത്; ഇവിടെ ഇന്നും ഇന്നലെയുമാണോ ഡീമോണിറ്റൈസേഷൻ ഉണ്ടായിട്ടുള്ളത്; 1946-ൽ ആയിരം രൂപയുടേയും പതിനായിരം രൂപയുടേയും നോട്ടുകൾ പിൻവലിച്ചു. 1954-ൽ ആയിരം രൂപയുടേയും അയ്യായിരം രൂപയുടേയും പതിനായിരം രൂപയുടേയും നോട്ടുകൾ റീ-ഇൻട്രൊഡ്യൂസ് ചെയ്തു. 1978-ൽ മൊറാർജി ദേശായിയുടെ ഭരണകാലത്ത്, എച്ച്. എം. പട്ടേൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 1000, 5000, 10000 രൂപയുടെ നോട്ടുകൾ പിൻവലിച്ചു. 2011-ൽ 25 പൈസയും അതിനുതാഴെയുള്ള എല്ലാ പൈസകളും വിത്ത്ഡ്രോ ചെയ്തു. ഞാൻ സൂചിപ്പിച്ചത്, ഈ അഞ്ച് കാലഘട്ടങ്ങളിലെ നോട്ട് പിൻവലിക്കൽ മൂലം ഇവിടെ കള്ളപ്പണം ഇല്ലാതായോ; കള്ളനോട്ട് ഇല്ലാതായോ? ഇവിടെ കള്ളപ്പണക്കാർക്കും അഴിമതിക്കാർക്കുമെതിരെയുള്ള നടപടികളുമായി നമ്മുടെ ഗവൺമെന്റ് മുന്നോട്ട് പോയിട്ടുണ്ട്. പക്ഷേ കള്ളപ്പണം ഇല്ലാതാക്കാനുള്ള നടപടികൾ ഉണ്ടായിട്ടുണ്ടോ, സാമ്പത്തിക വിദഗ്ദ്ധൻമാർ പറയുന്നത് ഈ നടപടികൾ കൊണ്ട് കള്ളപ്പണം unearth ചെയ്യാൻ കഴിയുകയില്ല എന്നാണ്. പണമായി മാറ്റിയ സ്വത്ത്, സ്വർണ്ണമായി മാറ്റിയ കള്ളപ്പണം, റിയൽ എസ്റ്റേറ്റിലേയ്ക്ക് മാറ്റിയ കള്ളപ്പണം, വിദേശത്തേയ്ക്ക് മാറ്റിയ കള്ളപ്പണം, ഇതിനെയൊന്നും ഡീമോണിറ്റൈസേഷനിലൂടെ കണ്ടെത്താനോ, unearth ചെയ്യാനോ കഴിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കള്ളനോട്ട് തടയാൻ ഒരു പരിധിവരെ ഇത് ചിലപ്പോൾ സഹായകരമായേക്കാം. അല്ലാതെ ഇന്ത്യൻ സാമ്പത്തിക രംഗത്ത് ഇതുകൊണ്ട് അടിസ്ഥാനപരമായോ ദൂരവ്യാപകമായോ ഒരു മാറ്റത്തിനും സാദ്ധ്യതയില്ലെന്നാണ് എല്ലാ സാമ്പത്തിക വിദഗ്ദ്ധൻമാരും പറയുന്നത്. ഹീറോ ആയിരുന്ന ശ്രീ. മോദി ഇപ്പോൾ ഒരു സീറോ ആയി മാറിയിരിക്കുന്നു

എന്നാണ് ഇതിലൂടെ കാണാൻ കഴിയുന്നത്. ശ്രീ. നരേന്ദ്രമോദി ഇവിടെ ഫൈനാൻഷ്യൽ ഫാസിസ്സമാണ് നടപ്പാക്കുന്നത്. ഇത്ര കോമൺസെൻസ് ഇന്ത്യയുടെ പ്രധാനമന്ത്രിക്കുണ്ടായില്ലല്ലോ എന്നോർത്ത് ഞാൻ പരിതപിക്കുകയാണ്. ഇന്ത്യയിൽ സർക്കുലേഷനിലുള്ളതിൽ 86% നോട്ടുകളും 500, 1000 രൂപയുടെ വലിയ ഡിനോമിനേഷനിലുള്ള നോട്ടുകളാണ്. അത് ഒരു സുപ്രഭാതത്തിൽ പിൻവലിക്കുമ്പോൾ അതിന് ആനുപാതികമായ നോട്ടുകൾ ഉണ്ടാകണ്ടേ? 14% നോട്ടുകൾ മാത്രമാണ് അച്ചടിച്ച് വച്ചിരുന്നത്, അതുകൊണ്ടാണ് ഇത്രയും വലിയ ഒരു പ്രതിസന്ധിയുണ്ടാകുന്നത്. ആളുകൾ നെട്ടോട്ടമോടുന്നു, ആളുകൾ ക്യൂ നിൽക്കുന്നു, ക്യൂവിൽനിന്ന് ആളുകൾ മരിക്കുന്നു, ഡൽഹിയിൽ ക്യൂവിൽ നിൽക്കുന്ന ആൾക്കാർക്കുനേരെ ലാത്തിചാർജ്ജ് നടക്കുകയാണ്. എ.റ്റി.എം.-ൽ പണമില്ലാതെ ആളുകൾ ബുദ്ധിമുട്ടുന്നു. എത്ര അവധാനതയില്ലാതെയാണ് ഇവർ നടപടികൾ എടുക്കുന്നത്? സാധാരണഗതിയിൽ റിസർവ് ബാങ്കിന് സെൻട്രൽ ബോർഡിന്റെ ശിപാർശവേണം, ബോർഡ് അംഗങ്ങൾ വിശദമായി ചർച്ച ചെയ്യണം, ഗുണദോഷങ്ങൾ രേഖപ്പെടുത്തി മന്ത്രിസഭയ്ക്ക് നൽകണം, മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനമെടുക്കണം, ഇതാണ് നടപടിക്രമം. പക്ഷേ, ഇവിടെ ഞങ്ങൾ അറിഞ്ഞത് റിസർവ് ബാങ്കിനോട് ശിപാർശ ചെയ്യാൻ ആവശ്യപ്പെട്ടതനുസരിച്ച് അവർ ശിപാർശ ചെയ്തു. ആകെ പത്തു മിനിറ്റാണ് കേന്ദ്ര ക്യാബിനറ്റ് ഇതിനായി കൂടിയത് എന്നാണ് പറയുന്നത്. മന്ത്രിമാരെ ഗൺപോയിന്റിൽ നിർത്തിയാണ് ഈ തീരുമാനമെടുപ്പിച്ചത്. പ്രധാനമന്ത്രിക്ക് സ്വന്തം ക്യാബിനറ്റ് അംഗങ്ങളെപ്പോലും വിശ്വാസമില്ലാത്തതിനാൽ മൊബൈലുകൾ പുറത്ത് വയ്ക്കാൻ പറഞ്ഞു. സീനിയർ മന്ത്രിമാരായ ശ്രീ. രാജ്നാഥ് സിംഗ്, ശ്രീ. അരുൺ ജെയ്റ്റ്ലി ഉൾപ്പെടെയുള്ള ആളുകളോട് മൊബൈൽ ഫോൺ ഹാളിനുപുറത്തു വയ്ക്കണം എന്നുപറഞ്ഞു. അദ്ദേഹം എടുത്ത തീരുമാനം അനൗൺസ് ചെയ്യുന്നതുവരെ മന്ത്രിമാർക്ക് ക്യാബിനറ്റ് റൂമിൽ നിന്ന് പുറത്തുപോകാൻ അനുവാദമുണ്ടായിരുന്നില്ല. ഇതാണോ ക്യാബിനറ്റിന്റെ കളക്ടീവ് റെസ്പോൺസിബിലിറ്റി? ഇതാണോ കൂട്ടുത്തരവാദിത്വം? ഇവിടെ മന്ത്രിമാരെപ്പോലും ബന്ദികളാക്കിക്കൊണ്ടാണ് ഈ തീരുമാനം ശ്രീ. നരേന്ദ്ര മോദി അടിച്ചേൽപ്പിച്ചത്. ഇന്ത്യയിൽ നിലനിൽക്കുന്നത് ക്യാഷ് ഇക്കോണമി ആണ്, 85 ശതമാനം ട്രാൻസാക്ഷനും നോട്ടു വഴിയാണ് നടക്കുന്നത്. അപ്പോൾ നോട്ട് റദ്ദാക്കാനുള്ള തീരുമാനമുണ്ടാകുമ്പോൾ അതിന് ആനുപാതികമായ നോട്ട് അച്ചടിച്ച് വയ്ക്കേണ്ടത് ആവശ്യമല്ലേ? ഇവിടെ ഇതുകൊണ്ട് കള്ളപ്പണം

തടയില്ലെന്ന് മാത്രമല്ല, ഈ രാജ്യത്തെ ജനങ്ങളെ ഏറ്റവും വലിയ പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചിരിക്കുകയും ചെയ്യുന്നു. അഞ്ഞൂറ്, ആയിരം രൂപയുടെ നോട്ടുകൾ പിൻവലിച്ച് പകരമിറക്കിയ രണ്ടായിരം രൂപയുടെ കള്ളനോട്ട് അടിക്കാൻ സാധിക്കുകയില്ലേ? ആയിരം രൂപയുടെ കള്ളനോട്ട് അടിക്കാമെങ്കിൽ രണ്ടായിരം രൂപയുടെയും അടിക്കാമല്ലോ? കള്ളപ്പണക്കാരാണെങ്കിൽ അവരുടെ ജീവിതരീതിയിൽ അതുകാണാൻ കഴിയും. അതിനാൽ നിയമപരമായി ഇന്ന് നിലനിൽക്കുന്ന നടപടികൾ ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. വിദേശ ബാങ്കുകളിലുള്ള പണം തിരികെ കൊണ്ടുവന്ന് ഇന്ത്യയിലെ പാവപ്പെട്ടവർക്ക് വിതരണം ചെയ്യുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ശ്രീ. നരേന്ദ്ര മോദി പറഞ്ഞിരുന്നു. എന്നാൽ ഈ നടപടി മുന്നോട്ട് കൊണ്ടു പോകാൻ കഴിഞ്ഞോ? പ്രഖ്യാപനങ്ങളല്ലാതെ, നടപടികളുമായി മുന്നോട്ട് പോകാൻ കഴിയുന്നില്ല എന്നതാണ് തെളിയിക്കുന്നത്. ക്യാഷ് ലെസ്സ് ഇക്കോണമി ആക്കുമെന്നാണ് ശ്രീ. നരേന്ദ്ര മോദി പറയുന്നത്. ഇന്ത്യയിൽ ക്യാഷ് ഇക്കോണമി ഓപ്പറേറ്റ് ചെയ്യുന്ന എല്ലാ രംഗങ്ങളിലും വമ്പിച്ച പ്രതിസന്ധിയുണ്ടാകുന്നു. എത്രദിവസം കൊണ്ട് നടക്കുന്നതാണ് ക്യാഷ് ലെസ്സ് ഇക്കോണമി, ഇത് പ്രായോഗികതയിൽ വരുന്ന കാര്യമാണോ? 47 ശതമാനം ജനങ്ങൾ ബാങ്കുകളുമായി ലിങ്ക് ചെയ്തിട്ടില്ല, 300 മില്യൺ ആളുകൾക്ക് തിരിച്ചറിയൽ കാർഡുകൾ ഇല്ല. റൂറൽ ഇന്ത്യയുടെ 98 ശതമാനം എന്നുപറയുന്നത് ക്യാഷ് ഇക്കോണമിയാണ്. ഇന്ത്യയിലെ മൊത്തം ഇടപാടുകളിൽ 80 ശതമാനവും ക്യാഷ് ട്രാൻസാക്ഷൻസാണ്. ഇങ്ങനെയുള്ള ഒരു ഇക്കോണമിയെ ക്യാഷ് ലെസ്സ് ഇക്കോണമിയായി മാറ്റണമെങ്കിൽ എത്ര സമയമെടുക്കും? ആയിരത്തിന്റേയും അഞ്ഞൂറിന്റേയും നോട്ടുകൾ ഇനി വെറും കടലാസ്സാണ് എന്ന് ഒരു ദിവസം രാത്രി 8 മണിക്ക് പ്രധാനമന്ത്രി പറയുന്നതോടുകൂടി ഇന്ത്യ ക്യാഷ് ലെസ്സ് ഇക്കോണമിയായി മാറുമോ? ഇപ്പോൾ ഇന്ത്യയിലെ സ്ഥിതിയെന്താണ്, നമ്മുടെ ഉൽപ്പാദനമേഖല തകർന്നു, വടക്കേ ഇന്ത്യയിൽ ഖാരിഫ് വിളകളുടെ കാലമാണ്, റാബി വിത്തുകൾ വിതയ്ക്കേണ്ട സമയമാണ്, കർഷകർ ആകെ അങ്കലാപ്പിലാണ്, കാർഷിക മേഖല വലിയ തകർച്ച നേരിടാൻ പോകുന്നു, കൃഷിക്കാർ നെട്ടോട്ടമോടുകയാണ്, കയ്യിലുള്ള പണം ഉപയോഗിച്ച് അവർക്ക് വിത്ത് വാങ്ങാൻ കഴിയുന്നില്ല, വിളവെടുപ്പ് നടത്താൻ കഴിയാതെ വന്നിരിക്കുന്നു. പഞ്ചാബ്, ഹരിയാന, വെസ്റ്റേൺ യു.പി., മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ കർഷകർ വലിയ പ്രതിസന്ധി

നേരിടുകയാണ്. പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് കുറയാൻ പോകുന്നു, ആരും പണം മുടക്കാൻ തയ്യാറാകുന്നില്ല. ഉള്ളവർ തന്നെ വിത്ഡ്രോ ചെയ്തുകൊണ്ടു പോകുന്നു. അത് നമ്മുടെ ജി.ഡി.പി.-യേയും എംപ്ലോയ്മെന്റിനേയും ബാധിക്കും. അതുപോലെ, ഇപ്പോൾ വിവാഹത്തിന്റെ സമയമാണ്. ഈ ആഴ്ചയിൽത്തന്നെ 1.5 കോടി കല്യാണങ്ങളാണ് ഇൻഡ്യയിൽ നടക്കുന്നതെന്നാണ് ഒരു എസ്റ്റിമേറ്റ് വന്നിട്ടുള്ളത്. കല്യാണം നടത്തേണ്ടവരെല്ലാം കല്യാണക്കുറിയുമായി ബാങ്കിൽ പോയി കൈനീട്ടി നിൽക്കേണ്ട ഒരവസ്ഥാവിശേഷം ഈ രാജ്യത്തുണ്ടായത് അപമാനകരമല്ലേ? നമ്മൾ അദ്ധ്വാനിച്ച് സമ്പാദിച്ച നമ്മുടെ പണം ബാങ്കിലിട്ട ശേഷം തിരിച്ചുവാങ്ങണമെങ്കിൽ ദയാദാക്ഷിണ്യത്തിന്റെ ആവശ്യമുണ്ടോ? ഇൻഡ്യൻ ഭരണഘടനയുടെ അനുച്ഛേദം 300 (എ)-യുടെ നഗ്നമായ നിഷേധമായിട്ട മാത്രമേ നമുക്ക് ഇതിനെ കാണാൻ കഴിയുകയുള്ളൂ. ബി.ജെ.പി.-യുടെ ജനാർദ്ദനറെഡ്ഡി എന്ന നേതാവിന് 500 കോടി രൂപയുടെ വിവാഹം നടത്താം, ഒരു പരിശോധനയുമില്ല, ഒരു നിയന്ത്രണവുമില്ല എന്നൊക്കെ ഇവിടെ എല്ലാവരും പറഞ്ഞു. ഇത്തരം ആളുകളെ സഹായിക്കുന്ന നടപടിയാണ് ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്. ഇവിടെ നമ്മുടെ സാമ്പത്തിക വിദഗ്ദ്ധൻമാർ പറയുന്നതനുസരിച്ചാണെങ്കിൽ ഇൻഡ്യ വലിയ സാമ്പത്തിക ക്രൈസിസിലേയ്ക്ക് എത്തിച്ചേരാൻ പോകുന്നു. ഇവിടെ ബാങ്കിൽനിന്ന് ആകെ 24000 രൂപ മാത്രമാണ് പിൻവലിക്കാൻ കഴിയുന്നത്. ഏത് നിയമമനുസരിച്ചാണ് ഇത്തരം റെസ്ട്രിക്ഷൻസ് ഏർപ്പെടുത്തുന്നത്? ഗവൺമെന്റിന് എന്ത് അധികാരമാണുള്ളത്. ഭരണഘടനയുടെ ആർട്ടിക്കിൾ 360 അനുസരിച്ച് ഫൈനാൻഷ്യൽ എമർജൻസി രാഷ്ട്രപതിക്ക് പ്രൊക്ലെയിം ചെയ്യാനുള്ള അധികാരമുണ്ട്. അങ്ങനെയൊരു സാമ്പത്തിക എമർജൻസി പ്രഖ്യാപിക്കുകയാണെങ്കിൽ ഇത്തരം നടപടികൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. അങ്ങനെയൊരു എമർജൻസി ഇൻഡ്യയിൽ പ്രഖ്യാപിച്ചിട്ടില്ല. പിന്നെ ശ്രീ. നരേന്ദ്ര മോദി 24000 രൂപയിൽ കൂടുതൽ എടുക്കാൻ കഴിയില്ല, വിവാഹ ആവശ്യത്തിന് രണ്ടര ലക്ഷം രൂപയിൽ കൂടുതൽ എടുക്കാൻ പാടില്ലായെന്നൊക്കെ പറയുന്നത് ജനാധിപത്യത്തിൽ ഒരിക്കലും സ്വീകാര്യമായ നടപടിയല്ല. നമ്മുടെ രാജ്യത്തിന്റെ വളർച്ചയെ പിന്നോട്ടടിയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണിത്. വലിയൊരു വിഭാഗം ജനങ്ങൾ ആശ്രയിക്കുന്ന അസംഘടിതമേഖല വലിയ തകർച്ച നേരിടാൻ പോകുകയാണ്. സഹകരണ ബാങ്കുകളെപ്പോലെ ചിട്ടി ഫണ്ടുകളെപ്പോലെ പ്രാദേശിക സാമ്പത്തിക

സ്ഥാപനങ്ങളെപ്പോലെ ഈ അസംഘടിത മേഖലയാണ് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന ഒരു മേഖല. നിർമ്മാണമേഖല ഉൾപ്പെടെയുള്ള ഈ മേഖലകളൊക്കെ ആകെ തകർന്ന് തരിപ്പണമാകുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്. പണത്തിന്റെ ലഭ്യതക്കുറവ് കാർഷിക മേഖലയിലുണ്ടാക്കുന്ന പ്രതിസന്ധി ചെറുതല്ല. എല്ലാ മേഖലയും ഏതാണ്ട് സ്തംഭിച്ചിരിക്കുകയാണ്. ഈ സ്തംഭനാവസ്ഥ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ മാത്രമല്ല ദൈനംദിന ജീവിതത്തെപ്പോലും ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ഇൻഡ്യയുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തേയും ഈ പ്രതിസന്ധി ഗുരുതരമായി ബാധിക്കുകയാണ്. ഗ്രാമീണജനതയ്ക്ക് ജീവിക്കാൻ കഴിയാത്ത അന്തരീക്ഷം ഇന്ത്യയിൽ ഉയർന്നു വരികയാണ്. ലോകത്തിലെ രണ്ട് രാജ്യങ്ങളായ അർജന്റീനയും ഗ്രീസുമാണ് ഇത്തരത്തിൽ പ്രതിസന്ധി നേരിട്ടിട്ടുള്ളത്. ഗ്രീസിൽ മറ്റു പല കാരണങ്ങൾ കൊണ്ടാണ് സാമ്പത്തികമായി ബ്രേക്ക്ഡൗൺ ഉണ്ടായതെങ്കിലും ഈ രണ്ടു രാജ്യങ്ങൾക്കുമുണ്ടായ സാമ്പത്തിക പ്രതിസന്ധി ഇതുവരെ മറികടക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ. മൻമോഹൻസിംഗ് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് ഗ്രീസിന് സാമ്പത്തിക സഹായം നൽകിയത്. സാമ്പത്തികമായി തകർന്ന് ബാങ്കുകളും ട്രഷറികളും പൂട്ടുകയും ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാതാകുകയും ചെയ്തു. ഈ തുഗ്ലക്ക് പരിഷ്കാരംമൂലം അർജന്റീനയിലും ഗ്രീസിലും ഉണ്ടായതു പോലെയുള്ള സാമ്പത്തിക തകർച്ചയിലേയ്ക്ക് ഇന്ത്യയും കൂപ്പുകുത്തുമോ എന്നു ഞാൻ ഭയപ്പെടുകയാണ്.

ബഹുമാന്യനായ മന്ത്രി ശ്രീ. എ. സി. മൊയ്തീൻ സഹകരണ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിച്ചു. സഹകരണ മേഖല കേരളത്തിന്റെ ഏറ്റവും ശക്തമായ ജനോപകാരപ്രദമായ ഒരു മേഖലയാണ്. സഹകരണ പ്രസ്ഥാനത്തിലൂടെയാണ് കേരളം വളർന്നുവന്നിട്ടുള്ളത്. ദേശീയ സ്വാതന്ത്ര്യസമര പ്രക്ഷോഭത്തിന്റെ കാലം മുതൽ സഹകരണമേഖല നമ്മുടെ സാമൂഹ്യജീവിതത്തിലും സാമ്പത്തികരംഗത്തും കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ചെറുതല്ല. ആ മേഖലയെ തകർക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സഹകരണമേഖലയെ തകർക്കാനുള്ള നീക്കത്തിനെതിരെ അതിശക്തമായിത്തന്നെ നമുക്ക് പോരാടേണ്ടി വരും. ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയെ കണ്ടിട്ടും യാതൊരു മാറ്റവുമില്ല.

12.00 Noon]

ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ കേന്ദ്ര ധനകാര്യമന്ത്രിയെ കണ്ടിട്ടും ഒരു മാറ്റവുമുണ്ടായില്ല. ഇനി നമുക്കെല്ലാപേർക്കുംകൂടി ഒരുമിച്ച് പോകാം കേന്ദ്രത്തിന്റെ കണ്ണുകൾ തുറക്കട്ടെയെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയിലെ സഹകരണ മേഖലയിൽ ഏറ്റവും മുമ്പിൽ നിൽക്കുന്നത് കേരളമാണ്. സംസ്ഥാനത്തെ വാണിജ്യ ബാങ്കുകൾക്ക് 6213 ശാഖകളാണുള്ളത്. അവരുടെ മൊത്തം നിക്ഷേപം 3.7 ലക്ഷം കോടി രൂപയാണ്. പക്ഷേ അവർ കേരളത്തിൽ കൊടുക്കുന്നത് 40 ശതമാനം വായ്പകൾ മാത്രമാണ്. ക്യാഷ് ഡെപ്പോസിറ്റ് റേഷ്യോപ്രകാരം വാണിജ്യ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും ന്യൂ ജനറേഷൻ ബാങ്കുകളും കേരളത്തിലെ ജനങ്ങളോട് നീതി കാട്ടുന്നില്ലെന്നുള്ള പരാതിയും ഇപ്പോൾതന്നെ നിലനിൽക്കുന്നുണ്ട്. സഹകരണ ബാങ്കുകൾ സമാഹരിക്കുന്ന ഒരു ലക്ഷത്തി ഇരുപതിനായിരം കോടി രൂപയിൽ 80%-വും നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവരുടെ ദൈനംദിന ആവശ്യങ്ങൾക്കായി വായ്പയായും അല്ലാതെയും കൊടുക്കുന്നുവെന്നുള്ള വസ്തുത നമ്മളാരും മറന്നുപോകരുത്. ബി.ജെ.പി. അംഗം ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു, അദ്ദേഹത്തിനോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി പറയട്ടെ സഹകരണ ബാങ്കുകളിൽ കള്ളപ്പണമുണ്ടെന്ന് പറയുമ്പോൾത്തന്നെ അത് തടയാനുള്ള എത്രയോ നിയമങ്ങളും നടപടികളുമുണ്ട്. നമ്മുടെ രാജ്യത്ത് കള്ളപ്പണം തടയാനുള്ള ഏതെല്ലാം ഏജൻസികൾ നിലവിലുണ്ട്. ആ ഏജൻസികൾക്ക് കള്ളപ്പണം പരിശോധിക്കാം. കേരള നിയമസഭ പാസ്സാക്കിയ നിയമപ്രകാരം തന്നെയാണ് സഹകരണ ബാങ്കുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 97-ാം ഭരണഘടനാ ഭേദഗതി പ്രകാരം 43B The State shall endeavour to promote voluntary formation, autonomous functioning, democratic control and professional management of the co-operative Societies. 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ 43B പ്രകാരം ഭരണഘടന നൽകിയ അധികാരത്തിന്മേലാണ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ഈ ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള നിയമസഭയാണ് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പുതിയ സഹകരണ നിയമം പാസ്സാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് നടത്താം. കൺകറന്റ് ആഡിറ്റും മറ്റ് പരിശോധനകളും നടത്താം. ഏതെങ്കിലും സൊസൈറ്റിയിൽ

വെട്ടിപ്പുണ്ടെങ്കിൽ അതിനെതിരെ ഭരണസമിതികൾ പിരിച്ചുവിട്ട് നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനെയെല്ലാം വിസ്മരിച്ചുകൊണ്ട് നാം സംസാരിക്കരുത്. സഹകരണ സംഘങ്ങൾ തോന്നിയ പോലെയാണ് പ്രവർത്തിക്കുന്നതെന്ന ധാരണയുണ്ടാക്കുന്നത് ശരിയല്ല. അങ്ങനെ ഒരു ധാരണ ഉണ്ടാകുമ്പോൾ അത് നമ്മുടെ സംസ്ഥാനത്തിനുതന്നെ ദോഷമാണ്. ഇപ്പോൾ എന്താണ് നടക്കുന്നത്? കൊടുത്ത പണത്തിന് യാതൊരു surety-യുമില്ലായെന്നുപറഞ്ഞ് ആളുകൾ സഹകരണ സംഘങ്ങളിൽനിന്നും നിക്ഷേപങ്ങൾ പിൻവലിക്കാൻ ആലോചിക്കുകയാണ്. മാത്രമല്ല സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ചിട്ടുള്ള ആളുകൾ കള്ളപ്പണക്കാരാണോ? ജീവനക്കാർ അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നു. തൊഴിലാളികൾ, കർഷകർ, സാധാരണക്കാർ ഇങ്ങനെയുള്ള ബഹുഭൂരിപക്ഷം ആളുകളാണ് ഈ സംഘങ്ങളിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. അല്ലാതെ ആരെങ്കിലും കള്ളപ്പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അത് അമർച്ച ചെയ്യാനും അവരുടെ പേരിൽ നിയമപരമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റിന് അധികാരമുണ്ട്. അത്തരം നടപടികൾ ഉണ്ടാകണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷേ അതിന്റെ പേരിൽ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ മുഴുവൻ ഗളഹസ്തം ചെയ്യാനുള്ള നടപടി നമുക്ക് അംഗീകരിക്കാൻ സാധ്യമല്ല. ജവഹർലാൽ നെഹ്റുവിന്റെ കാലംമുതൽ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് നികുതിയുൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രത്യേകമായ ഇളവുകളും ആനുകൂല്യങ്ങളും നൽകിയിരുന്നു. അതെല്ലാം മാറ്റിക്കൊണ്ട് സഹകരണ മേഖലയെ ഞെക്കിക്കൊല്ലാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടെ കാര്യമെടുക്കാം, ജില്ലാ സഹകരണ ബാങ്കുകൾ ആർ.ബി.ഐ.-യുടെ ലൈസൻസും ക്യാപ്പിറ്റൽ ആഡിക്വസിയുമുള്ള ബാങ്കുകളാണ്. മൂലധനമുള്ള ബാങ്കുകളെന്ന് കണ്ടുകൊണ്ടാണ് അവയ്ക്ക് ആർ.ബി.ഐ. ലൈസൻസ് കൊടുത്തിട്ടുള്ളത്. ക്യാപ്പിറ്റൽ ആഡിക്വസിയും റിസർവ് ബാങ്കിന്റെ ലൈസൻസുമുള്ള ബാങ്കുകൾ പ്രവർത്തിക്കുമ്പോൾ അവയ്ക്ക് പഴയ നോട്ടുകൾ വാങ്ങാനോ പുതിയ നോട്ടുകൾ കൊടുക്കുവാനോ കഴിയുന്നില്ല. ഇതെന്ത് ന്യായമാണ്? എന്നാൽ അർബൻ ബാങ്കുകൾക്ക് അതിനുള്ള അധികാരം കൊടുക്കുന്നുണ്ട്. അർബൻ ബാങ്കുകളുടെ ഏക ഡ്യൂട്ടിയെന്നുപറയുന്നത്

നിക്ഷേപങ്ങൾ സ്വീകരിക്കലും വായ്പകൾ അനുവദിക്കലുമാണ്. മറ്റൊരു കാര്യത്തിലും അവർക്ക് ഇടപെടാൻ കഴിയില്ല. സഹകരണ സംഘങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സേവന പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ധാരാളം നല്ല കാര്യങ്ങളും ചെയ്യുന്നു. അതൊന്നും നടത്താൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് കേരളത്തിലെ സഹകരണ ബാങ്കുകൾ എത്തിച്ചേരുന്നുവെന്ന് പറഞ്ഞാൽ കേരളത്തിലെ ഗ്രാമീണ മേഖലയിലുണ്ടാകാൻ പോകുന്ന പ്രത്യാഘാതം വളരെ വലുതായിരിക്കും. സഹകരണ ബാങ്കുകളിൽനിന്നും ആകെ പിൻവലിക്കാൻ കഴിയുന്നത് 24,000 രൂപയാണ്. ആ സ്ഥിതി വന്നാൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എത്രമാത്രമെന്ന് കാണേണ്ട ഒരു കാര്യമാണ്. അതുകൊണ്ട് റിസർവ് ബാങ്ക് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് പരിരക്ഷ നൽകണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇന്ത്യയിൽ മറ്റൊരിടത്തുമില്ലാത്ത നിലയിൽ ഗ്രാമീണ തലത്തിൽ സഹകാരികൾ കൂട്ടമായിരുന്ന് ആലോചിച്ച് യോജിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ. ആ സഹകരണ സംഘങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകിയില്ലെങ്കിൽ അതുവഴി ഉണ്ടാകുന്ന പ്രതിസന്ധി വളരെ വലുതായിരിക്കും. വീട് കത്തുന്ന തക്കം നോക്കി വാഴ വെട്ടുന്നതുപോലെയാണ് സഹകരണ പ്രസ്ഥാനങ്ങളെ ഇവിടെ തകർത്തുകൊണ്ടിരിക്കുന്നത്. വാണിജ്യ ബാങ്കുകളെ കാണുന്നതുപോലെ സഹകരണ ബാങ്കുകളെ കാണാൻ പാടില്ല. കാരണം അവർ നടത്തുന്ന സേവനങ്ങൾ ചെറുതല്ല. കേരളം ഈ കാര്യത്തിൽ ഒറ്റക്കെട്ടായി നിൽക്കണ മെന്നാണ് പറയാനുള്ളത്. ഡീമോണിറ്റൈസേഷനുശേഷം ഇന്ത്യയിലെ ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളും പ്രയാസങ്ങളും ദുരിതങ്ങളുമെല്ലാം അകറ്റാൻ ഒറ്റക്കെട്ടായി മുന്നോട്ടുപോകേണ്ട സന്ദർഭമാണിത്. അതുകൊണ്ടാണ് നിയമസഭ ഒറ്റക്കെട്ടായി ഈ പ്രമേയം പാസ്സാക്കണമെന്ന് ആവശ്യപ്പെടുന്നത്. സഹകരണ മേഖലയെ തകർത്തുകൊണ്ട് ഈ നാട്ടിലെ കള്ളപ്പണക്കാർക്കും കൊള്ളപ്പലിശക്കാർക്കും ഹുണ്ടിക വ്യാപാരികൾക്കും കഴുത്തറുപ്പൻ പലിശക്കാർക്കും വേണ്ടി കേരളത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കാനുള്ള ശ്രീ. നരേന്ദ്ര മോദിയുടെ ശ്രമത്തെ എന്തുവില കൊടുത്തും പരാജയപ്പെടുത്തുമെന്നുള്ള നിശ്ചയദാർഢ്യത്തോടെ നമുക്ക് മുന്നോട്ടുപോകാമെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

## II അറിയിപ്പ്

### ലോക് സഭാ ചാനലിലൂടെയുള്ള സംപ്രേഷണം

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിന് മുമ്പ് സഭയെ ഒരു കാര്യം അറിയിക്കാൻ ചെയർ ആഗ്രഹിക്കുകയാണ്. നമ്മുടെ നിയമസഭയിൽ നടക്കുന്ന പ്രധാനപ്പെട്ട നടപടിക്രമങ്ങൾ, നിയമസഭയുടെ പൊതുവികാരങ്ങൾ ലോകസഭാ ചാനലിലൂടെ ടെലിക്കാസ്റ്റ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ലോകസഭാ സ്പീക്കറെ നേരിൽക്കണ്ട് ചെയർ ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട ലോക് സഭാ സ്പീക്കർ അത് സമ്മതിക്കുകയും ചെയ്തിരുന്നു. ഇന്നത്തെ ഡിബേറ്റ് ലോകസഭാ ചാനൽ ടെലിക്കാസ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഇന്ന് രാവിലെ ആവശ്യപ്പെടുകയും അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ക്ലിപ്പിംഗ്സ് ലോകസഭാ ചാനൽ ടെലിക്കാസ്റ്റ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമസഭയിൽ നടക്കുന്ന പ്രധാന കാര്യങ്ങൾ ലോകസഭാ ചാനലിലൂടെ ടെലികാസ്റ്റ് ചെയ്യണമെന്ന് അങ്ങ് സൂചിപ്പിച്ചത് വളരെ നന്നായി. ഇപ്പോൾ അവിടെ സഭ നടക്കുന്നുണ്ടാകില്ല. ഇത് സംപ്രേഷണം ചെയ്യുന്നത് വളരെ നല്ല കാര്യമാണ്. കാരണം കേരളത്തിൽ എന്താണ് നടക്കുന്നതെന്ന് കേന്ദ്രസർക്കാരിന് അപ്പോൾത്തന്നെ മനസ്സിലാക്കാൻ സാധിക്കും.

നമ്മുടെ രാജ്യത്ത് 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയപ്പോൾ അത് രാജ്യത്തെ ആഭ്യന്തര കലാപത്തിലേയ്ക്ക് നയിക്കില്ലേയെന്ന് സുപ്രീം കോടതിതന്നെ ഒരു ഘട്ടത്തിൽ ചോദിക്കുകയുണ്ടായി. ഇത് യഥാർത്ഥത്തിൽ നമ്മുടെ സമ്പദ് വ്യവസ്ഥയെ അസ്ഥിരപ്പെടുത്തുകയും ജനജീവിതം ദുസ്സഹമാക്കുകയുമാണ് ചെയ്തത്. അതിലൂടെ രാജ്യത്തെ ആഭ്യന്തര കലാപത്തിലേയ്ക്ക് തള്ളിവിടുന്ന സാഹചര്യമാണ് ഉയർന്നുവന്നിരിക്കുന്നത്. ഇത് നമ്മുടെ രാജ്യത്ത് നടപ്പാക്കിയപ്പോൾ അതിന്റെ യഥാർത്ഥ ലക്ഷ്യം ബി.ജെ.പി. എന്ന പാർട്ടിക്കകത്തുള്ളവർ തന്നെ മനസ്സിലാക്കിയിട്ടുണ്ടാകും എന്നാണ് കരുതേണ്ടത്. നമ്മുടെ രാജ്യത്തെ സാമ്പത്തിക അടിമത്തത്തിലേയ്ക്ക് നയിക്കുക എന്നൊരു ഗൂഢാലോചന ഇതിന്റെ പിന്നിലില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം ഇത് സാമ്പത്തിക ആന്തരിക ശക്തിയെ ചോർത്തിക്കളയുകയാണ് ചെയ്യുന്നത്. ഉയർന്ന മൂല്യമുള്ള കറൻസികൾ കള്ളപ്പണം പൂഴ്ത്തിവയ്ക്കാൻ ഉപയോഗിക്കുന്നു എന്നുള്ള വാദമാണ്

ഇവിടെ ഉന്നയിച്ചത്. അങ്ങനെയാണെങ്കിൽ 500, 1000 രൂപ നോട്ടുകൾ മാറ്റിയാലും അത് വീണ്ടും വരുന്നില്ലേ? കൂടാതെ 2000 രൂപയുടെ കറൻസിയും ഇറക്കുകയാണ്. പിന്നെ ഇവിടെ എന്ത് മാറ്റമാണ് വരുന്നത്? ഇതെല്ലാം മാറ്റിയാലും വീണ്ടും ഇതേ കറൻസി തന്നെ വരികയാണ്. നമ്മുടെ രാജ്യത്ത് വരുമാനത്തിന് നൽകേണ്ട നികുതി നൽകാത്തവരുണ്ട്. അതുപോലെത്തന്നെ നിയമവിരുദ്ധമായ പ്രവൃത്തികളിൽക്കൂടി സമ്പാദിക്കുന്ന പണം, അതാണ് യഥാർത്ഥത്തിൽ കള്ളപ്പണം. ആ കള്ളപ്പണം ഇല്ലാതാക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കറൻസി പിൻവലിച്ചതുകൊണ്ടുമാത്രം കള്ളപ്പണവുമായി ബന്ധപ്പെട്ടവർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാൻ പോകുന്നില്ല. സാമ്പത്തിക വിദഗ്ദ്ധന്മാരായ റിസർവ് ബാങ്കിന്റെ മുൻ ഗവർണറും ലോകബാങ്കിന്റെ ഇപ്പോഴത്തെ ചീഫ് ഇക്കോണമിസ്റ്റും കറൻസി പിൻവലിച്ചതിനെ എതിർത്ത് ഇതിനകംതന്നെ സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ ബഹുമാന്യരായ പല അംഗങ്ങളും പ്രസ്താവിച്ചതുപോലെ രാജ്യത്ത് പ്രചാരത്തിലുള്ള 86% കറൻസിയും 500 രൂപയുടെയും 1000 രൂപയുടെയും നോട്ടുകളാണ്. നമ്മുടെ രാജ്യത്തെ സാമ്പത്തിക ഇടപാടുകളിൽ 90 ശതമാനവും കറൻസിയിലൂടെയാണ് നടക്കുന്നത്. ആയതിനാൽ നോട്ട് പിൻവലിച്ചാൽ അത് സ്വാഭാവികമായും സാധാരണ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ സാധിക്കാത്ത അവസ്ഥ സംജാതമാകും. ജീവൻരക്ഷാ സേവനങ്ങൾപോലും ഉപയോഗിക്കാൻ സാധിക്കാത്ത തരത്തിലുള്ള കുഴപ്പങ്ങൾ ഇവിടെ സൃഷ്ടിച്ചിരിക്കുകയാണ്. നേരത്തെ ഇവിടെ പ്രസ്താവിച്ചതുപോലെ നോട്ട് പിൻവലിച്ചതിന്റെ നേരിട്ടുള്ള ഇരകളെന്ന നിലയിൽ 70-ൽപ്പരം ആളുകൾ നമ്മുടെ രാജ്യത്ത് മരണപ്പെടുകയുണ്ടായി. കേരളത്തിൽ ജീവനൊടുക്കിയതടക്കം 7 ഹതഭാഗ്യരാണ് മരണപ്പെട്ടത്. ഇത് അങ്ങേയറ്റം ദുഃഖകരമായ കാര്യമാണ്. ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ നമുക്കും പങ്കുചേരാം. ധനകാര്യ മന്ത്രാലയത്തിലെ ബാങ്കിംഗ് ഡിവിഷന്റെ കണക്കനുസരിച്ച് രാജ്യത്തെ ജനസംഖ്യയിൽ വെറും 30 ശതമാനത്തിന് മാത്രമാണ് ബാങ്കിംഗ് സംവിധാനവുമായി ബന്ധമുള്ളത്. ഇതാണ് നമ്മുടെ രാജ്യത്തിന്റെ അവസ്ഥ. ഇത് മാത്രമല്ല, ആകെ ബാങ്കുകളുടെ മൂന്നിലൊന്നും അറുപത് വൻനിര നഗരങ്ങളിലും രണ്ടാംനിര നഗരങ്ങളിലുമായിട്ടാണ് പ്രവർത്തിക്കുന്നത്. യഥാർത്ഥ വിവരങ്ങൾ യഥാസമയം ലഭ്യമല്ലാത്ത രാജ്യത്തെ ഗ്രാമീണ ജനങ്ങളാണ് നോട്ട് പിൻവലിച്ചതിന്റെ മുഖ്യ ഇരകൾ. നമ്മുടെ നാട് ഇതിൽനിന്നെല്ലാം വ്യത്യസ്തമാണെന്ന് നമുക്കറിയാം. പക്ഷേ ഇത് രാജ്യത്തെ കണക്കാണ്. രാജ്യത്തെ പൊതുവായ സാഹചര്യം ഇങ്ങനെയാണ് നിലനിൽക്കുന്നത്. റിസർവ് ബാങ്ക് ഗവർണറുടെ ഒപ്പുണ്ടെങ്കിലും, അതൊരു

കരാറാണെങ്കിലും നമ്മുടെ നാട്ടിലെ ബാങ്കിംഗ് സംവിധാനത്തിൽ ആളുകൾക്ക് വിശ്വാസമുണ്ട്. എല്ലാ നോട്ടുകൾക്കും മൂല്യമുള്ളത് ബാങ്കിംഗ് സംവിധാനത്തിലുള്ള ഈ അടിയുറച്ച വിശ്വാസം കൊണ്ടു മാത്രമാണ്. നോട്ട് പിൻവലിക്കൽ നടപടിയിലൂടെ ഈ വിശ്വാസത്തെയാണ് തകർത്തുകളഞ്ഞത്. പണമുണ്ടായാലും ഒന്നും ചെയ്യാൻ കഴിയാത്ത, ബാങ്കിൽ നിക്ഷേപിച്ച പണം എടുക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഇത്തരത്തിലുള്ള വ്യാപകമായ കുഴപ്പങ്ങൾക്കപ്പുറം നമ്മുടെ രാജ്യത്തെ സമ്പദ്‌വ്യവസ്ഥയിൽ വലിയ തോതിലുള്ള പ്രത്യാഘാതമുണ്ടാക്കുന്ന നടപടിയിലേയ്ക്കാണ് നീങ്ങുന്നത്. അതുപോലെ സ്ത്രീകളെ ബാധിക്കുന്ന പ്രശ്നത്തെക്കുറിച്ച് ശ്രീ. മുല്ലക്കര രത്നാകരൻ നേരത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. സ്ത്രീകൾ കുടുംബത്തിന്റെ ജീവനാഡിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നടപടികളിലൂടെ സ്ത്രീകൾ രൂക്ഷമായ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോയിട്ടുണ്ട്. ഞാൻ ഇതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ രാജ്യത്തെ കൃഷിക്കാരും ക്ഷീരകർഷകരും ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളും ഇതിന്റെ പ്രയാസം വലിയ തോതിൽ അനുഭവിക്കുകയാണ്. രാജ്യത്തിന് പുറത്ത് വൻതോതിൽ കള്ളപ്പണമുണ്ടെന്നും ആ കള്ളപ്പണം മുഴുവൻ ഇവിടെ കൊണ്ടുവരുമെന്നും എന്നിട്ട് പതിനഞ്ച് ലക്ഷം വീതം നിങ്ങൾ ഓരോരുത്തരുടെയും അക്കൗണ്ടിൽ നിക്ഷേപിക്കുമെന്നുമാണ് ബി.ജെ.പി. തെരഞ്ഞെടുപ്പ് ഘട്ടത്തിൽ പ്രചരണം നടത്തിയത്. ഇപ്പോൾ എന്തായി കള്ളപ്പണത്തിന്റെ കഥ? 900 പേരുടെ ലിസ്റ്റ് തലയിണയുടെ അടിയിൽവച്ച് കിടന്നുറങ്ങുകയാണ്. ഇതിന്മേൽ നടപടി സ്വീകരിക്കാത്തതെന്താണെന്ന് സുപ്രീംകോടതി ചോദിച്ചു. ഇവിടെ ഒരു നടപടിയും സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. ഇതാണ് നമ്മുടെ നാട്ടിലെ അവസ്ഥ. അതേസമയം 1,14,000 കോടി രൂപയുടെ കിട്ടാക്കടം പൊതുമേഖലാ ബാങ്കുകൾ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എഴുതിത്തള്ളിയിട്ടുണ്ട്. ഇപ്പോഴും കോടിക്കണക്കിന് രൂപയുടെ വായ്പകൾ കുടിശ്ശികയായി കിടക്കുകയാണ്. ആരുടെയൊക്കെ കിട്ടാക്കടമാണ് എഴുതിത്തള്ളിയതെന്നും ഇത്തരത്തിൽ കുടിശ്ശിക വരുത്തിയ വ്യക്തികളുടെ/വൻകിട കമ്പനികളുടെ പേരുകൾ ഏതൊക്കെയാണെന്നും പ്രസിദ്ധീകരിക്കാൻ സർക്കാർ മടികാണിക്കുന്നതെന്തിനാണ്? ഇതെല്ലാം നമ്മുടെ രാജ്യത്തെ ഒരു പ്രത്യേക കുഴപ്പത്തിലേക്ക് നയിക്കുന്നതിന് ഇടയാക്കിയ നടപടികളാണ്. സഹകരണ മേഖലയെക്കുറിച്ച് പറയുമ്പോൾ, പരസ്പര സഹകരണമെന്ന തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് സഹകരണ സംഘങ്ങളെല്ലാം സ്ഥാപിക്കപ്പെട്ടത്. സംഘടിക്കുവാനുള്ള സ്വാതന്ത്ര്യവും വ്യക്തി

സ്വാതന്ത്ര്യവും സമത്വവും ജനാധിപത്യ രീതിയിലുള്ള ഭരണ നിർവ്വഹണവും ഒത്തുചേരുന്ന ഒരു മനോഹര സങ്കൽപ്പമാണ് ഈ സഹകരണ സംഘങ്ങളെന്നത് നാം കാണേണ്ടതായിട്ടുണ്ട്. ഇവിടെ ഇപ്പോഴുള്ള നടപടികൾ സഹകരണ മേഖലയെ ബാധിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെടുത്തി നാം പരിശോധിക്കുമ്പോൾ ഇത്തരം നടപടികൾ കേരളത്തിലെ സഹകരണ മേഖലയെ മുഴുവൻ തകർക്കുന്നതിനുള്ള അവസാന ഘട്ട നടപടിയാണ്. എന്നാൽ സഹകരണ മേഖലയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ചില നീക്കങ്ങൾ നേരത്തെ ഇവിടെ ആരംഭിച്ചിരുന്നു. ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായാണ് സഹകരണ മേഖലയ്ക്കുനേരെ ഇത്തരത്തിലുള്ള ചില ആക്രമണങ്ങൾ ആരംഭിക്കുന്ന നില വന്നത്. അതിന്റെ ഒരു ചരിത്രം പരിശോധിച്ചാൽ ആഗോളവൽക്കരണനയം നടപ്പാക്കുന്നതിനുമുമ്പ് ഏതെല്ലാം കമ്മിറ്റികളും കമ്മീഷനുകളും രൂപം കൊണ്ടിട്ടുണ്ടോ അവയെല്ലാം സഹകരണമേഖലയെ ശക്തിപ്പെടുത്താനുള്ള ശിപാർശകളായിരുന്നു സമർപ്പിച്ചത്. എന്നാൽ അതിനുശേഷം വന്ന കമ്മിറ്റികളും കമ്മീഷനുകളും-നരസിംഹം കമ്മിറ്റി മുതലുള്ള കമ്മിറ്റികൾ നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ ഉദാരവൽക്കരിക്കാനും രാജ്യത്തെ സമ്പദ്മേഖലയെ വിദേശ മൂലധന ശക്തികൾക്ക് തുറന്നുകൊടുക്കുന്നതിനുമുള്ള ശ്രമമാണ് നടത്തിയത്. ഇതിനോടൊപ്പം ബാങ്കിംഗ് മേഖലാ പരിഷ്കാരങ്ങൾ വന്നതിന്റെ ഫലമായി ബാങ്കിംഗ്-ഇൻഷ്വറൻസ് രംഗത്ത് വിദേശ മൂലധനം കടന്നുവരുന്ന സ്ഥിതി സംജാതമായി. ഇതുവഴി സ്വകാര്യവൽക്കരണ നയത്തിന്റെ ഗതിവേഗം വലിയതോതിൽ കൂടിവന്നു. ഈ മാറ്റങ്ങൾക്കനുബന്ധമായി സ്വദേശികവും പ്രാദേശികവുമായി നാം ഉയർത്തിക്കൊണ്ടുവന്ന സഹകരണ പ്രസ്ഥാനത്തിനെതിരെയുള്ള നീക്കങ്ങളുണ്ടായി. ഇതാണിവിടെ ഗൗരവമായി സംഭവിച്ച ഒരു ആപത്ത്. നമ്മുടെ സാമ്പത്തിക രംഗത്തെ ഒരു ജനകീയ ബദൽ എന്ന നിലയിലാണ് സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടുവന്നത്. അതിനെ പല രീതിയിലും പ്രതിസന്ധിയിലാക്കുന്ന നടപടികളാണ് ഇത്തരത്തിലുള്ള കമ്മീഷനുകൾ മുന്നോട്ടുവച്ചത്. ചൗധരി ബ്രഹ്മപ്രകാശ് കമ്മിറ്റി മുതൽ 2013-ലെ പ്രകാശ് ബക്ഷി കമ്മിറ്റി വരെ രൂപീകരിച്ചുകൊണ്ട് സഹകരണ മേഖലയുടെ അടിത്തറയ്ക്കെതിരെ ചില നീക്കങ്ങളുണ്ടായിട്ടുണ്ട്. ശ്രീ. രഘുറാം ജി. രാജൻ ചെയർമാനായി 2007-ൽ ഒരു സാമ്പത്തിക മേഖലാപരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിരുന്നു. ബാങ്കിംഗ് മേഖല കൂടുതൽ ഉദാരവത്കരണത്തിന് വിധേയമാക്കണമെന്നായിരുന്നു ആ കമ്മിറ്റിയുടെ ശിപാർശ. മാത്രമല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് ലോക്കൽ ഏരിയ

ബാങ്കുകളുണ്ടാക്കണമെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ അടച്ചുപൂട്ടണമെന്നും ഈ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇദ്ദേഹമാണ് പിന്നീട് നമ്മുടെ റിസർവ് ബാങ്കിന്റെ ഗവർണറായി വന്നത്. ഐ.എം.എഫ്.-ന്റെ മുഖ്യ സാമ്പത്തിക വിദഗ്ധനെ നിലയിൽ ആഗോളവൽക്കരണ നയങ്ങൾ നടപ്പാക്കാൻ നല്ല താല്പര്യമുള്ള ഒരാളായിരുന്ന ആർ.ബി.ഐ. ഗവർണ്ണർ ശ്രീ. രഘുറാം ജി. രാജനെന്ന് ആ ഘട്ടത്തിൽ തന്നെ പ്രസിദ്ധമായിരുന്നു. അദ്ദേഹം തയ്യാറാക്കി സമർപ്പിച്ച സാമ്പത്തിക മേഖലാപരിഷ്കാരത്തെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികളാണ് അദ്ദേഹം ആർ.ബി.ഐ. ഗവർണറായിരുന്ന ഘട്ടത്തിൽ സ്വീകരിച്ചത്. ഇന്ത്യയിലെ 70 ശതമാനത്തോളം വരുന്ന ഗ്രാമീണർക്കും കർഷകർക്കും സാമ്പത്തിക അത്താണിയായിട്ടാണ് സഹകരണ മേഖല പ്രവർത്തിക്കുന്നത്. ആ സഹകരണ സംഘങ്ങളെയും ബാങ്കുകളേയും പ്രതിസന്ധിയിലാക്കുന്ന നയമാണ് ഉയർത്തിക്കൊണ്ടു വന്നത്. സാങ്കേതികവിദ്യ മറയാക്കി ഗ്രാമീണ മേഖലയിലേയ്ക്ക് വിദേശ സ്വകാര്യ ബാങ്കുകളെ കൊണ്ടുവരിക എന്നൊരു അജണ്ടയും ഇതിന്റെ കൂടെ വന്നു. നമ്മുടെ രാജ്യത്തെ ജനതയെ വിദേശമൂലധന ശക്തികൾക്ക് അടിയറ വയ്ക്കുക എന്നൊരു ഉദ്ദേശ്യമാണ് ഈ അജണ്ടയുടെ പിന്നിലുണ്ടായിരുന്നത്. അതിന് വിവിധ രീതികൾ ഈ ഘട്ടത്തിൽ സ്വീകരിച്ചുവന്നിരുന്നു. സഹകരണ ബാങ്കിംഗ് മേഖലയുടെ അടിത്തറയാണ് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ. ഇവയെ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടന്റാക്കണമെന്ന് പ്രകാശ് ബക്ഷി കമ്മിറ്റിയുടെ നിർദ്ദേശം വന്നു. ഇതും ആ അജണ്ടയുടെ ഭാഗമായിരുന്നു. നമ്മൾ ഇതൊന്നും അംഗീകരിച്ചിട്ടില്ല. കേരളത്തിൽ ഇക്കാര്യം നടപ്പാക്കാൻ തുടങ്ങിയിട്ടില്ല. പക്ഷേ ആ അജണ്ടയുടെ ഭാഗമായിട്ടായിരുന്നു ഈ നിർദ്ദേശം വന്നത്. കേരളത്തിലെ സഹകരണ മേഖലയെ പ്രതിസന്ധിയിലാക്കുന്ന എല്ലാ നിർദ്ദേശങ്ങളേയും നമ്മൾ ഒറ്റക്കെട്ടായിട്ടാണ് എതിർത്തിട്ടുള്ളത്. അതിൽ ഏത് പക്ഷമെന്ന ഒരു വ്യത്യാസമുണ്ടായിട്ടേയില്ല. ഭരണപക്ഷത്തും പ്രതിപക്ഷത്തും ഒരേ നിലപാടാണ് കേരളത്തിലെ സഹകരണ മേഖലയുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ളത്. സഹകരണ മേഖലയുടെ രക്ഷയ്ക്ക് ഉതകുന്ന നടപടികളാണ് സ്വീകരിച്ചത്. അത്തരം നിലപാടുകളുടെ ഭാഗമായിട്ടാണ് ഇത്തരം നിർദ്ദേശങ്ങളെയൊക്കെ നമുക്ക് ഇവിടെ എതിർത്ത് തോൽപ്പിക്കാൻ കഴിഞ്ഞത്. അതിനുശേഷമാണ് നചികേത് മോർ കമ്മിറ്റിയുടെ നിർദ്ദേശം വരുന്നത്. ഗ്രാമങ്ങളിൽ ചെറുകിട ബാങ്കുകൾ അനുവദിക്കണമെന്ന് നിർദ്ദേശിച്ചായിരുന്നു അത്. ഗ്രാമീണരായ ജനങ്ങൾക്ക് ആവശ്യമുള്ള ഇൻഷ്വറൻസ്, നിക്ഷേപം, വായ്പ തുടങ്ങിയ എല്ലാ സേവനങ്ങളും ഇത്തരം ചെറുകിട ബാങ്കുകളിലൂടെ

ലഭ്യമാക്കണമെന്നായിരുന്നു നിർദ്ദേശം. പേയ്മെന്റ് ബാങ്കുകൾക്കും ചെറുകിട ബാങ്കുകൾക്കും അനുമതി നൽകുന്ന തരത്തിലേയ്ക്ക് ഇതിനെ റിസർവ് ബാങ്ക് എത്തിച്ചു. ഈ നീക്കത്തിന്റെ ലക്ഷ്യവും സഹകരണ മേഖലയെ തകർക്കാനായിരുന്നു. വിദേശ-സ്വദേശ മുതലാളിമാർ ചേർന്ന് തുടങ്ങിയ കമ്പനികൾക്ക് പെട്ടിക്കടകൾ പോലെ ബാങ്കുകൾ തുടങ്ങാൻ അനുമതി കൊടുത്തു. അംബാനി, സാംഘ്വി, ഗോദ്റേജ് ഇവരെല്ലാം അടങ്ങുന്ന കുത്തക മുതലാളി സംഘത്തിന് 11 പേയ്മെന്റ് ബാങ്കുകൾ, 10 ചെറുകിട ബാങ്കുകൾ എന്നിവ അനുവദിച്ച് നൽകി. ഇതിൽ ഇന്ത്യാ പോസ്റ്റ് അടക്കം ചില പൊതുമേഖലാ സ്ഥാപനങ്ങളുമുണ്ടായിരുന്നു. ഇന്ത്യയിലെ അഞ്ച് ലക്ഷത്തിലേറെ ഗ്രാമീണ ശൃംഖലയുള്ള ഇന്ത്യാപോസ്റ്റുകളുമായി ചേർന്ന് പേയ്മെന്റ് ബാങ്ക് തുടങ്ങാനുള്ള താല്പര്യം ലോക ബാങ്ക് അറിയിച്ചിരുന്നു. അപ്പോൾ എത്രമാത്രം ആഴത്തിലാണ് കാര്യങ്ങൾ പോയിരുന്നത് എന്ന് നമ്മൾ കാണണം. ഇവിടെയുള്ള ഏതെങ്കിലും ഒരാലോചനയുടെ ഭാഗമായി മാത്രം സംഭവിച്ചതല്ല, ലോക ബാങ്കിന്റെ ഇടപെടലിലൂടെ വന്ന ഒരു കാര്യമായിരുന്നു ഇത്. നിലവിലെ സാഹചര്യത്തിൽ പുതുതായി രൂപംകൊണ്ട സ്വകാര്യ പേയ്മെന്റ് ബാങ്കുകൾക്കും ചെറുകിട ബാങ്കുകൾക്കും നമ്മുടെ രാജ്യത്ത് ചുവടുറപ്പിക്കണം. അതിന് ഗ്രാമീണ മേഖലയിൽ ശക്തമായിരിക്കുന്ന സഹകരണ ബാങ്കുകളെ ദുർബ്ബലപ്പെടുത്തണം എന്നാലേ ഇവർക്ക് ഗ്രാമീണ രംഗത്തേയ്ക്ക് കടന്നുചെല്ലാൻ സാധിക്കു. അതുകൊണ്ടാണ് സഹകരണ ബാങ്കുകളെ തകർക്കുക എന്നൊരു നീക്കം വന്നിട്ടുള്ളത്. ഇതിന്റെ പിന്നിൽ ആഗോള ഗൂഢാലോചനയുണ്ടോയെന്ന് കൂടി സംശയിക്കേണ്ടതാണ്. കേവലമായ ഇവിടത്തെ ആലോചന മാത്രമാണിതെന്ന് ധരിക്കാൻ സാധിക്കില്ല. നിലവിലുള്ള കേന്ദ്ര സർക്കാരിനേയും ഭരണാധികാരികളേയും പ്രലോഭിപ്പിക്കാനുള്ള എളുപ്പവഴി ദേശീയത, ഭീകരവാദം, കള്ളപ്പണം ഇങ്ങനെയുള്ള കാര്യങ്ങൾ ഇതിന്റെ കൂടെ കൂട്ടിക്കെട്ടുക അങ്ങനെ ഈ നടപടികൾ ഇതിന്റെ മറവിൽ നടപ്പിലാക്കുക. ഇതാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. അഞ്ഞൂറും ആയിരവും നോട്ടുകൾ നിരോധിച്ചതിലൂടെ ഏറ്റവും വലിയ വാഗ്ദാന ലംഘനമാണ് നമ്മുടെ രാജ്യത്ത് സംഭവിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരും റിസർവ് ബാങ്കുമാണല്ലോ ഏറ്റവും വലിയ വാഗ്ദാന ലംഘകരായി മാറിയിരിക്കുന്നത്. ഓരോരുത്തരും അധ്വാനിച്ചുണ്ടാക്കിയ പണമുപയോഗിക്കുന്നതിന് കഴിയാത്ത അവസ്ഥയാണ് വന്നുചേർന്നിട്ടുള്ളത്. ഭരണഘടനാപരമായ പൗരന്റെ മൗലികാവകാശവും തുല്യ നീതിയും നിഷേധിക്കപ്പെടുകയാണ്. അതാണ് ഇവിടെ ആർട്ടിക്കിൾ 300 (എ) എന്ന് ബഹുമാന്യനായ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും സൂചിപ്പിച്ചത്. ബാങ്കിംഗ്

റെഗുലേഷൻ ആക്ട്, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്ട് ഇതെല്ലാം ഉറപ്പു നൽകുന്ന പരിരക്ഷയുണ്ട്, ആ പരിരക്ഷ ഉറപ്പുവരുത്താൻ ബാധ്യതപ്പെട്ടതാണ് ഭരണകൂടം. ആ ഭരണകൂടം തന്നെ ഇത് ലംഘിക്കുകയാണ്. രാജ്യത്തെ അരാജകത്വത്തിലേയ്ക്ക് തള്ളിവിടുന്ന ഒരു നിലയാണ് വന്നു ചേർന്നിട്ടുള്ളത്. അത് ഗവൺമെന്റ് തന്നെ സൃഷ്ടിക്കുന്നു എന്നുള്ളതാണ് ഇവിടത്തെ ദുഃഖകരമായ വശം. നമ്മുടെ മറ്റ് ബാങ്കുകളെയോ ധനകാര്യ സ്ഥാപനങ്ങളെയോ പോലെ വെറും ഒരു പണമിടപാട് സ്ഥാപനങ്ങളായല്ല കേരളത്തിലെ സഹകരണ മേഖല വളർന്നുവന്നിട്ടുള്ളത്. കേരളത്തിലെ ജനങ്ങളുടെ ജീവിതവും ജീവനവുമായി അഭേദ്യബന്ധം പുലർത്തുന്നതും കെ.വൈ.സി. തുടങ്ങിയ സാങ്കേതിക സങ്കേതങ്ങൾക്ക് ഉപരിയായിത്തന്നെ ഓരോ ഉപഭോക്താവിനേയും നേരിട്ട് അറിയാവുന്നതാണ് ഈ മേഖല. നിലവിലുള്ള ആധുനിക സാങ്കേതികവിദ്യകളുടെ കൃത്യമായ ഉപയോഗം ഉറപ്പുവരുത്തി ജനോപകാരപ്രദമായി പ്രവർത്തിക്കുന്ന സംവിധാനമായി സാങ്കേതിക സാക്ഷരതയില്ലാത്തവർക്കും കൈത്താങ്ങായി പ്രവർത്തിക്കുന്ന രീതിയിൽ സഹകരണ പ്രസ്ഥാനത്തെ കെൽപ്പുള്ളതായി മാറ്റാൻ നമുക്ക് സാധിക്കും. സ്വകാര്യ ന്യൂ ജനറേഷൻ ബാങ്കുകൾക്ക് കൃത്യമായ ബദലെന്ന തലത്തിൽ സഹകരണ മേഖലയാണ് നമ്മുടെ നാട്ടിൽ നിലനിൽക്കുന്നത്. ഇതിനെല്ലാം ഉതകുന്ന നടപടികൾ സർക്കാർ ശക്തമായിത്തന്നെ സ്വീകരിക്കുകയും ചെയ്യും. ഇപ്പോഴുണ്ടായിട്ടുള്ള ഗുരുതരമായ അവസ്ഥ എത്രമാത്രം വലിയ ആഘാതമാണ് ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കിയത് എന്നത് ഞാൻ വിശദീകരി ക്കേണ്ടതായിട്ടില്ല. അനിശ്ചിതമായി ക്യൂ നിന്ന് തളർന്ന് വീണ് മരിച്ച കാര്യം ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടെ പറയുകയുണ്ടായി. ഈ അവസ്ഥ തുടരാൻ ഒരുതരത്തിലും അനുവദിക്കാൻ പറ്റില്ല. കേന്ദ്ര സർക്കാർ നിയോഗിച്ച വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് എല്ലാ അർത്ഥത്തിലും സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്നതായിരുന്നു. സഹകരണ മേഖലയുടെ അന്തസത്തയെ തകർക്കുന്ന തരത്തിലുള്ള ഉള്ളടക്കമായിരുന്നു ആ റിപ്പോർട്ടിലുണ്ടായിരുന്നത്. ഇത് പുറത്തുവന്ന സമയത്ത് വളരെ ശക്തമായ ഭിന്നാഭിപ്രായത്തിൽ നിൽക്കുന്ന രണ്ട് മുന്നണികളാണ് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം. പക്ഷെ ഇക്കാര്യത്തിൽ ഒരേ നിലയിലും ഒരേ സ്വരത്തിലുമാണ് രണ്ട് മുന്നണികളും സംസാരിച്ചിരുന്നത്. അതിന് സമാനമായ സാഹചര്യം തന്നെയാണ് ഇന്നും ഉയർന്നുവന്നിരിക്കുന്നത്. സഹകരണ മേഖലയുടെ അസ്ഥിവാരം തോണ്ടാനുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിനെതിരെ ഒറ്റക്കെട്ടായി നിൽക്കുക എന്നത് തന്നെയാണ് ഏറ്റവും പ്രധാനം.

ഫെഡറൽ തത്വങ്ങൾ പാലിക്കാൻ ബാധ്യതപ്പെട്ട കേന്ദ്ര സർക്കാർ അതിനോട് ഒരു മാന്യതയും പുലർത്തുന്നില്ലായെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഉത്തമമായ കേന്ദ്ര-സംസ്ഥാന ബന്ധം പുലർത്തിപ്പോരണം. സഹകരണമെന്നത് സാധാരണഗതിയിൽ ഒരു സംസ്ഥാന വിഷയം കൂടിയാണ്. എന്നാൽ ഉത്തമമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പുലർത്തിപ്പോരുന്ന ഒന്നിലും താല്പര്യമില്ലായെന്ന നിലയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുപോരുന്നത്. സഹകരണ സ്ഥാപനങ്ങളെ പ്രവർത്തന രഹിതമാക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സഹകരണ സംഘങ്ങളുടെ കാര്യത്തിൽ ജനാധിപത്യ രീതിയിലുള്ള അംഗത്വം, അംഗങ്ങളുടെ സാമ്പത്തിക പങ്കാളിത്തം, സ്വതന്ത്രമായ പ്രവർത്തനം ഇതെല്ലാം ഭരണഘടന അടിവരയിട്ട് വ്യക്തമാക്കുന്നതാണ്. എന്നാൽ അതെല്ലാം തീർത്തും ലംഘിക്കുന്ന നിലപാടാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളതെന്ന് കാണേണ്ടതായിട്ടുണ്ട്.

നമ്മുടെ രാജ്യത്തെ സഹകരണ പ്രസ്ഥാനത്തിന് 111 വർഷത്തെ ചരിത്രമുണ്ട്. നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖല എങ്ങനെയാണ് ഉയർന്നു വന്നത്? സഹകരണ സംഘങ്ങൾ ഉയർന്നുവന്നത് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടുകൂടിയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗം മാത്രമല്ല, നവോത്ഥാന നായകരും ഇതിൽ പങ്ക് വഹിച്ചിരുന്നു. ഏറ്റവുമധികം ജനങ്ങളുമായി ബന്ധപ്പെട്ടു നിന്ന ഒരു പ്രസ്ഥാനമാണ് സഹകരണ സംഘം. 1925-ലാണ് കൂലിവേലക്കാരുടെ സംഘം നമ്മുടെ സംസ്ഥാനത്തുണ്ടായത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നുപറഞ്ഞാൽ ഇന്ന് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ വാഗ്ഭടാനന്ദ ഗുരു നേതൃത്വം കൊടുത്തുകൊണ്ട് 'ആത്മവിദ്യാ സംഘം' എന്നൊരു സംഘം പ്രവർത്തിച്ചിരുന്നു. അക്കാലത്തെ അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കുമെതിരെ പ്രവർത്തിക്കുന്നതായിരുന്നു ഈ സംഘം. എന്നാൽ അങ്ങനെ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് വലിയ പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. അതിലുള്ള 14 പേരെ ചേർത്തുകൊണ്ടാണ് വളരെ പ്രശസ്തമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി വാഗ്ഭടാനന്ദ ഗുരു രൂപീകരിക്കുന്നത്. അന്ന് അതിന്റെ പേര് കൂലിവേലക്കാരുടെ സംഘം എന്നായിരുന്നു. കേരളത്തിലെ സഹകരണ മേഖലയിലെ വളർച്ചയുടെ രീതി പരിശോധിക്കാൻ ഈ കാര്യങ്ങളെടുത്താൽ മതി. 1925-ൽ 14 പേരാണ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇന്ന് പ്രത്യക്ഷമായും പരോക്ഷമായും 50000 പേരുണ്ടായിരിക്കും. ഇത്തരത്തിൽ വളർന്നുവന്നതാണ് കേരളത്തിലെ സഹകരണ മേഖല. ആദ്യഘട്ടത്തിൽ

ഐക്യനാണയസംഘം ഉണ്ടായി. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ചവർ ഓരോ പ്രദേശത്തും സഹകരണ മേഖല വളർത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ ഭാഗമായി രൂപംകൊണ്ട സംഘടനകളായിരുന്നു അത്. ഇവിടെ 1946-ൽ 1669 സംഘങ്ങൾ ഉണ്ടായിട്ടുണ്ട്. 32 ലക്ഷം രൂപ ഷെയർ ക്യാപ്പിറ്റലായുള്ള സംഘങ്ങൾ 1946-ലുണ്ടായിരുന്നു. അതുപോലെ നമ്മുടെ സംസ്ഥാനത്ത് സഹകരണ നിയമത്തിന്റെ ചരിത്രമെടുത്ത് പരിശോധിച്ചാൽ തിരുവിതാംകൂർ സഹകരണ നിയമം നിലവിൽ വന്നത് 1914-ലാണ്. അതിന്റെ ഭാഗമായിട്ടാണ് ഇന്നത്തെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആദ്യരൂപമായ തിരുവനന്തപുരം സെൻട്രൽ സഹകരണ ബാങ്ക് ഉണ്ടായത്. 1949-ൽ തിരുവിതാംകൂറും കൊച്ചിയും യോജിച്ചു. അതിന്റെ ഭാഗമായി 1951-ൽ തിരുവിതാംകൂർ-കൊച്ചി സഹകരണ നിയമം നിലവിൽ വന്നു. ആ സമയത്ത് വേറിട്ട് നിൽക്കുകയായിരുന്ന മലബാറിൽ ഉണ്ടായിരുന്നത് 1932-ൽ പാസ്സാക്കിയ മദ്രാസ് സഹകരണ നിയമമായിരുന്നു. 1956-ൽ കേരളം പുതിയ സംസ്ഥാനമാകുകയും ഇപ്പോഴത്തെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഉണ്ടാകുകയും ചെയ്തു. 1969-ലാണ് സംസ്ഥാനത്തിന്റെ സഹകരണ നിയമം ശരിയായ രൂപത്തിൽ രൂപം കൊള്ളുന്നത്. ചെറിയ ചെറിയ നിക്ഷേപങ്ങളാണ് ഈ സഹകരണ സ്ഥാപനങ്ങളിലുണ്ടായിട്ടുള്ളത്. നിക്ഷേപത്തിന്റെ ചരിത്രമെടുത്താൽ സംഘങ്ങൾക്ക് ലഭിക്കുന്ന ചെറിയ കാശ് കർഷകർക്ക് വിതരണംചെയ്തു പ്രവർത്തിക്കുന്ന സംഘങ്ങളായിരുന്നു ആദ്യം ഉണ്ടായിരുന്നത്. ഐക്യനാണയ സംഘത്തിൽനിന്ന് പിന്നീട് സർവ്വീസ് സഹകരണ സംഘമായി. പിന്നീട് അത് സർവ്വീസ് സഹകരണ ബാങ്കിലേയ്ക്ക് ഉയർന്നു. അങ്ങനെ യൊക്കെയാണ് സഹകരണ ബാങ്കുകളിലേയ്ക്ക് എത്തിപ്പെടുന്നത്. 1976-ലാണ് ആദ്യമായി നമ്മൾ നിക്ഷേപ സമാഹരണ യജ്ഞം ആരംഭിക്കുന്നത്. അന്ന് 20 കോടി രൂപമാത്രമായിരുന്നു നിക്ഷേപ സമാഹരണ ലക്ഷ്യം. എന്നാൽ അതിന്റെ ഭാഗമായി അന്ന് നമുക്ക് ഇരുപത്താറരക്കോടി രൂപ ലഭിച്ചു. 2006-ൽ നമ്മുടെ ടാർജറ്റ് 6,000 കോടി രൂപയായിരുന്നു. അത് കള്ളപ്പണം അല്ല. നമ്മുടെ നാട്ടിലെ സഹകരണ സ്ഥാപനങ്ങൾ ആ രീതിയിൽ ശക്തിപ്പെട്ട് വളർന്നുവന്നിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് 6,000 കോടി രൂപ ടാർജറ്റ് വയ്ക്കാൻ കേരളത്തിലെ സഹകരണ മേഖലയ്ക്ക് സാധിച്ചത്. ഇവിടെ കള്ളപ്പണത്തെക്കുറിച്ചും റിസർവ് ബാങ്കിന്റെ നടപടിക്രമങ്ങളെക്കുറിച്ചും ബഹുമാന്യനായ ഒ. രാജഗോപാൽ പറയുകയുണ്ടായി. ശ്രീ. ഒ. രാജഗോപാലിന്റെ സ്വന്തം വില്ലേജായ ആലത്തൂരിലാണ് അദ്ദേഹം

ഇപ്പോൾ താമസിക്കുന്നതെന്ന് വിചാരിക്കുക. അദ്ദേഹത്തിന്റെ ഇന്നത്തെ പ്രശസ്തിയൊക്കെ മാറ്റിവയ്ക്കുക. ആലത്തൂരുകാരനായ ഒരു സാധാരണക്കാരൻ എന്നുവിചാരിച്ചാൽ മതി. ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ അദ്ദേഹത്തിന് അക്കൗണ്ടുണ്ട്. അദ്ദേഹം അവിടെ പണം നിക്ഷേപിക്കാൻ ചെല്ലുന്നു. ബാങ്കിലെ ജീവനക്കാർക്ക് ശ്രീ. ഒ. രാജഗോപാൽ ആരാണെന്ന് അദ്ദേഹത്തോട് ചോദിക്കേണ്ട കാര്യമില്ല, അവർക്കറിയാം ഇദ്ദേഹം ആരാണെന്ന്. ഇദ്ദേഹത്തിന്റെ പണം സ്വീകരിക്കുന്നതിന് വേറെ എന്ത് തെളിവാണ് അവർക്ക് വേണ്ടത്? എന്നാൽ തെളിവ് ആവശ്യമായുള്ളവരിൽനിന്ന് തെളിവോടുകൂടി മാത്രമേ സഹകരണ ബാങ്ക് നിക്ഷേപം സ്വീകരിക്കുകയുള്ളു. ഇതാണ് നടന്നുവരുന്നതെന്ന് അങ്ങ് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കള്ളപ്പണത്തെക്കുറിച്ച് പറയുമ്പോഴും സഹകരണ ബാങ്കുകളിൽ എന്തൊക്കെയോ തകരാറുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയാണ്. ആ ബാങ്കുമായി ബന്ധപ്പെട്ട് 1,600 കോടി രൂപയുടെ ഓഹരി കുംഭകോണ ആരോപണം വന്നത് ഓർമ്മയില്ലേ. അതുകൊണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ആകെ തകരാറിലാണെന്നാണോ അതിന്റെ അർത്ഥം. ഇൻഡ്യൻ ബാങ്കിന്റെ 1000 കോടി രൂപയോളം തട്ടിച്ചതും ചെയർമാൻതന്നെ ജയിലിലായതുമൊന്നും നാം മറന്നിട്ടില്ല. ഇതൊക്കെ നമ്മുടെ നാട്ടിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നുപറയുന്ന ബാങ്കിന്റെ ഭാഗമായി നടക്കുന്ന കാര്യങ്ങളാണ്. വിജയ് മല്ല്യയുടെ 1,200 കോടി രൂപയടക്കം 7,000 കോടി അണ്ടർ കളക്ഷൻ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് ഈയിടെയാണെന്ന് പത്രവാർത്ത വന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് വിവാദങ്ങൾ രാജ്യത്ത് ഉയർന്നുവന്നില്ലേ? ഇതെല്ലാം നല്ല രീതിയിൽ നടക്കുന്ന ബാങ്കുകളെ സംബന്ധിച്ചാണ്. ആകെ 1,14,000 കോടി രൂപയാണ് രണ്ടുവർഷംകൊണ്ട് ഈ പറയുന്ന പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിയത്. എന്നാൽ സഹകരണ ബാങ്കുകളുടെ അവസ്ഥ എന്താണ്? കേരളത്തിൽ പരന്നുകിടക്കുന്ന സഹകരണ ബാങ്കുകളുടെ ഒന്നോരണ്ടോ ദശാബ്ദത്തെ കണക്കുകൾ എടുത്തു പരിശോധിച്ചാൽ ഒന്നോരണ്ടോ സ്ഥാപനങ്ങളിൽ ചില വഴിവിട്ട കാര്യങ്ങളുണ്ടാകും. അക്കാര്യത്തിൽ കർക്കശമായ നിലപാടുകളും ഉണ്ടായിട്ടുണ്ട്. കൃത്യമായി പരിശോധനകൾ നടന്നുപോകുന്നതിന്റെ ഭാഗമായാണ് അതെല്ലാം ശരിയായ രീതിയിൽ, അപകടങ്ങൾ ഇല്ലാത്ത രീതിയിൽ ഒതുക്കിത്തീർക്കാൻ കഴിയുന്നത്. എല്ലാ രീതിയിലുമുള്ള പരിശോധനകൾ ഇവിടെ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ നമ്മുടെ

സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് ഒട്ടേറെ പ്രത്യേകതകളുണ്ട്. അത് നാം കാണാതിരിക്കരുത്. ഇവിടെ നേരത്തെ ചില കാര്യങ്ങൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്കുള്ള പ്രത്യേകത എന്താണ്? അത് എല്ലാ രംഗത്തും വ്യാപിച്ചുകിടക്കുകയാണ്. അത് കേവലമായ ഒരു വട്ടിപ്പലിശക്കാരന്റെ പണി മാത്രമല്ല നടത്തുന്നത്. കടം കൊടുക്കുക, പലിശയടക്കം തിരിച്ചുപിടിക്കുക തുടങ്ങിയ പണികൾമാത്രമല്ല കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ നടത്തുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ സഹകരണ സംഘങ്ങൾ ഇത്തരത്തിൽ ശക്തിപ്പെട്ട് വന്നതുതന്നെ ഈയൊരു നിലപാടിന്റെ ഭാഗമായാണ്. ഇവിടെയും വലിയ തോതിൽ കൃഷിക്കാർക്ക് വായ്പ കൊടുക്കുന്ന ഹുണ്ടികക്കാരും വലിയ പലിശ ഈടാക്കുന്ന സംഘങ്ങളുമുണ്ടായിരുന്നു. അവരുടെയെല്ലാം പിടിയിൽനിന്നും കൃഷിക്കാർ മോചിതരായത് സഹകരണ സംഘങ്ങൾ ശക്തിപ്പെട്ടതോടുകൂടിയാണ്. എല്ലാ കാര്യങ്ങൾക്കും സഹകരണ സംഘങ്ങളെ അവർക്ക് ആശ്രയിക്കാം. അങ്ങനെയാണ് സഹകരണ സംഘങ്ങൾ നമ്മുടെ നാട്ടിൽ ശരിയായ രീതിയിൽ വേരൂന്നിയത്. അതിന്റെ ഭാഗമായി ഏതെല്ലാം രംഗങ്ങളിലാണ് ഇപ്പോൾ സഹകരണ മേഖല പ്രവർത്തിച്ചുവരുന്നത്. നമ്മുടെ നാട്ടിലെ ഒട്ടേറെ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളെല്ലാം സഹകരണ മേഖലയ്ക്കല്ലാതെ മറ്റൊരു ബാങ്കിന് നടത്താൻ സാധിക്കുമോ? സഹകരണ മേഖലയുടെ പ്രവർത്തനം ഇല്ലാതായാൽ നമ്മുടെ നാട്ടിൽ സംഭവിക്കാൻ പോകുന്നത് ഇന്ന് നടന്നുവരുന്ന ഒട്ടേറെ മേഖലകൾ ഇല്ലാതാകും. വായ്പ കൊടുക്കുക, പലിശയടക്കം തിരിച്ച് വാങ്ങുക എന്നുള്ള നടപടി മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ എന്നു പറഞ്ഞാൽ എങ്ങനെ ശരിയാകും. സഹകരണ സംഘങ്ങൾ കുടുംബശ്രീ ഉൾപ്പെടെ നിരവധി പേർക്ക് നിശ്ചിത നിരക്കിൽ വായ്പകൾ നൽകുന്നുണ്ട്. സഹകരണ സംഘങ്ങൾ കൊടുക്കുന്ന വായ്പകൾ മറ്റേതെങ്കിലും സ്ഥാപനങ്ങൾ കൊടുക്കുമോ? കൃഷിക്കാർക്ക് പലിശരഹിത വായ്പയാണ് കൊടുക്കുന്നത്. മറ്റാർക്കെങ്കിലും ഇതുപോലെ വായ്പ കൊടുക്കാൻ സാധിക്കുമോ? അക്ഷയ സെന്റർ ആരംഭിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ വളരെ പ്രസിദ്ധമായ രീതിയിൽ നടന്ന ഒന്നായിരുന്നു ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി. ഇത്തരം കാര്യങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുന്നത് കേരളത്തിലെ സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും മാത്രമാണ്. ക്ഷേമ

പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ കൊടുക്കേണ്ട കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. എന്നാൽ എങ്ങനെയാണ് അവരുടെ കയ്യിൽ ഇത് എത്തിക്കുന്നതെന്ന പ്രശ്നം വന്നു. പലരും കാശ് വാങ്ങാൻ പോകാൻ ബുദ്ധിമുട്ടുള്ളവരാണ്. അതുകൊണ്ട് സഹകരണ സംഘങ്ങൾ മുഖേന കൊടുക്കാമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും എല്ലാം കൃത്യമായി കൊടുത്തുതീർക്കുകയും ചെയ്തു. ഇതൊക്കെ മറ്റാർക്കെങ്കിലും ചെയ്യാൻ സാധിക്കുമോ? സാമൂഹ്യ പ്രതിബദ്ധതയോടെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ സഹകരണ മേഖലയാണ് ഇന്ന് മുന്നിട്ട് നിൽക്കുന്നത്. നമ്മുടെ നാട്ടിൽ സഹകരണ മേഖലയുടേതായി ധാരാളം പ്രവർത്തനങ്ങൾ നടക്കുകയാണ്. ആ പ്രവർത്തനങ്ങൾ സാമൂഹ്യ പ്രതിബദ്ധതയോടെ ഏറ്റെടുക്കുകയാണ്. അത് മുഴുവൻ ഒഴിവാക്കാൻ പറ്റുന്നതല്ല. കള്ളപ്പണത്തെക്കുറിച്ച് ഒരു തരത്തിലുള്ള ആശങ്കയും ആർക്കും ഉണ്ടാകേണ്ടതില്ല. ആരെങ്കിലും കള്ളപ്പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ എൻഫോഴ്സ്മെന്റിന്റെ ഏത് പരിശോധനയും അവിടെ നടന്നോട്ടെ. എല്ലാത്തിനും സഹകരിക്കാൻ സഹകരണ മേഖല സന്നദ്ധമാണ്. അതിനാവശ്യമായ എല്ലാ ഒത്താശകളും സർക്കാർ ചെയ്തുകൊടുക്കുകയും ചെയ്യും. സർക്കാരും സഹകരണ സ്ഥാപനങ്ങളും അതിനെതിരല്ല. പക്ഷേ ഇല്ലാത്ത ഒരു കാര്യംപറഞ്ഞ് അനാവശ്യമായ ചിത്രീകരണം നടത്തേണ്ടതായിട്ടുണ്ടോ? ഏത് സ്ഥാപനത്തെ കുറിച്ചാണ് സംശയം? അങ്ങനെ സംശയമുള്ള സ്ഥാപനങ്ങൾ പരിശോധിക്കാം, അവിടെ കള്ളപ്പണമുണ്ടോയെന്ന് കണ്ടെത്താം. കള്ളപ്പണക്കാർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ എല്ലാ പിന്തുണയും നൽകും. കള്ളപ്പണത്തിന്റെ പേര് പറഞ്ഞ് സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നിഷേധിക്കുന്നതിനോട് യോജിക്കാനാകില്ല. കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കുകൾക്ക് എല്ലാ സൗകര്യങ്ങളും ലഭിക്കുന്നു. ഒരു സാമ്പത്തിക സ്ഥാപനമെന്നുള്ള നിലയിൽ കേരളത്തിലെ സഹകരണ ബാങ്കുകളേയും കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കുകളെയും താരതമ്യപ്പെടുത്തുകയാണെങ്കിൽ അർബൻ ബാങ്കിന്റെ എത്രയോ മടങ്ങ് വലുതാണ് സഹകരണ ബാങ്കിന്റെ സാമ്പത്തിക ശക്തി എന്നുപറയുന്നത്. അപ്പോൾ അതിന് അനുമതി കൊടുക്കില്ല എന്നുപറഞ്ഞാൽ എങ്ങനെയാണ്. അതുപോലെ ജില്ലാ ബാങ്കുകൾക്ക് അനുമതി കൊടുക്കില്ല എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്? ജില്ലാ ബാങ്കുകളിൽ ചിലതൊക്കെ ഷെഡ്യൂൾഡ് ബാങ്കുപോലെ കരുത്തുള്ളവയാണ്. കേരളത്തിലെ ചില ജില്ലാ ബാങ്കുകളുടെ കണക്കെടുത്ത് പരിശോധിച്ചാൽ അത്രത്തോളം സാമ്പത്തിക

ഭദ്രതയുള്ളതാണെന്ന് കാണാൻ സാധിക്കും. എന്ത് കണക്കിൽപ്പെടുത്തിയിട്ടാണ് അങ്ങനെ ചെയ്യുന്നത്? ഞാനും ധനകാര്യ വകുപ്പുമന്ത്രിയും ചേർന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ ഡൽഹിയിൽ പോയി കാണുകയും ഇക്കാര്യങ്ങളൊക്കെ അദ്ദേഹത്തോട് പറയുകയുമുണ്ടായി. അദ്ദേഹം ഞങ്ങൾക്ക് നല്ല സ്വീകരണമായിരുന്നു നൽകിയത്. അത് ശരിയാണെന്നുള്ള തരത്തിലാണ് അദ്ദേഹം ഞങ്ങളോട് പ്രതികരിച്ചത്. അന്ന് ജില്ലാ ബാങ്കുകൾക്ക് അനുമതിയുണ്ട്. സഹകരണ ബാങ്കുകൾക്കുകൂടി അനുമതി കിട്ടാൻ പോകുകയാണ് എന്ന ധാരണയോടെയാണ് ഞങ്ങൾ തിരിച്ചുപോയത്. എന്നാൽ ഞങ്ങൾ അവിടെ ഇരിക്കുമ്പോൾത്തന്നെ ജില്ലാ ബാങ്കുകൾക്കുള്ള അനുമതി എടുത്തുകളഞ്ഞുവെന്നും സഹകരണ ബാങ്കുകൾക്ക് അനുമതിയില്ല എന്നുമുള്ള വാർത്തയാണ് ഉച്ചയ്ക്കുശേഷം വന്നത്. കേരളത്തിൽനിന്നുള്ള എം.പി.-മാർ ഡൽഹിയിലുണ്ടായിരുന്നു. അവരെ വിളിക്കുകയും അവരുമായി ഞങ്ങൾ സംസാരിക്കുകയുമുണ്ടായി. കേരളത്തിൽ നിന്നുള്ള എം.പി.-മാരെല്ലാവരും പ്രധാനമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും കാണണമെന്ന് തീരുമാനിച്ചു. അങ്ങനെ ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ കാണുകയും ചർച്ച നടത്തുകയുമുണ്ടായി. നല്ല മറുപടിയായിരുന്നു അപ്പോഴും കിട്ടിയിരുന്നത്. ആ മറുപടിയിൽനിന്നും അദ്ദേഹം പിന്നോട്ട് പോയിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിലുള്ളത് പോലുള്ള ഒരു സഹകരണ മേഖലയല്ല കേരളത്തിന്റേതെന്നും ആ പ്രത്യേകതകൾ ഞങ്ങൾ പൂർണ്ണമായും മനസ്സിലാക്കുന്നുവെന്നും ആർ.ബി.ഐ. ഗവർണറുമായി സംസാരിക്കാമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അക്കാര്യം ശ്രീ. എ. കെ. ആന്റണി പിന്നീട് പറയുകയും ചെയ്തു. പക്ഷേ ഒന്നും നടക്കുന്നില്ല. ഇതിന്റെ ഭാഗമായി കേരളത്തിൽനിന്നുള്ള എം.പി.-മാർക്ക് ഇന്ന് രാവിലെ 10.30 മുതൽ 11.30-വരെ പാർലമെന്റിൽ സത്യാഗ്രഹമിരിക്കേണ്ടിവന്നു. ഞങ്ങൾ ഇവിടെ ചർച്ച നടത്തി കൊണ്ടിരിക്കുമ്പോൾ അവർ അവിടെ സത്യാഗ്രഹസമരം നടത്തുകയായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് വൈകുന്നേരം അവർ രാഷ്ട്രപതിയെ കാണാൻ പോകുകയാണ്. ഇക്കാര്യത്തിൽ ഒരു യോജിപ്പ് ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. അത് ശക്തിപ്പെടുത്തിക്കൊണ്ടുവരികയാണ് വേണ്ടത്. ഇക്കാര്യത്തിൽ കക്ഷിരാഷ്ട്രീയം നോക്കേണ്ട കാര്യമില്ല. നമ്മുടെ നാട്ടിലെ സഹകരണ മേഖല ശക്തിപ്പെട്ടുവരണം. നാടിന്റെ ജീവനാഡിയായി മാറിയിട്ടുള്ള സഹകരണ മേഖല തകരാൻ പടില്ല. എന്തിനാണ് ഇക്കാര്യത്തിൽ അനാവശ്യമായ ഭിന്നതയുണ്ടാക്കുന്നത്? പരിണിതപ്രജ്ഞനായ രാഷ്ട്രീയനേതാവ് കൂടിയായ

ശ്രീ. ഒ. രാജഗോപാലിനെ പോലുള്ള ആളുകൾ ഇക്കാര്യങ്ങൾ മനസ്സിലാക്കണം. പഴയ ചില തെറ്റായ നിലപാടുകളുടെ ഭാഗമായി മാറിപ്പോകുന്ന നില സ്വീകരിക്കാൻ പാടില്ല. നമ്മുടെ സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ കഴിയണം. സഹകരണ മേഖലയുടെ പ്രത്യേകതകളെ സംബന്ധിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഏതെങ്കിലും സ്ഥാപനങ്ങളിൽ വഴിവിട്ട് എന്തെങ്കിലും ഉണ്ടെങ്കിൽ ആ നടപടികളെ ആരും ഇവിടെ സംരക്ഷിക്കാൻ പോകുന്നില്ല, അതിനെതിരെ എന്ത് നടപടിയും സ്വീകരിക്കാം, അത് എവിടെയാണെന്ന് പറഞ്ഞാൽ മതിയാകും. സഹകരണ ബാങ്കിൽ ബാങ്കിംഗ് ഇടപാട് വേണോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. അതിന് രാജ്യത്തിനുമുന്നിൽ ഒറ്റക്കെട്ടായി നിന്നുകൊണ്ട് നമുക്ക് അത് നേടിയെടുക്കേണ്ടതായുണ്ട്. ഇന്ന് എല്ലാവരും പത്രത്തിൽ ഒരു വാർത്ത വായിച്ചിട്ടുണ്ടാകും. കണമല സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ച ഓമനക്കുട്ടൻ പിള്ള എന്ന ആൾ സഹകരണ ബാങ്കിനെ സംബന്ധിച്ച കാര്യങ്ങൾ കേട്ടപ്പോൾ വല്ലാത്ത മാനസികാവസ്ഥയിലായി. പണം പിൻവലിക്കാനേ സാധിക്കില്ലെന്ന് അദ്ദേഹം വിചാരിച്ചിട്ടുണ്ടാകും. അദ്ദേഹത്തിന് പണം പിൻവലിക്കാൻ എന്തെങ്കിലും പ്രത്യേക ആവശ്യമുണ്ടാകും. ആ ആവശ്യം നിറവേറ്റാൻ സാധിക്കാത്തതിനാൽ അദ്ദേഹം ജീവനൊടുക്കി. ജീവിതം വഴിമുട്ടിപ്പോയി എന്നുള്ള തോന്നലിന്റെ ഭാഗമായാണ് ഇങ്ങനെ ഉണ്ടാകുന്നത്. എന്തൊരു ദൗർഭാഗ്യകരമായ അവസ്ഥയാണിത്? ഇവിടെ പറയാനുള്ള ഒരു കാര്യം, നമ്മുടെ നാട്ടിലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഇടപാടുകാരായിട്ടുള്ളവർ, പണം നിക്ഷേപിച്ചിട്ടുള്ളവർ തുടങ്ങിയവരൊന്നും ഇത്തരമൊരു അവസ്ഥയിൽ ആശങ്കപ്പെടേണ്ടതായിട്ടില്ല. സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച പണത്തിന്റെ ഒരു ചില്ലിക്കാശുപോലും ആർക്കും നഷ്ടപ്പെടില്ല എന്ന ഗ്യാരന്റി സംസ്ഥാന സർക്കാർ നൽകുകയാണ്. അവിടെയുള്ള പണത്തിന്റെ കാര്യത്തിൽ ഒരു തരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല. ഇത്തരമൊരു സാഹചര്യത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യണമല്ലോ. ഇപ്പോൾ എല്ലാകാര്യങ്ങളും ചെയ്തു. നിയമസഭ കൂടുകയും നമ്മുടെ വികാരങ്ങൾ ഒരുമിച്ച് പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ എല്ലാവരുംകൂടി ഒന്നിച്ചുപോയി പ്രധാനമന്ത്രിയെയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെയുമെല്ലാം കണ്ട് കേരളത്തിന്റെ ആവശ്യം ഉണർത്തിക്കേണ്ടതായിട്ടുണ്ട്. അത്തരമൊരു നിവേദക സംഘം 24-ാം തീയതി പ്രധാനമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും കണ്ട് നമ്മുടെ ആവശ്യം ഉന്നയിക്കാൻ തയ്യാറാകണം. ആ തരത്തിലുള്ളൊരു നിലപാടുകൂടി സ്വീകരിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കേന്ദ്രധനകാര്യ വകുപ്പുമന്ത്രിയെ കണ്ടപ്പോഴുണ്ടായ അനുഭവം ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. കഴിഞ്ഞ ദിവസം ജി.എസ്.ടി. യോഗം കഴിഞ്ഞതിനുശേഷം ഞങ്ങൾ വിശദമായി ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. അരുൺ ജെയ്റ്റ്ലി വളരെ സരസമായി സംഭാഷണം നടത്താൻ താൽപ്പര്യമുള്ള ഒരാളാണ്. ഇക്കാര്യം രാഷ്ട്രീയമൊക്കെ മാറ്റിവച്ച് അനൗപചാരികമായാണ് ചർച്ച ചെയ്തത്. നിങ്ങൾ എന്താണ് ഈ ചെയ്യുന്നതെന്നും ഇങ്ങനെ ചെയ്താൽ എങ്ങനെയാണ് സഹകരണ മേഖല നിലനിൽക്കുകയെന്നും ഞാൻ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. കേരളത്തെക്കുറിച്ചല്ല ആക്ഷേപമെന്നും കേരളം ഇന്ത്യയിലെ ഏറ്റവും സുശക്തമായിട്ടുള്ള സഹകരണ ക്രെഡിറ്റ് മേഖലയാണെന്നും അവിടെയുണ്ടായിരുന്ന ബാക്കി ധനമന്ത്രിമാർ കേൾക്കെ അദ്ദേഹം പറയുകയുണ്ടായി. കണക്ക് നോക്കിയാൽ നമ്മുടെ ഒരു ലക്ഷത്തി ഇരുപത്തിയേഴായിരം കോടി രൂപയെന്നുപറയുന്നത് ഇന്ത്യയിലെ സഹകരണ മേഖലയിൽ സമാഹരിക്കുന്ന തുകയുടെ 53 ശതമാനമാണ്. അതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനമെന്ന് പറയുന്നത്. അതിനാൽ കേരളത്തെക്കുറിച്ചല്ല ആക്ഷേപം. അവിടെയുമിവിടെ യുമൊക്കെ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകും. പക്ഷേ അവിടെ ഉണ്ടായിരുന്ന മറ്റ് മന്ത്രിമാരിൽ ചിലർ നിങ്ങളുടെ നാട്ടിൽ ഇങ്ങനെയില്ലേ എന്നൊക്കെ ചോദിച്ചു. കേരളത്തിന് ആ രീതിയിലുള്ള പരിഗണന നൽകാമെന്നും എന്ത് ചെയ്യാൻ സാധിക്കുമെന്ന് നോക്കാം എന്നുമുള്ള നിലപാടായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. എന്നാൽ അത്തരമൊരു നിലപാടായിരുന്നില്ല റിസർവ് ബാങ്ക് സ്വീകരിക്കുന്നത്. കേരളത്തിലെ ഐക്യജനാധിപത്യമുന്നണിയും ഇടതുപക്ഷ ജനാധിപത്യമുന്നണിയും ബി.ജെ.പി.-യും വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചും ഈ പരിഷ്കാരങ്ങളെക്കുറിച്ചും എടുത്ത ചില നിലപാടുകളുണ്ട്. അതിന്റെ കണക്ക് തീർക്കുന്നതിനുവേണ്ടി ഈ സന്ദർഭം റിസർവ് ബാങ്ക് ഉപയോഗിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ ഉൾപ്പെടെ കേരളത്തിലുള്ളവർ ഒറ്റക്കെട്ടായിനിന്ന് പറയാൻ തയ്യാറായാൽ കേരളത്തിലെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര തീരുമാനത്തിൽ മാറ്റം വരുത്താൻ സാധിക്കും. ഞങ്ങൾ പറഞ്ഞ രാഷ്ട്രീയം ബഹുമാനപ്പെട്ട ഒ. രാജഗോപാലിന് അംഗീകരിക്കാനാവില്ല, അത് സ്വാഭാവികമാണ്.

അതുകൊണ്ട് രാഷ്ട്രീയം മാറ്റി വച്ച് സഹകരണ മേഖലയെക്കുറിച്ച് മാത്രമേ ഞാൻ പറയുന്നുള്ളൂ. സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി മറ്റ് അഭിപ്രായങ്ങളൊക്കെ നിലനിർത്തിക്കൊണ്ടുതന്നെ ബഹുമാനപ്പെട്ട ഒ. രാജഗോപാലിനും യോജിച്ച് നിലപാടെടുക്കാൻ പറ്റുന്ന ഒരു തലമുണ്ട്. പക്ഷേ അങ്ങേയ്ക്ക് അതിന്റെ അപകടം മനസ്സിലാകുന്നില്ല. അതുകൊണ്ട് കൃത്യമായി ഞാൻ എണ്ണിപ്പറയാം. അങ്ങേയ്ക്ക് എന്ത് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും പറഞ്ഞാൽ മതി. ഒന്നാമത്തേത്, കേരളത്തിലെ ജനങ്ങൾ സഹകരണ ബാങ്കുകളിൽ ഒരു ലക്ഷത്തിൽപ്പരം കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. അതുമുഴുവൻ ആദ്യമേതന്നെ നിക്ഷേപിച്ചതാണെന്ന് ധരിക്കണ്ട. നിങ്ങൾ ബാങ്കിൽനിന്ന് വായ്പ എടുക്കുമ്പോൾ നിങ്ങളുടെ പേരിൽ അവിടെ ഡെപ്പോസിറ്റുണ്ടാകും. അതുൾപ്പെടെയുള്ള തുകയാണ്. 25,000 രൂപ പോലും ആഴ്ചയിലൊരിക്കൽ പിൻവലിക്കാനുള്ള അവകാശം സഹകരണ ബാങ്കുകൾക്ക് നൽകുന്നില്ല. ബാക്കിയെല്ലാ വാണിജ്യ ബാങ്കുകൾക്കും അതിനുള്ള അവകാശമുണ്ട്. ഈ അവകാശം സഹകരണ മേഖലയിലെ ബാങ്കുകൾക്ക് നൽകിയാൽ എന്താണ് സംഭവിക്കുന്നത്? പ്രധാനമന്ത്രിപോലും ആവശ്യപ്പെട്ടത് 50 ദിവസമല്ലേ. ഒരു കള്ളപ്പണക്കാരൻ നികുതിവെട്ടിച്ച പണം ഒന്നോ രണ്ടോ കോടി അവിടെ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽപ്പോലും ആഴ്ചയിൽ 24,000 രൂപ വച്ച് പിൻവലിച്ചാൽ എത്ര ലക്ഷം രൂപയാണ് പിൻവലിക്കാൻ സാധിക്കുന്നത്. പിൻവലിച്ചാലും അതിന്റെ കണക്കെല്ലാം അവിടെ കാണുമല്ലോ. കള്ളപ്പണം തടയാൻവേണ്ടി സഹകരണ ബാങ്കുകളിൽനിന്ന് 24,000 രൂപപോലും പിൻവലിക്കാനുള്ള അവകാശം നിഷേധിക്കുന്നത് എന്തിനാണെന്ന് അങ്ങ് പറയണം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇത്തരം കാര്യങ്ങളിൽ ബന്ധപ്പെട്ട ആളുകൾ പ്രായോഗികമായ പോയിന്റുകൾ ചൂണ്ടിക്കാട്ടി ഫോർമൽ ഡിസ്കഷൻ നടത്തി അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയല്ലേ വേണ്ടത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞതും. കക്ഷി രാഷ്ട്രീയത്തിനതീതമായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കാൻ കഴിയും. രണ്ടാമത്, 24,000 രൂപപോലും പിൻവലിക്കാൻ കഴിയാതെ വന്നപ്പോൾ ഒരു ഹതഭാഗ്യന് ആത്മഹത്യ ചെയ്യേണ്ടിവന്നു. എത്ര പേരാണ് ഇങ്ങനെ വിഷമിച്ച് നടക്കുന്നതെന്ന് നമുക്കറിയില്ല. ഈ സന്ദർഭത്തിലാണ് കേരളത്തിലെ വാണിജ്യ ബാങ്കുകൾ എന്ന ഇടനിലക്കാർ അവരെ സമീപിക്കുന്നത്. അവർ പറയുന്നത് പണം അവരുടെ

ബാങ്കിലേയ്ക്ക് മാറ്റിയാൽ 24,000 രൂപവച്ച് പിൻവലിക്കാം, ഞങ്ങൾക്ക് കോർബാങ്കിംഗ് ഉള്ളതിനാൽ ഏത് ബാങ്കിലേയ്ക്കും പണം മാറ്റിത്തരാം, പണമായി പിൻവലിക്കാൻ പറ്റിയില്ലെങ്കിലും ഡ്രാഫ്റ്റ് എടുത്ത് വേറൊരു ബാങ്കിൽ അക്കൗണ്ട് ആരംഭിക്കാം എന്നാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വാണിജ്യ ബാങ്കുകളിൽ അക്കൗണ്ടുണ്ട്. ഈ അക്കൗണ്ട് വഴി മാറ്റിയിട്ടാൽ മതിയെന്നാണ് പറയുന്നത്. ഈ പ്രക്രിയയാണ് നടന്നുകൊണ്ടിരിക്കുന്നത്. വാണിജ്യ ബാങ്കുകളിലാകെയുള്ളത് 3,70,000 കോടി രൂപയാണ്. 1,30,000 കോടി രൂപ നമ്മുടെ സഹകരണ ബാങ്കുകളിൽ ഡെപ്പോസിറ്റുണ്ട്. അവിടെയുള്ള കള്ളപ്പണത്തിന്റെ അത്രയൊന്നും സഹകരണ ബാങ്കുകളിലുണ്ടാകില്ല. ഇവിടെ സഹകരണ ബാങ്കുകളുടെ കൈ കെട്ടിയിട്ട് ഒരു രൂപപോലും എടുക്കാൻ കഴിയില്ലെന്നു പറഞ്ഞിട്ട് 24,000 രൂപയെങ്കിലും കിട്ടണമെന്നുണ്ടെങ്കിൽ വാണിജ്യ ബാങ്കിലേയ്ക്ക് അക്കൗണ്ട് മാറ്റണം, അതിനായി പണം പിൻവലിക്കേണ്ട ആവശ്യമില്ല, ഡ്രാഫ്റ്റ് എടുത്താൽ മതി അല്ലെങ്കിൽ നിങ്ങൾക്ക് ബന്ധമുള്ള ബാങ്കിലെ അക്കൗണ്ട് വഴിയാകാമെന്ന് പറയുകയാണ്. കേന്ദ്ര സർക്കാർ പറയുന്നില്ല. പക്ഷേ ഈ പ്രവർത്തനം കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനുമൊക്കെ നൽകുന്നതിന് തടസ്സമുണ്ടോ; ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ അഭിപ്രായം എന്താണ് ?

ഡോ. ടി. എം. തോമസ് ഐസക് : അതുസംബന്ധിച്ച് യാതൊരു പ്രശ്നവുമില്ല, അതിനെക്കുറിച്ച് വേവലാതിപ്പെടണ്ട. പണം പിൻവലിക്കാൻ വരുന്നവർക്ക് ഡെപ്പോസിറ്റ് നഷ്ടപ്പെടുമെന്ന് കരുതി ബാങ്കുകൾ പണം നൽകാതിരിക്കരുത്. ഇങ്ങനെ കൊടുക്കാനുള്ള പണം സഹകരണ ബാങ്കുകളിലുണ്ട്. 1,20,000 കോടി രൂപ ഡെപ്പോസിറ്റുള്ളതിൽ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 70 ആണെങ്കിൽ ബാക്കിയുള്ള ഏകദേശം 40,000 കോടി രൂപ വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിൽ അല്ലെങ്കിൽ അപ്പെക്സ് ബോർഡിൽ ഇട്ടിരിക്കുകയാണ് എന്നാണ് അർത്ഥം. നിക്ഷേപകർ ആവശ്യപ്പെട്ടാൽ പണം നൽകാൻ കഴിയാത്ത സാഹചര്യം സഹകരണ ബാങ്കുകൾക്കില്ല. 40,000 കോടി രൂപ മിച്ചമുള്ള ബാങ്കുകളാണ്. ഇത്രയും കോടി രൂപ വാണിജ്യ ബാങ്കിലും ജില്ലാ ബാങ്കിലും നിക്ഷേപമായുള്ളപ്പോൾ 24,000 രൂപ മാത്രമാണ് ഒരു ബാങ്കിന് ഒരാഴ്ച പിൻവലിക്കാൻ അനുവദിച്ചിരിക്കുന്നത്. ശ്രീ. ഒ. രാജഗോപാൽ, ഇത് ന്യായമാണോയെന്ന് അങ്ങ് പറയണം. ഇവിടെ ഒരു വശത്ത് ഡെപ്പോസിറ്റുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കിട്ടാനുള്ള 40,000 കോടി രൂപയിൽനിന്ന് ആഴ്ചയിൽ 24,000 രൂപ ബാങ്കിന് പിൻവലിക്കാമെന്നും പറയുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളെക്കുറിച്ചും അറിവുള്ള ആളാണ്. ഈ പ്രായോഗിക കാര്യം ഒരു പൊളിറ്റിക്കൽ ഇഷ്യൂ അല്ലാതെ പ്രാക്ടിക്കൽ ഇഷ്യൂ എന്ന നിലയിൽ നിങ്ങളൊരു ഡെലിഗേഷനായി പോയി ഈ ബുദ്ധിമുട്ടുകൾ അവരോട് ചൂണ്ടിക്കാണിക്കാത്തത് എന്തുകൊണ്ടാണ്? എത്രയോ റിലാക്സേഷൻസ് അനുവദിക്കുന്നുണ്ടല്ലോ.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇത് രണ്ടാമതാണ് അദ്ദേഹം ഇങ്ങനെ ചോദിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. നമ്മൾ ആദ്യം എന്തോ പ്രക്ഷോഭത്തിലേയ്ക്ക് പോയി എന്നുള്ള രീതിയിലാണ് അദ്ദേഹം കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഈ വിഷയമുണ്ടായ ഉടൻതന്നെയാണ് ധനകാര്യ വകുപ്പുമന്ത്രിയും ഞാനുംകൂടി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണുന്നത്. ഏതെങ്കിലുമൊരു സ്ഥലത്തുനിന്ന് ഇറങ്ങിവരുമ്പോൾ കണ്ടതല്ല. അദ്ദേഹം പറഞ്ഞതുപോലെ ഇരുന്നുതന്നെയാണ് കാര്യങ്ങൾ ചർച്ച ചെയ്തത്. ഈ പറഞ്ഞ പ്രശ്നങ്ങളൊക്കെ ഉന്നയിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണവും ഞാൻ നേരത്തെ പറഞ്ഞിരുന്നു. അതിനെതിരെയുള്ള നടപടികളാണ് പിന്നെ ഉണ്ടായത്. അതാണ് പ്രശ്നം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അടുത്ത പോയിന്റ്, സഹകരണ ബാങ്കുകളുടെ കൈയും കാലും കെട്ടിയിട്ടിരിക്കുകയാണ്. 40,000 കോടി രൂപ എടുക്കുന്നതിന് ഒരു വഴിയുമില്ല. ആളുകൾ പിന്നിൽക്കൂടി തുക പിൻവലിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ ആധിപിടിച്ച് ആത്മഹത്യചെയ്യുകയും പരിഭ്രാന്തി പടരുകയും ചെയ്യുന്നു. രണ്ടാഴ്ച കഴിഞ്ഞ് എല്ലാ നിയന്ത്രണങ്ങളും നീക്കി നിങ്ങൾക്ക് സ്വതന്ത്രമായി തുക പിൻവലിക്കാമെന്ന് പറഞ്ഞാൽ ഈ ഡെപ്പോസിറ്റുകൾ എങ്ങനെയെങ്കിലും പിൻവലിക്കാനായി run on the bank ആണ്. കൊടുക്കാനുള്ള ബാധ്യതകൾ 1,20,000 കോടി രൂപയുള്ളതിൽ 80,000 കോടി രൂപ വായ്പ കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് എല്ലാ ബാധ്യതയും തീർക്കാൻ കഴിയില്ല; അങ്ങനെവന്നാൽ ബാങ്കിന് നിലനിൽക്കാൻ സാധിക്കുമോ? കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുള്ള നീക്കമാണ് നടക്കുന്നത് എന്നേ ഞാൻ പറയുകയുള്ളൂ. അതുകൊണ്ടാണ് ആത്മാഭിമാനമുള്ള മലയാളികൾ മുഴുവൻ ഒരുമിച്ച് നിൽക്കണമെന്ന് ഞാൻ പറഞ്ഞത്. "കേരളമെന്ന് കേട്ടാൽ തിളയ്ക്കണം ചോര ഞരമ്പുകളിൽ, ഭാരതമെന്നുകേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം." ദേശീയതയിലും രാജ്യസ്നേഹത്തിലും ഇതുരണ്ടുമുണ്ട്.

ശ്രീ. ഒ. രാജഗോപാൽ: സർ, പ്രധാനമന്ത്രിയെയും അദ്ദേഹത്തിന്റെ നയങ്ങളെയും വ്യാപകമായി എതിർക്കാൻവേണ്ടി മാത്രം നമ്മൾ ഇത്രയും സമയം ചെലവഴിച്ച സാഹചര്യത്തിൽ കൂട്ടായി പോവുകയെന്നുള്ളത് പ്രായോഗികമല്ല, നടക്കാൻ പോകുന്നതുമല്ല. അത് രാഷ്ട്രീയമായി മാത്രമേ കാണാൻ കഴിയൂ. നേരെമറിച്ച് ഇവിടെ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ ഉയർന്നുവന്ന പ്രായോഗിക പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റിൽ പറഞ്ഞ് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നമുക്ക് മനസ്സിലാക്കാൻ കഴിയണം. രാജ്യസ്നേഹവും ദേശസ്നേഹവുമെന്ന് പറയുമ്പോൾ കേരളവുമുണ്ട്, ഭാരതവുമുണ്ട്. കേരളത്തിലെ ജനങ്ങളുടെ ജീവനാഡിയായിട്ടുള്ള സഹകരണ പ്രസ്ഥാനമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഇവിടെ 47 ലക്ഷം പേർക്ക് പെൻഷൻ നൽകണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പെൻഷൻ ബാങ്ക് വഴിയാക്കി, അത് രാഷ്ട്രത്തിന്റെ നയം. അതിനെ കേരളത്തിന് എതിർക്കേണ്ട കാര്യമില്ല. ബാങ്കുവഴി പെൻഷൻ നൽകുന്നതാണ് ഏറ്റവും സുരക്ഷിതം. പക്ഷേ, തെരഞ്ഞെടുപ്പ് കാലത്ത് ഞാൻ പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം എൽ.ഡി.എഫ്. വന്നാൽ പെൻഷൻ വീട്ടിൽ കൊണ്ടുവന്ന് തരുമെന്ന് പറഞ്ഞപ്പോൾ നല്ല കയ്യടിയായിരുന്നു. ബാങ്കിൽ ആയിരം രൂപ വീതം പിൻവലിക്കാൻ നൂറുകണക്കിന് ആളുകൾ വരുമ്പോൾ മറ്റുള്ള ആളുകൾക്ക് ശല്യമാവുകയാണ്. മാത്രമല്ല, അതിന്റെ ചെലവെന്താണ്. അതിനെല്ലാം കേരളം കണ്ട മാർഗ്ഗം സഹകരണ പ്രസ്ഥാനമാണ്. സഹകരണ മേഖലയിൽ 21 ലക്ഷം അക്കൗണ്ടുകളും നാട്ടിലാകെ ബന്ധങ്ങളുമുണ്ട്. എന്നെ അത്ഭുതപ്പെടുത്തുന്ന കാര്യം രണ്ടാഴ്ചയേ സമയമെടുത്തുള്ളൂ എന്നുള്ളതാണ്. രണ്ടാഴ്ച കൊണ്ട് ജില്ലാ ബാങ്ക് പ്രസിഡന്റുമാരുടെ യോഗം വിളിച്ചു. യു.ഡി.എഫ്.-നാണ് സ്വാധീനം കൂടുതലുള്ളതെങ്കിലും ഇതിന് പ്രയാസവും തടസ്സവുമുണ്ടായില്ല. രണ്ടാഴ്ച കൊണ്ട് പണം വിതരണം ചെയ്തു. അതാണ് സഹകരണ പ്രസ്ഥാനത്തിന്റെ ശേഷി, റീച്ച് എന്നുപറയുന്നത്. സഹകരണ മേഖല സംരക്ഷിക്കുന്നതിന്, ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ജില്ലാ ബാങ്ക് പ്രസിഡന്റുമാരുമായി ചർച്ച നടത്തുകയും പ്രതിപക്ഷം ചില നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്തിട്ടുണ്ട്. നമ്മൾ കൂട്ടായി ആലോചിക്കണം. കേന്ദ്ര സർക്കാരിന്റെ വിവേചനപരമായ നീക്കങ്ങളും നടപടികളും പിൻവലിപ്പിക്കാനുള്ള പരിശ്രമത്തോടൊപ്പംതന്നെ ഇന്നത്തെ സ്തംഭനാവസ്ഥ തുടരാൻ പറ്റുമോ? അതിന് പ്രതിപക്ഷത്തുനിന്നുള്ള നിർദ്ദേശങ്ങളും ജില്ലാ ബാങ്ക് പ്രസിഡന്റുമാർ നൽകുന്ന നിർദ്ദേശങ്ങളുമെല്ലാം നോക്കി നമുക്കൊരു നിലപാട് സ്വീകരിക്കേണ്ടിവരും. പ്രാഥമിക സഹകരണ ബാങ്കുകളിൽ അക്കൗണ്ട്

ഉണ്ടെങ്കിലും ആളുകൾക്ക് സാധനങ്ങൾ വാങ്ങുന്നതിനും കല്ല്യാണാവശ്യങ്ങൾക്കും ആശുപത്രി ആവശ്യങ്ങൾക്കും പണം പിൻവലിക്കാൻ കഴിയുന്നില്ല. ചെക്ക് നൽകിയാൽ പ്രാഥമിക സഹകരണ സംഘത്തിന്റെ നിർദ്ദേശപ്രകാരം ഗ്യാരന്റിയെന്നൊക്കെയാണ് പറഞ്ഞതെങ്കിലും അതിന്റെ ആവശ്യമില്ലെന്നാണ് ജില്ലാ ബാങ്ക് പ്രസിഡന്റുമാർ പറയുന്നത്. അത്തരത്തിൽ ചെക്ക് ആശുപത്രികൾക്കോ സ്ഥാപനങ്ങൾക്കോ നൽകാൻ കഴിയും. കാരണം സഹകരണ മേഖലയിൽ അക്കൗണ്ടുണ്ട്. കോർ ബാങ്കിംഗ് ആയതുകൊണ്ട് പണമായി കൊടുക്കാതെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ കഴിയും. ഇവിടെയാര് സഹകരണ സംഘങ്ങളെ തകർക്കാൻ ശ്രമിച്ചാലും കേരളം ഒറ്റക്കെട്ടായി സംരക്ഷിക്കുകയും ബദൽ സംവിധാനങ്ങളുണ്ടാക്കുകയും ചെയ്യും. ഈ ആത്മവിശ്വാസം നാട്ടിലെ ജനങ്ങൾക്ക് കൊടുക്കാൻ കഴിയണം. ഇത് തകരാൻ പോകുന്ന പ്രസ്ഥാനമല്ല. ആര് ശ്രമിച്ചാലും കേരളത്തിൽ രാഷ്ട്രീയത്തിനതീതമായി സഹകരണ പ്രസ്ഥാനത്തെ സ്നേഹിക്കുന്ന മുഴുവൻപേരും ഒന്നിച്ചുനിന്ന് അതിനെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകതന്നെചെയ്യുമെന്ന് നമുക്ക് പറയാൻ കഴിയണം. കേരളത്തിന് വികസനത്തിന്റെ സാധ്യതകളും ക്ഷേമ പ്രവർത്തനങ്ങളുമുണ്ട്. അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച് കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതിനെക്കുറിച്ചും എങ്ങനെയാണ് ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കിയതെന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. സഹകരണ പ്രസ്ഥാനമല്ലാതെ ഒരു ബാങ്കും ആ പദ്ധതി നടപ്പിലാക്കാൻ തയ്യാറല്ലായിരുന്നു. ഇന്നത്തെ സ്ഥിതിവിശേഷം എന്താണ്? കേരളവുമായി ജൈവബന്ധമുള്ള എസ്.ബി.ടി. ഉൾപ്പെടെയുള്ള മുഴുവൻ ബാങ്കുകളും മറ്റ് ആളുകൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. നാടുമായി ബന്ധം, മമത, സ്നേഹം ഒക്കെയുള്ള ധനകാര്യസ്ഥാപനം സഹകരണപ്രസ്ഥാനം മാത്രമാണ്. 40,000 കോടി രൂപ ഇന്ന് പലിശയ്ക്ക് മറ്റ് ബാങ്കുകൾക്ക് നൽകിയിരിക്കുന്നു, അതുവേണ്ട. പാർപ്പിട പദ്ധതിക്ക് പഞ്ചായത്തുകൾക്ക് വായ്പ നൽകുകയോ, കിഫ്ബി ബോണ്ടുകൾ വാങ്ങുകയോ ചെയ്യാം. അങ്ങനെ 40,000 കോടി രൂപ കേരളത്തിന്റെ വികസനത്തിന് ഉപയോഗിക്കാമല്ലോ. സർക്കാരിന്റെ നിയമങ്ങൾ ലംഘിക്കാതെ ജനങ്ങളുടെ ക്ഷേമത്തിനുമാത്രമല്ല, നാടിന്റെ വികസനത്തിന് പങ്ക് വഹിക്കാൻ പറ്റുന്ന സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി രാഷ്ട്രീയത്തിനതീതമായി സഭയ്ക്ക് യോജിക്കാൻ കഴിയണം. രാഷ്ട്രീയ നിലപാടുകൾ മാറ്റിവയ്ക്കാതെ, സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിന് ഒരുമിച്ച് ഒരു നിലപാട് സ്വീകരിക്കാൻ കഴിയണമെന്ന് ബഹുമാനപ്പെട്ട നേമം മെമ്പർ ഒ. രാജഗോപാൽ സാറിനോട് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

## III ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "കേന്ദ്ര സർക്കാർ 2016 നവംബർ 8-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ 500, 1000 രൂപയുടെ നോട്ടുകൾക്ക് നിയമ പ്രാബല്യം ഇല്ലാതായതിനെത്തുടർന്ന്, സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെയും, പ്രാഥമിക വായ്പാസഹകരണ സംഘങ്ങളെയും പണമിടപാടുകളിൽനിന്ന് പൂർണ്ണമായും ഒഴിവാക്കുന്ന ഒരു അവസ്ഥയാണ് സംജാതമായിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തികച്ചും ആകസ്മികമായ ഈ നയം കേരളത്തിലെ സഹകരണ മേഖലയെ തകർക്കുകയും സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയും ചെയ്തിരിക്കുന്നു.

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ, സമസ്ത മേഖലയെയും സ്പർശിക്കുന്നതും രാജ്യത്തിനുതന്നെ മാതൃകയുമാണ്. ഇന്ത്യയിൽ സഹകരണ ബാങ്കിംഗ് രംഗത്ത് സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ അറുപതു ശതമാനത്തോളം കേരളത്തിന്റെ വിഹിതമാണ്. കൂടാതെ കേരളത്തിലെ സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകളിൽ 3.51 കോടി അക്കൗണ്ടുകളും 1.27 ലക്ഷം കോടി രൂപയുടെ നിക്ഷേപവും ഒരു ലക്ഷം കോടി രൂപയുടെ വായ്പയും നിലവിലുണ്ട്. അതോടൊപ്പം നഗര-ഗ്രാമ വ്യത്യാസമില്ലാതെ സമസ്ത ജനവിഭാഗങ്ങളുടെയും സാമ്പത്തിക ക്രയവിക്രയങ്ങളുടെ ജീവനാഡി കൂടിയാണ് സഹകരണ പ്രസ്ഥാനം. സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപത്തിൽ ഒരു പൈസ പോലും നഷ്ടപ്പെടില്ല എന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകിയ മറുപടി സഹകരണ മേഖലയുടെ വിശ്വാസ്യത ഒന്നുകൂടി ഉയർത്തുമെന്ന് ഈ സഭ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

ലോകശ്രദ്ധ നേടിയ കേരള വികസന മാതൃകയുടെ ശക്തിസ്രോതസ്സുകളിൽ ഒന്നായ സംസ്ഥാന സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്നതും കേരള സംസ്ഥാനത്ത് സാമ്പത്തിക അരാജകത്വവും അസ്വസ്ഥതയും സൃഷ്ടിക്കുന്നതും ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതി നിഷേധിക്കുന്നതുമായ നടപടികൾ കേന്ദ്ര സർക്കാർ അടിയന്തരമായി പിൻവലിക്കണമെന്നും 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾ നേടിയെടുത്ത അംഗീകാരവും ആധികാരികതയും പൂർണ്ണമായി ഉൾക്കൊള്ളണമെന്നും അസാധുവാക്കപ്പെട്ട നോട്ടുകൾ നിക്ഷേപമായി സ്വീകരിക്കുന്നതിനും ആവശ്യാനുസരണം മാറ്റിയെടുക്കുന്നതിനും ദേശസാൽകൃത മറ്റ് വാണിജ്യ ബാങ്കുകൾക്ക് അനുവദിച്ചതു പോലെയുള്ള അനുവാദം വേർതിരിവില്ലാതെ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും നൽകണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തിന്മേൽ ബഹുമാനപ്പെട്ട അംഗം ഒ. രാജഗോപാൽ ഭേദഗതി നോട്ടീസ് നൽകിയിട്ടുണ്ട്.

## IV ക്രമപ്രശ്നം

### ശ്രീ. ഒ. രാജഗോപാൽ നൽകിയ ഭേദഗതി നോട്ടീസ് പിൻവലിക്കുന്നത് സംബന്ധിച്ച്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്) : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 275 പ്രകാരമാണ് ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നത്. അവസാന ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കേന്ദ്രം എടുത്ത നടപടി പിൻവലിക്കണമെന്നും വാണിജ്യ ബാങ്കുകൾക്കും ദേശസാൽകൃത ബാങ്കുകൾക്കും അനുവദിച്ചിട്ടുള്ള നോട്ടുകൾ മാറിയെടുക്കാനും നിക്ഷേപം സ്വീകരിക്കാനുമുള്ള അനുവാദം സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും നൽകണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയത്തിന്റെ ഓപ്പറേറ്റീവ് പാർട്ട്. ബഹുമാന്യനായ ഒ. രാജഗോപാൽ നൽകിയിരിക്കുന്ന നോട്ടീസ് ഈ മൂന്നാം ഖണ്ഡിക പൂർണ്ണമായും ഒഴിവാക്കണമെന്നാണ്. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങുകയോ എതിർക്കുകയോ നിഷ്പക്ഷത പാലിക്കുകയോ ചെയ്യാം. പക്ഷേ ആ പ്രമേയത്തിന് നിഷേധ വോട്ട് രൂപത്തിലുള്ള ഒരു അമെന്റ്മെന്റ് പാടില്ല എന്നാണ് ചട്ടം 278 (2) പറയുന്നത്. An amendment shall not be moved which has merely the effect of a negative vote. ബഹുമാന്യനായ അംഗം ശ്രീ. ഒ. രാജഗോപാൽ നോട്ടീസ് തന്നിരിക്കുന്ന ഭേദഗതി പരിപൂർണ്ണമായും ഒരു നെഗറ്റീവ് വോട്ടിന്റെ ഇഫക്ട് മാത്രമാണ്. ചട്ട പ്രകാരമുള്ളതല്ല. അതുകൊണ്ട് അത് അവതരിപ്പിക്കാൻ അങ്ങ് അനുമതി നൽകരുത് എന്നതാണ് എന്റെ ക്രമപ്രശ്നം.

## V റൂളിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ചട്ടം 278(2) പ്രകാരം നിഷേധ വോട്ടിന്റെ ഫലം മാത്രമുള്ള ഭേദഗതി അവതരിപ്പിക്കാൻ പാടില്ലാത്തതാകുന്നു എന്നാണ്. ഇവിടെ അവതരിപ്പിക്കപ്പെട്ട ഉപക്ഷേപത്തിലെ ഏറ്റവും പ്രധാനപ്പെട്ട സബ്മിഷനാണ് ഡിലീറ്റ് ചെയ്യാൻ അങ്ങ് ആവശ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അങ്ങേയ്ക്ക് ഈ ഭേദഗതി അവതരിപ്പിക്കാൻ അനുവാദം നൽകാൻ നിർവ്വാഹമില്ല എന്ന് ചെയർ അറിയിക്കുകയാണ്.

ഉപക്ഷേപം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

(ശ്രീ. ഒ. രാജഗോപാൽ എം.എൽ.എ., ഉപക്ഷേപത്തെ പ്രതികൂലിച്ചു)

## VI പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u> : സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയം സഭ അംഗീകരിക്കുന്നു.

ഓർഡർ.... ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 1.14-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)